# നിറപറ

**പ്രൊഫ. എം. വൈ. യോഹന്നാൻ**

: Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

# നിറപറ

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS

EDAPPALLY

●

*copy right reserved*

●

## അവതാരിക

എന്റെ ആത്മീയ ഗുരുവായ പ്രൊഫ. എം.വൈ. യോഹന്നാൻ സാർ എഴുതിയ എട്ടാമത്തെ പുസ്തകമായ 'നിറപറ'യ്ക്ക് അവതാരിക എഴുതണമെന്ന് സാർ പറഞ്ഞത്, അതിനുള്ള യോഗ്യത ഇല്ലെങ്കിലും അനുസരിച്ച് ഇത് എന്റെ ജീവിതത്തിലെ ഒരു മഹാഭാഗ്യമായി കരുതി ദൈവകൃപയിൽ ആശ്രയിച്ച് അത് നിർവ്വഹിക്കുവാൻ ശ്രമിക്കട്ടെ.

1978-ൽ എന്റെ മുപ്പതാമത്തെ വയസ്സിൽ യോഹന്നാൻ സാറിന്റെ ഭവനത്തിൽ നടക്കുന്ന ഒരു യോഗത്തിൽ ഞാൻ ആദ്യമായി സാറിന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മ പ്രേരണയാൽ ഞാൻ യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അക്കാലത്ത് കോലഞ്ചേരി പ്രദേശത്ത് ആഴ്ചയിൽ അഞ്ചു ദിവസങ്ങളിൽ പ്രാർത്ഥനായോഗങ്ങൾ ഉണ്ടെന്നറിഞ്ഞ് കോലഞ്ചേരി പ്രദേശത്തു വന്നു താമസിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയും 1982-ൽ ദൈവം അതു സാധിപ്പിച്ചു തരുകയും ചെയ്തു. ജൻമദേശത്തേയും ചാർച്ചക്കാരെയും വിട്ട് ഈ ദേശത്തേയ്ക്കു വന്നത് എന്റെ വലിയ ഭാഗ്യമായിപ്പോയി. പിതാവില്ലാത്ത എനിക്ക് ആത്മീയ പിതാവിനെയും അനേകം ആത്മീയ സഹോദരൻമാരെയും സഹോദരികളെയും സ്നേഹിതൻമാ

രെയും ലഭിച്ചു. കോലഞ്ചേരി ക്രിസ്ത്യൻ റിവൈവൽ ഫെലോഷിപ്പിൽ ചേർന്നുനിന്ന എന്നെയും എന്റെ കൊച്ചു കുടുംബത്തെയും കർത്താവ് വളരെയധികം അനുഗ്രഹിച്ചു. ഈ അനുഗൃഹീത കൂട്ടായ്മയിൽ ചേർന്നുനിന്ന് ഈ കർത്തൃദാസന്റെ ഒരു എളിയ ശിഷ്യനായി അവസാനത്തോളം കർത്താവിന്റെ വേല ചെയ്യാൻ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യൗവ്വനാരംഭത്തിൽതന്നെ രക്ഷയുടെ അനുഭവത്തിലേയ്ക്കു കടന്നു വരാൻ കൃപ ലഭിച്ച അനുഗൃഹീത വ്യക്തിയാണ് ഗ്രന്ഥകാരൻ. ഋഷി തുല്യമായ ജീവിതനിഷ്ഠയും ആഴമേറിയ വേദപരിജ്ഞാനവും സുവിശേഷ പ്രചാരണ തീക്ഷ്ണതയും കൊണ്ട് പക്വതയാർജ്ജിച്ച ഈ ദൈവദാസന്റെ പരിശുദ്ധാത്മ നിറവുള്ള പതിനൊന്നു സന്ദേശങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അതുകൊണ്ടുതന്നെ ഈ സന്ദേശങ്ങളുടെ പ്രസക്തി ഈ തലമുറയിൽ മാത്രം ഒതുങ്ങിനില്ക്കുകയില്ല എന്നുറപ്പാണ്. ഈ ആത്മീയ സന്ദേശങ്ങൾ വരും തലമുറയ്ക്ക് നഷ്ടമായി പോകരുത് എന്ന ശ്രോതാക്കളുടെ തീവ്രമായ താല്പര്യമാണ് ഇവ പുസ്തക രൂപത്തിലാക്കുന്നതിന്റെ പിന്നിലെ പ്രേരകശക്തി.

ക്രിസ്ത്യൻ റിവൈവൽ ഫെലോഷിപ്പിന്റെ സ്ഥാപക നേതാവായ ഗ്രന്ഥകാരൻ കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി സുവിശേഷത്തിന്റെ വിവിധ മേഖലകളിൽ വ്യാപൃതനായി സഭാഭേദമോ സമുദായ വ്യത്യാസമോ കൂടാതെ അനേകായിരങ്ങളെ ആത്മീയ പരിജ്ഞാനത്തിലേയ്ക്കും ദൈവീക സമാധാനത്തിലേയ്ക്കും ആത്മീയ ശാരീരിക സൗഖ്യത്തിലേയ്ക്കും വഴി നടത്തിക്കൊണ്ടിരിക്കുന്നു. “സമുദായമല്ല മാറേണ്ടത്, ഹൃദയമാണ് മാറേണ്ടത്” എന്ന ഉത്കൃഷ്ടമായ ആശയത്തിന്റെ വക്താവും പ്രയോക്താവും ആയ ഗ്രന്ഥകാരൻ താൻ

നില്ക്കുന്ന സഭയിലെ ആദ്യകാല വിശുദ്ധൻമാർ പാലിച്ച് ഏല്പിച്ചുതന്ന വിശുദ്ധിയുടെ പാരമ്പര്യത്തിലേയ്ക്ക് മടങ്ങി പ്പോകണമെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്ന സഭാഭക്തൻ, 'ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല' എന്ന് ഉല്ലേഖനം ചെയ്ത വിശുദ്ധിയുടെ വെള്ളക്കൊടി ഉയർത്തിപ്പിടിച്ചുകൊണ്ട് സത്യസുവിശേഷത്തെ ശരിയായി പഠിപ്പിക്കുന്ന ശ്രേഷ്ഠഗുരു, അമൃതധാര റേഡിയോ, റ്റി.വി പ്രഭാഷണങ്ങളിലൂടെ സുവിശേഷ ദൗത്യം ലോകമെമ്പാടും എത്തിച്ചുകൊടുക്കാൻ വെമ്പൽ കൊള്ളുന്ന കർത്താവിന്റെ ഉത്തമ സാക്ഷി, ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശക ങ്ങളിൽ കേരളത്തിൽ രൂപം കൊണ്ട ആത്മീയ ഉണർവ്വിന്റെ മുന്നണിപ്പോരാളി - എന്റെ മനസ്സിൽ തെളിയുന്ന യോഹ ന്നാൻ സാറിന്റെ ചിത്രം ഇതൊക്കെയാണ്. പണ്ഡിത പാമര ഭേദമെന്യേ ഏതു തരത്തിൽപെട്ട അനുവാചകർക്കും ഗ്രഹി ക്കുവാൻ പര്യാപ്തമായ വിധത്തിൽ ലളിത മനോഹരമായ ഭാഷാശൈലിയാണ് ഗ്രന്ഥകാരന്റേത് എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രേ.

ദൈവരാജ്യം, ഒരു മനുഷ്യൻ തന്റെ തോട്ടത്തിൽ ഇട്ട കടു കുമണിയോടു സദൃശം. അതു വളർന്നു വൃക്ഷമായി, ആകാ ശത്തിലെ പക്ഷികളും വന്നു അതിന്റെ കൊമ്പുകളിൽ വസി ച്ചു. (ലൂക്കോ. 13:19) ഈ തലമുറയിൽ പരിശുദ്ധാത്മാവ് ഏറ്റവും അധികം ഉപയോഗിക്കുന്ന, ആത്മാവിന്റെ ഫലവും ആത്മാവിന്റെ വരങ്ങളും കൊണ്ട് നിറഞ്ഞുനില്ക്കുന്ന, എന്നെ പ്പോലെയുള്ള പതിനായിരങ്ങൾക്ക് അതിന്റെ കൊമ്പുകളിൽ വന്നിരുന്ന് ആത്മീയ വിശപ്പു മാറ്റാൻ ആത്മാവ് ഉപയോഗി ക്കുന്ന ഈ ഫലവൃക്ഷത്തെ സ്വർഗ്ഗീയ പിതാവ് മാനിക്കുന്നു വെന്ന് ഈ 'നിറപറ' യിലെ ഓരോ പ്രസംഗവും തെളിയി ക്കുന്നു.

ഇന്നത്തെ മനുഷ്യനെ മൃഗീയൻ എന്നു വിളിച്ചാൽ സംസാരശേഷി ഉണ്ടായിരുന്നെങ്കിൽ മൃഗങ്ങൾ പ്രതിഷേധിച്ചേനേ. ഇന്ന് നിരാശ പൂണ്ട മനുഷ്യൻ ആത്മഹത്യയിലേയ്ക്കും കൂട്ടക്കൊലപാതകങ്ങളിലേയ്ക്കും തിരിയുന്നു. മനുഷ്യഹൃദയങ്ങൾ പിശാചിന്റെ വിഹാരകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. മനുഷ്യന്റെ തലമേൽ ശാപങ്ങൾ കുന്നുകൂടിയിരിക്കുന്നു. പാപം മൂലമുള്ള ശാപം - തലമുറകളായുള്ള ശാപം മനുഷ്യനെ ബന്ധിച്ചിരിക്കുന്നു. ഈ ശാപം മാറ്റാൻ യേശുക്രിസ്തു ക്രൂശിൻമേൽ ശാപം ഏറ്റു എന്ന് ഈ ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നു. അനേക ഹൃദയങ്ങളെ ശാപബന്ധനങ്ങളിൽ നിന്ന് മോചിപ്പിച്ച്, പുതിയ കാഴ്ചപ്പാടുകൾ നല്കി, ജീവിതഗതിയെ നൻമയിലേയ്ക്കു തിരിച്ചുവിടുവാനും ആത്മചൈതന്യത്താൽ ഉദ്ദീപിപ്പിച്ച് ആത്മനിറവു നല്കാനും 'നിറപറ' എന്ന ഈ സത്ഗ്രന്ഥം ഉതകും എന്നതിന് സംശയമില്ല.

ഇത്രത്തോളം നടത്തിയ സർവ്വശക്തനായ ദൈവം തന്റെ പ്രിയ ദാസനെ ശക്തീകരിച്ചും ദീർഘായുസ്സ് കൊടുത്തും തന്റെ ഒരു മൂർച്ചയേറിയ ആയുധമായി ഉപയോഗിച്ച് പതിനായിരങ്ങളെ ആദായപ്പെടുത്താനും ആ തൂലിക ഇനിയും ചലിച്ച് അനേക സത്ഗ്രന്ഥങ്ങൾ രചിക്കുവാൻ ഇടയാകട്ടെ എന്നും ഈ അമൂല്യഗ്രന്ഥം വായിച്ച് അനേകായിരങ്ങളുടെ ശാപങ്ങൾ മാറി, രക്ഷയുടെ സന്തോഷം അനുഭവിക്കുവാൻ ദൈവം ഇടയാക്കട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട് അനുവാചകർക്കായി ദൈവനാമത്തിൽ ഈ പുസ്തകം അവതരിപ്പിക്കുന്നു.

**എം.എ. ആൻഡ്രൂസ്**
ഹെഡ് സർവ്വേയർ
റീസർവ്വേ ആഫീസ്, തൃപ്പൂണിത്തുറ

## ആമുഖം

“തൂലികയ്ക്ക് ഖഡ്ഗത്തെക്കാൾ കരുത്തേറും” – "Pen is mightier than the sword" എന്നൊരു ചൊല്ലുണ്ട്. വാളുകൊണ്ട് വെട്ടിപ്പിടിക്കുന്നതിനെക്കാൾ എത്രയോ കൂടുതൽ പേനകൊണ്ടു നേടിയെടുക്കാം. വാക്കിന്റെ ശക്തിയാണത്.

അമേരിക്കയിൽനിന്ന് അടിമവ്യവസായം തുടച്ചുമാറ്റിയത് അമേരിക്കൻ ആഭ്യന്തരയുദ്ധമല്ല, മിസ്സിസ് ഹാരിയറ്റ് ബീച്ചർ സ്റ്റൗ എഴുതിയ ëUncle Tomís Cabiní എന്ന പുസ്തകമാണ്. സുപ്രസിദ്ധമായ ഫ്രഞ്ചുവിപ്ലവത്തിന്റെ പിന്നിലെ ശക്തികേന്ദ്രം വോൾട്ടയർ, റൂസ്സോ മുതലായ താത്വികാചാര്യൻമാരുടെ വാക്കുകളായിരുന്നു.

> “ഇദമന്ധം തമ: കൃത്സനം,
> ജായേത ഭുവനത്രയം
> യദിശബ്ദാഹ്വയം ജ്യോതി–
> രാചന്ദ്രാർക്കം ന ദീപ്യതേ.”

എന്ന് ആചാര്യ ദണ്ഡി പറഞ്ഞിട്ടുണ്ട്. “ശബ്ദം - ഭാഷ – എന്നു വിളിക്കുന്ന പ്രകാശമില്ലായിരുന്നെങ്കിൽ ഈ ത്രിഭുവനങ്ങളും അന്ധകാരാവൃതമായേനെ, സൂര്യചന്ദ്രൻമാരുള്ള കാലത്തോളം പ്രകാശം തെല്ലുമില്ലാതായേനെ.”

ശബ്ദത്തിന്റെ കരുത്ത് അവാച്യമാണ്. വാമൊഴി, വരമൊഴിയായി. വരമൊഴി അച്ചടിയന്ത്രത്തിന്റെ നിഴൽപ്പാടിൽ തലമുറകളിലേയ്ക്ക് പകർന്നുവന്നതിന്റെ അത്ഭുതകരമായ പരിണതിയാണ് സംസ്കാരത്തിന്റേയും വിജ്ഞാനത്തിന്റെയും വളർച്ച.

ആ വളർച്ചയുടെ പടവുകളിൽ ഭാഷയും സാഹിത്യവും അണിചേർന്നുനിന്ന് നൃത്തം ചെയ്യുന്നതാണ് സദ്ഗ്രന്ഥങ്ങൾ. ഗ്രന്ഥരചനയുടെ അത്ഭുതാവഹമായ പ്രയോജനം കണ്ട പൂർവ്വകാല മനീഷികൾ കീറോലക്കെട്ടുകളിലും തുകൽച്ചുരുളുകളിലും പോറിവെച്ച വിജ്ഞാനം കുറെയേറെ ചിലതിനു മുതലായി പോയിട്ടുണ്ട്. എങ്കിലും അച്ചടിയുടെ മാസ്മരപ്രക്രിയ യന്ത്രവൽകൃത സംസ്കാരത്തിന്റെ നാഴികക്കല്ലായി പരിലസിക്കുന്നു; പുതുതലമുറകളിലേക്ക് വിജ്ഞാനം പകരുന്നു.

സാഹിത്യത്തെക്കുറിച്ച് അഭിജ്ഞൻമാർ പറയും – അത് ജീവിത ഗന്ധിയും ജീവിതബന്ധിയുമായിരിക്കണം. എന്റെ ഈ പ്രസംഗസമാഹാരത്തിലും ജീവിതത്തിന്റെ നറുമണം പേറുന്ന ആശയപ്പൊരുളുകൾ തിരളിയരുളാനാണ് ഞാൻ ശ്രദ്ധിച്ചിട്ടുള്ളത്.

കീറ്റ്സ് ആണെന്ന് തോന്നുന്നു, പറഞ്ഞിട്ടുണ്ട്, "Poetry is not logic, but magic." കാവ്യം ഐന്ദ്രജാലികശക്തിയുള്ളതാണെന്ന് പറയുന്നതുപോലെതന്നെ അഭൗമശക്തിയുള്ളതാണ് ആദ്ധ്യാത്മികത്വം. തപസ്സ്വാദ്ധ്യായനിരതരായ യോഗിവര്യൻമാരുടെ ആത്മീയതയുടെ ശക്തിപ്രഭാവമാണ് ആർഷഭാരതത്തിന്റെ സനാതന സംസ്കാരത്തിന്റെ ദിവ്യസ്രോതസ്സുകൾ. ആദ്ധ്യാത്മികതയുടെ സ്ഫുലിംഗങ്ങളേറ്റ് ജ്വലിച്ച സുമനസ്സുകളാണ് കാലത്തിന്റെ ചക്രവാളസീമയ്ക്കപ്പുറം ആദർശങ്ങളുടെ പരിവേഷത്തോടെ പ്രശോഭിക്കുന്നത്.

അങ്ങനെയുള്ള മഹാത്മാക്കളുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്ത് സ്വാംശീകരിച്ച ആശയങ്ങൾ ലളിതമായി ആവിഷ്ക രിക്കാനാണ് ഞാൻ ഈ പുസ്തകത്തിൽ പരിശ്രമിച്ചിട്ടുള്ളത്. എന്റെ മുൻ പ്രസിദ്ധീകരണങ്ങൾക്കും നല്കിയ ആവേശോ ജ്ജ്വലമായ സ്വീകരണവും ആശംസകളും ഈ 'നിറപറ' യ്ക്കും നല്കണമേയെന്ന് ഞാൻ വിനയപുരസ്സരം അപേക്ഷിക്കുന്നു.

പ്രൂഫ് റീഡിംഗിലും അച്ചടിയിലും മറ്റും എന്നെ സഹാ യിച്ച എന്റെ പ്രേഷ്ഠസുഹൃത്തുക്കളായ തമ്പി (ക്രിസ്ത്യൻ ബുക്ക് സെന്റർ, എറണാകുളം), അഞ്ചി (കിറ്റ്കൊ, എറണാ കുളം), അബി (റ്റി.സി.എം., കളമശ്ശേരി) എന്നിവരോടുള്ള എന്റെ സ്നേഹവും നന്ദിയും ഞാൻ ഈ വാക്കുകളിലൂടെ പ്രകാശിപ്പിക്കുന്നു.

വളരെ ഹൃദയസ്പർശിയായ ഒരവതാരിക എഴുതിത്തന്ന ശ്രീ. എം.എ. ആന്ഡ്രൂസി (ഹെഡ് സർവയർ, തൃപ്പൂണിത്തു റ) നോടുള്ള എന്റെ അതിരറ്റ നന്ദിയും കടപ്പാടും ഞാനി വിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ക്രിസ്തുവിന്റെ അനുഗ്രഹങ്ങളുടെ കലവറ ഏവരും തുറന്ന് തങ്ങളുടെ ഹൃദയത്തിൽ അനുഭവിക്കണമെന്നും അനുവാച കരേവരും കൃപയുടെ നിറപറയുമേന്തി, വറുതിയാർന്ന ജന മദ്ധ്യത്തിലേക്ക് ആശ്വാസം പകരാനിറങ്ങിച്ചെല്ലണമെന്നും ആഗ്രഹിച്ചും ആശംസിച്ചും ഞാനിവിടെ നിറുത്തട്ടെ.

സ്വന്തം,

**എം.വൈ. യോഹന്നാൻ**

## ഒന്ന്

> "ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും."
>
> ഉല്പത്തി 12 : 2 – 3

വേദപുസ്തകത്തിലെ ആദ്യഗ്രന്ഥമാണ് ഉല്പത്തി. ബൈബിളിൽ 66 ഗ്രന്ഥങ്ങളുണ്ട്. പഴയ നിയമത്തിൽ 39, പുതിയ നിയമത്തിൽ 27. പഴയ നിയമം നിഴലും പുതിയ നിയമം പൊരുളുമാണ്.

പഴയ നിയമത്തിലും പുതിയ നിയമത്തിലും തിളങ്ങി നില്ക്കുന്ന ഒരു അത്ഭുത പുരുഷനുണ്ട്. അത് ക്രിസ്തു ആണ്. പഴയ നിയമത്തിൽ രൂപകങ്ങളായോ പ്രതീകങ്ങളായോ ക്രിസ്തുവിനെ വർണ്ണിച്ചിരിക്കുന്നു. ഉല്പത്തിയിൽത്തന്നെ ആദിയിൽ ദൈവം, സൂര്യൻ, ആദാം, ജീവവൃ

ക്ഷം, സ്ത്രീയുടെ സന്തതി, തോൽ ഉടുപ്പ്, തോട്ടത്തിലേക്കുള്ള വാതിൽ, ഹാബേലിന്റെ യാഗം, നോഹയുടെ പെട്ടകം, നോഹയുടെ യാഗം, മഴവില്ല്, മൽക്കിസേദെക്ക്, അബ്രാഹാമിന്റെ യാഗം, യിസ്ഹാക്ക്, ഗോവണി, ജോസഫ്, അവകാശമുള്ളവൻ എന്നിങ്ങനെ എത്രയോ പ്രതീകങ്ങളിലൂടെയാണ് ക്രിസ്തുവിനെ ദൃഷ്ടാന്തവൽക്കരിച്ചിരിക്കുന്നത്!

നിത്യനായ ദൈവം മനുഷ്യന് തന്ന ഏറ്റവും വലിയ ദാനമാണ് ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തു. ക്രിസ്തു അനുഗ്രഹമാണ്; അനുഗ്രഹിക്കുന്നവനാണ്.

ക്രിസ്തു ആരിൽ വസിക്കുന്നുവോ അവൻ അനുഗ്രഹമാണ്. അവൻ എല്ലാവർക്കും ഒരനുഗ്രഹമാണ്. അങ്ങനെയുള്ളവർ മൂലം അവന്റെ കുടുംബം അനഗ്രഹിക്കപ്പെടും. അവന്റെ ദേശം അനുഗ്രഹിക്കപ്പെടും.

സ്നേഹിതാ, നീ ഒരനുഗ്രഹമാണോ? നീ മൂലം നിന്റെ കുടുംബം അനുഗ്രഹിക്കപ്പെടുന്നുവോ? നീ മൂലം നിന്റെ സമൂഹം അനുഗ്രഹിക്കപ്പെടുന്നുവോ?

ഉല്പത്തിപ്പുസ്തകത്തിന്റെ താക്കോൽവാക്ക് 'അനുഗ്രഹം' എന്നതാണ്. ഒന്നു മുതൽ പതിനൊന്ന് വരെ അദ്ധ്യായങ്ങളിൽ ദൈവം തന്റെ സൃഷ്ടിയെ അനുഗ്രഹിക്കുന്നതായി കാണുന്നു. പന്ത്രണ്ടാം അദ്ധ്യായം മുതൽ അൻപതാം അദ്ധ്യായം വരെ ഉഭയസമ്മതത്തിൻകീഴുള്ള അനുഗ്രഹമാണ് വർണ്ണിച്ചിരിക്കുന്നത്. വ്യവസ്ഥയ്ക്കനുസൃതമായ അനുഗ്രഹമാണ് ഈ ഭാഗത്ത് വിവരിച്ചിരിക്കുന്നത്.

അബ്രാഹാമിനെ അനുഗ്രഹിച്ച് പുറപ്പെടുവിക്കുന്നത് പന്ത്രണ്ടാം അദ്ധ്യായത്തിൽ കാണുന്നു. പന്ത്രണ്ടു മുതൽ പതിനഞ്ചു വരെ അദ്ധ്യായങ്ങളിൽ അബ്രാഹാമിന്റെ

വിശ്വാസം വെളിപ്പെടുന്നു. പതിനാറു മുതൽ പത്തൊൻപതു വരെ അദ്ധ്യായങ്ങളിൽ അബ്രാഹാമിന്റെ വിശ്വാസം ആഴമാക്കപ്പെടുന്നു. ഇരുപതു മുതൽ ഇരുപത്തിനാല് വരെ അദ്ധ്യായങ്ങളിൽ അബ്രാഹാമിന്റെ വിശ്വാസം പൂർത്തീകരിക്കപ്പെടുന്നു. അനുഗ്രഹത്തിന്റെ അടിസ്ഥാനം വിശ്വാസമാണ്.

> "വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല."
>
> എബ്രായർ 11 : 6

> "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ." എബ്രായർ 11 : 6

> "അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന്ന് നീതിയായി കണക്കിട്ടു."
>
> ഉല്പത്തി 15 : 6; റോമർ 4 : 3

ഒന്ന് : "ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിക്കുന്നതാണ് സാക്ഷാൽ വിശ്വാസം." റോമർ 4:18

രണ്ട് : സാഹചര്യങ്ങളെല്ലാം പ്രതികൂലമാകുമ്പോഴും വിശ്വസിക്കുവാൻ കഴിയുമ്പോഴാണ് "വിശ്വാസത്തിൽ ക്ഷീണിച്ചില്ല" എന്ന സാക്ഷ്യം ലഭിക്കുന്നത്. റോമർ 4 : 19

മൂന്ന് : വിശ്വാസത്തിൽ ക്ഷീണിച്ചില്ല എന്നു മാത്രമല്ല, വിശ്വാസത്തിൽ ശക്തിപ്പെട്ടു എന്നതാണ് മേൻമയേറിയ സാക്ഷ്യം. റോമർ 4 : 20

“വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും.”

“ഭയപ്പെടേണ്ട; വിശ്വസിക്ക മാത്രം ചെയ്ക.”

“നിന്റെ വിശ്വാസം വലിയത്, നിന്റെ ആഗ്രഹം പോലെ നിനക്ക് ഭവിക്കട്ടെ.”

“നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാന ത്തോടെ പോക.” - എന്നെല്ലാം കർത്താവ് കല്പിക്കുന്ന തിന്റെ ആഴം ഗ്രഹിക്കുമ്പോഴാണ് ക്രിസ്തീയ ജീവിതത്തിന്റെ ഭദ്രമായ അടിത്തറ വിശ്വാസമാണെന്ന് അറിയുന്നത്.

യിസ്രായേലിൽ കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്ന് ശതാധിപനെക്കുറിച്ച് പറയുമ്പോഴും “അവരുടെ അവി ശ്വാസം നിമിത്തം വീര്യപ്രവൃത്തി ഒന്നും ചെയ്‌വാൻ കഴി ഞ്ഞില്ല” (മാർക്കോസ് 6 : 5 – 6) എന്ന് പറയുന്ന ഭാഗങ്ങളും വിശ്വാസത്തിന്റെ പേരിൽ മാത്രമാണ് അനുഗ്രഹം എന്ന സത്യം നമ്മെ വിളിച്ചറിയിക്കുന്നു.

അബ്രാഹാമിന്റെ ജീവിതത്തിൽ മൂന്ന് പ്രധാന പരാജയ ങ്ങൾ സംഭവിച്ചു. പന്ത്രണ്ടാം അദ്ധ്യായത്തിലും പതിനാറാം അദ്ധ്യായത്തിലും ഇരുപതാം അദ്ധ്യായത്തിലുമാണത് വിവരി ച്ചിരിക്കുന്നത്.

തോൽവി കഴിഞ്ഞ് എഴുന്നേല്ക്കുമ്പോഴെല്ലാം ദൈവം അബ്രാഹാമിന് ഒരിക്കൽ നൽകിയ അനുഗ്രഹം പുതുക്കുന്ന തായി കാണുന്നു. അങ്ങനെ ഓരോ പരാജയത്തിനും ശേഷം അബ്രാഹാം ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു.

പക്ഷേ തോൽവി കഴിഞ്ഞ് ലഭിക്കുന്ന അനുഗ്രഹം യാഗ ത്തോടുള്ള ബന്ധത്തിലാണ്. യാഗം കഴിച്ചു ദൈവികാരാ ധന പുനഃസ്ഥാപിക്കുമ്പോഴാണ് അനുഗ്രഹം ലഭിക്കുന്നത്.

പന്ത്രണ്ടാം അദ്ധ്യായത്തിന്റെ പത്തു മുതൽ ഇരുപതു വരെ വാക്യങ്ങളിൽ അബ്രാഹാമിന്റെ വിശ്വാസയാത്രയുടെ മദ്ധ്യത്തിലുള്ള ഒന്നാമത്തെ തോൽവി നാം കാണുന്നു.

അബ്രാഹാം മിസ്രയീമിലേക്കു പോയി. ദൈവത്തിന്റെ വിളി കേട്ടു പുറപ്പെട്ട ദൈവപുരുഷൻ ദൈവികാലോചന കൂടാതെ ഒരു ചുവടും വെയ്ക്കരുത്. പക്ഷേ അബ്രാഹാം ദൈവഹിതമെന്തെന്ന് ആരായാതെ സ്വന്തബുദ്ധിയ്ക്കൊത്ത് ചിന്തിച്ച് മിസ്രയീമിലേക്കു പോയി.

അബ്രാഹാമിന് ന്യായീകരണമുണ്ട്. തെറ്റു ചെയ്യുന്ന ആർക്കും ന്യായീകരണമുണ്ട്. ക്ഷാമം വന്നപ്പോൾ ആണ് മിസ്രയീമിലേക്കു പോയത്. ക്ഷാമം വന്നതുകൊണ്ടല്ലേ മിസ്ര യീമിലേക്കു പോയത് എന്ന് അബ്രാഹാമിന് സ്വയം നീതിക രിക്കാം. പക്ഷേ അബ്രാഹാമിന് അവിടെ പരാജയം സംഭവി ച്ചു.

ഒരു തെറ്റ് മറ്റനേകം തെറ്റുകളിലേക്ക് നയിക്കും. എങ്ങോ ട്ടെന്നറിയാതെ ദൈവത്തിന്റെ വിളികേട്ട് പുറപ്പെട്ട ദൈവപുരു ഷൻ എങ്ങനെ ഉപജീവനം കഴിക്കും എന്ന് ഒരിക്കലും സംശയിക്കരുതായിരുന്നു. ക്ഷാമം വരുമ്പോൾ ജീവിതം നയി ക്കാനുള്ള മാർഗ്ഗം തേടി ദൈവപൈതൽ പുറപ്പെട്ടു.

യൂഫ്രട്ടീസ് - ടൈഗ്രീസ് നദിക്കക്കരെ മെസപ്പോട്ടോമിയാ യിൽ പുറജാതി വിഗ്രഹങ്ങളെ മെനയുകയായിരുന്നു അബ്രാ ഹാമിന്റെ കുടുംബത്തൊഴിൽ. വിഗ്രഹങ്ങളുണ്ടാക്കി വിറ്റ് ഉപജീവനം നടത്തിയിരുന്ന ദൈവപൈതൽ ദൈവത്തിന്റെ വിളി കേട്ടപ്പോൾ ഇറങ്ങിപ്പുറപ്പെട്ടതാണ്. ഇടയ്ക്ക് മിസ്രയീ മിലേക്ക് ഇറങ്ങിപ്പോകരുതായിരുന്നു.

പ്രിയ സ്നേഹിതാ, ദൈവവിളി കേട്ട് പുറപ്പെട്ടതല്ലേ നീ ഒരിക്കൽ? ഇടയ്ക്ക് ലോകസുഖങ്ങളിലേക്ക് നീ ഇറങ്ങി

പ്പോയോ? ലോകത്തിന്റെ ഉയർച്ചയിലേക്കും ജീവിത സൗക ര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കും നിന്റെ ശ്രദ്ധ മാറി പ്പോയോ? എങ്കിൽ, നീ അതിവേഗം ജീവനുള്ള ദൈവം നിന്നെ നടത്താനാഗ്രഹിക്കുന്ന വിശ്വാസത്തിന്റെ വഴിയി ലേക്ക് തിരികെ വരിക.

മിസ്രയീമിൽവെച്ച് അബ്രാഹാമിന് ഒരു വലിയ തെറ്റു പറ്റി. ഭാര്യയായ സാറയോട് പറഞ്ഞു :

"ഇതാ, നീ സൗന്ദര്യമുള്ള സ്ത്രീയെന്ന് ഞാൻ അറിയു ന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ : ഇവൾ അവന്റെ ഭാര്യയെന്ന് പറഞ്ഞ് എന്നെ കൊല്ലുകയും നിന്നെ ജീവ നോടെ രക്ഷിക്കുകയും ചെയ്യും. നീ എന്റെ സഹോദരി യെന്ന് പറയേണം; എന്നാൽ നിന്റെ നിമിത്തം എനിക്ക് നൻമ വരികയും ഞാൻ ജീവിച്ചിരിക്കുകയും ചെയ്യും."

അസത്യം പറയാനല്ല അബ്രാഹാം പറഞ്ഞത്. "നീ എന്റെ സഹോദരി എന്നു പറയേണം" എന്ന് അബ്രാഹാം പറഞ്ഞ തിൽ ഭാഗിക സത്യമുണ്ട്. ഉല്പത്തി 20:12-ൽ നാം അത് കാണുന്നുണ്ട്. അപ്പൻ ഒന്ന്, അമ്മ രണ്ട്. അബ്രാഹാമിന്റെ അപ്പനായ തേരഹിന് മറ്റൊരു ഭാര്യയിലുണ്ടായ മകളാണ് സാറ.

പക്ഷേ അബ്രാഹാം പറഞ്ഞത് അർദ്ധസത്യമായിരുന്നു. അവിടെയും അസത്യം പറഞ്ഞില്ലല്ലോ എന്ന ന്യായീകരണ മുണ്ടാകാം അബ്രാഹാമിന്. പക്ഷേ ദൈവസന്നിധിയിൽ ന്യായീകരണങ്ങൾ വിലപ്പോവുകയില്ലല്ലോ. അബ്രാഹാം പറ ഞ്ഞതിന്റെ പിന്നിലുള്ള ഉദ്ദേശം വ്യാജമായിരുന്നു. സ്നേഹി താ, ഇതുപോലുള്ള അർദ്ധസത്യങ്ങൾ നിന്റെ ജീവിതത്തിൽ വന്നിട്ടുണ്ടോ? അർദ്ധസത്യങ്ങളെല്ലാം അസത്യം തന്നെ എന്ന് നീ തിരിച്ചറിയുന്നുവോ?

നാം തിരുവചനത്തിൽ വായിക്കുന്ന :

"സ്ത്രീ അതിസുന്ദരി എന്ന് മിസ്രയീമ്യർ കണ്ടു. ഫറവോന്റെ പ്രഭുക്കൻമാരും അവളെ കണ്ടു, ഫറവോന്റെ മുമ്പാകെ അവളെ പ്രശംസിച്ചു; സ്ത്രീ ഫറവോന്റെ അരമനയിൽ പോകേണ്ടിവന്നു."
ഉല്പത്തി 12 : 14 – 15

മിസ്രയീമിലേക്ക് പോയതുകൊണ്ട് മറ്റൊരപകടവും അബ്രാഹാമിനുണ്ടായി. ദാസിയായ ഹാഗാറിനെ കൊണ്ടുവന്നത് മിസ്രയീമിൽ നിന്നാണ്. ഹാഗാർ മൂലം അബ്രാഹാമിനുണ്ടായ വീഴ്ചയും ഹാഗാറിലുണ്ടായ സന്തതി മൂലം മനുഷ്യ സമൂഹത്തിന് നൂറ്റാണ്ടുകളായി നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും ലോക ചരിത്രത്തിലെ മായാത്ത ഏടുകളാണല്ലോ.

ഒന്ന് : മിസ്രയീമിലേക്കു പോയി.

രണ്ട് : അസത്യം – അർദ്ധസത്യം – പറഞ്ഞു.

മൂന്ന് : മിസ്രയീമ്യ ദാസിയായ ഹാഗാറിനെ കൊണ്ടുവന്നു.

നാല് : മിസ്രയീമ്യ രാജാവ് അബ്രാഹാമിനെ പരിഹസിക്കാൻ ഇടവന്നു.

"നീ എന്നോട് ഈ ചെയ്തത് എന്ത്? ഇവൾ നിന്റെ ഭാര്യയെന്ന് എന്നെ അറിയിക്കാഞ്ഞത് എന്ത്? അവൾ എന്റെ സഹോദരിയെന്ന് എന്തിനു പറഞ്ഞു? ഞാൻ അവളെ ഭാര്യയായിട്ട് എടുപ്പാൻ സംഗതി വന്നു പോയല്ലൊ; ഇപ്പോൾ ഇതാ, നിന്റെ ഭാര്യ; അവളെ കൂട്ടികൊണ്ടു പോക."
ഉല്പത്തി 12 : 18 – 20

ദൈവശബ്ദം കേട്ടു പുറപ്പെട്ട ദൈവപുരുഷൻ ജാതീയ രാജാവിനാൽ പരിഹസിക്കപ്പെട്ടു. ദൈവനാമം ദുഷിക്കപ്പെട്ടു.

സ്നേഹിതാ, നിന്റെ ചില വാക്കുകൾ നിമിത്തം ദൈവ നാമം ദുഷിക്കപ്പെടുന്നില്ലേ? നിന്റെ ചില പെരുമാറ്റങ്ങൾ ദൈവത്തെ മറ്റുള്ളവർ പഴിക്കുന്നതിന് മുഖാന്തരമാകുന്നില്ലേ?

അബ്രാഹാം മിസ്രയീമിൽനിന്ന് തിരികെ പോന്നു. നഷ്ടം വന്നെങ്കിലും നഷ്ടത്തിൽ കിടന്നില്ല. അവിടെനിന്ന് എഴു ന്നേറ്റ് തിരികെ പോന്നു. ഭാഗ്യം! ഇന്നുതന്നെ നീ എഴുന്നേറ്റ് മടങ്ങിപ്പോരുമോ? ദൈവകൃപയിൽ യഥാസ്ഥാനപ്പെടുവാൻ ഇപ്പോൾതന്നെ തിരികെ പോരുമോ?

> "അവൻ തന്റെ യാത്രയിൽ തെക്കുനിന്ന് ബേഥേൽ വരെയും ബേഥേലിന്നും ഹായിക്കും മദ്ധ്യേ തനിക്ക് ആദിയിൽ കൂടാരമുണ്ടായിരുന്നതും താൻ ആദിയിൽ ഉണ്ടാക്കിയ യാഗപീഠം ഇരുന്ന തുമായ സ്ഥലം വരെയും ചെന്നു. അവിടെ അബ്രാം യഹോവയുടെ നാമത്തിൽ ആരാധി ച്ചു." ഉല്പത്തി 13: 3 – 4

ഉല്പത്തി പന്ത്രണ്ടിന്റെ എട്ടാം വാക്യത്തിൽ കാണുന്ന യാഗപീഠം പണിത് അരാധന നടത്തിയ ദൈവപൈതലിന്റെ ജീവിതത്തിൽ പരാജയം സംഭവിച്ചു. മിസ്രയീമിലേക്ക് ഇറ ങ്ങിപ്പോയ കാലങ്ങളിൽ ആരാധനയില്ല. ശത്രുമണ്ഡലത്തിൽ ആരാധനയില്ല. വീണ്ടും ആരാധനയുണ്ടാകുന്നത് ആദ്യം ആരാ ധിച്ച സ്ഥലത്ത് മടങ്ങിയെത്തിയപ്പോഴാണ്.

സഹോദരങ്ങളേ, നിങ്ങളുടെ ജീവിതത്തിൽ ഇന്ന് ആരാ ധന മുടങ്ങിയിരിക്കയാണോ? ആത്മാവിലും സത്യത്തിലും ഇന്ന് ആരാധിക്കുന്നുണ്ടോ? അതോ ഇന്നും ലോകപ്രതാപ

ത്തിന്റെയും ഉപജീവനചിന്തകളുടെയും പാപജീവിതത്തി ന്റെയും വലയിൽ കുടുങ്ങി കിടക്കുകയാണോ?

മിസ്രയീമിൽനിന്ന് മടങ്ങി വന്നാൽ ആരാധനയുണ്ടാകും. ആരാധന അനുഗ്രഹത്തിന്റെ പ്രതീകം ആണ്.

സ്നേഹവാനായ ദൈവം, വിളിച്ചിറക്കിയവൻ, നിന്നെ മറ ന്നുപോവുകയില്ല. അവൻ സാഹചര്യങ്ങളിലൂടെ നിന്നോടിട പെട്ട് ആരാധനയും അനുഗ്രഹവും മടക്കിത്തരും. വഴിയിൽ ഇട്ടിട്ടു പോകുവാനല്ല നിന്നെ വിളിച്ചിറക്കിയത്. നിന്നെ എത്തേ ണ്ടിടത്ത് എത്തിക്കുവാനാണ് അവൻ അദ്ധ്വാനിക്കുന്നത്. മടങ്ങി വരിക, തിരികെ വരിക എന്നവൻ നിന്നെ വിളിക്കു ന്നു.

നീ ഇപ്പോൾ പറയുമോ? നാഥാ, ഞാൻ സ്വന്തവഴികളിൽ നടന്നു പോയി. “ഭാവികാലത്ത് അവൻ ഭയപ്പെട്ടുംകൊണ്ട് യഹോവയിങ്കലേക്കും അവന്റെ നൻമയിങ്കലേക്കും വരും” എന്ന് ഹോശേയാ 3:5–ൽ കാണുന്നത് ഞാൻ വിശ്വസിച്ച് ഇതാ തിരികെ വരുന്നു. എന്നെ സ്വീകരിക്കണമേ.

മടങ്ങി വന്ന് അനുഗ്രഹം പ്രാപിപ്പാൻ ആഗ്രഹിക്കുന്നുവെ ങ്കിൽ ക്രിസ്തുവിനോടു പറയുക : നാഥാ, ഇതാ ഞാൻ അവിടുത്തെ കൃപയിലും ദീർഘക്ഷമയിലും ശരണപ്പെട്ട് തൃപ്പാ ദങ്ങളിലേക്ക് വരുന്നു. എന്നെ കൈക്കൊള്ളണമേ. എന്നെ യഥാസ്ഥാനപ്പെടുത്തണമേ. അന്ത്യത്തോളം യാഗമർപ്പിച്ച്, ആരാധന പുന:സ്ഥാപിച്ച് അവിടുത്തെ വേല ചെയ്യാൻ ഭാഗ്യം തരണമേ.

# രണ്ട്

"യഹോവ അവനെ അനുഗ്രഹിച്ചു. അവൻ വർദ്ധിച്ച് വർദ്ധിച്ച് മഹാധനവാനായിത്തീർന്നു."
ഉല്പത്തി 26 : 12 – 13

അബ്രാഹാമിനെ അനുഗ്രഹിച്ച ദൈവം അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിനെ അനുഗ്രഹിച്ചു. ദൈവം എന്നും എവിടെയും അനുഗ്രഹിക്കുന്നവനാണ്. മനുഷ്യൻ പിശാചിന് ഇടം കൊടുക്കുമ്പോൾ പിശാച് മനുഷ്യനെ ദുരിതത്തിലാഴ്ത്തുന്നു. അപ്പോൾ ദൈവത്തിന്റെ അനുഗ്രഹം തടഞ്ഞുപോവുകയാണ്.

"സാത്താൻ അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനും വരുന്നവനാണ്." (യോഹന്നാൻ 10 : 10) മനുഷ്യൻ ദൈവത്തോടുകൂടെ നടക്കുമ്പോൾ അവന് കൈവരുന്ന സൗഭാഗ്യത്തിൽ അസൂയാലുവാണ് സാത്താൻ. അവനിടം കിട്ടിയാൽ എല്ലാ ഉപദ്രവവും അവൻ ചെയ്യും.

യിസ്ഹാക്കിനെ ദൈവം അനുഗ്രഹിച്ചു. യിസ്ഹാക്കിന്റെ അഭിവൃദ്ധിയിൽ ശത്രുക്കളായ ഫെലിസ്ത്യർ അസൂയാലുക്കളായി. അവർ യിസ്ഹാക്കിനെ നിരന്തരം ഉപദ്രവിച്ചുകൊണ്ടിരുന്നു. എന്നാൽ യിസ്ഹാക്ക് ദൈവത്തോട് ഒട്ടിനിന്നു.

ഗെരാർ രാജാവായ അബീമേലേക്ക് യിസ്ഹാക്കിനോടു പറഞ്ഞു :

"യഹോവ നിന്നോടു കൂടെയുണ്ട് എന്ന് ഞങ്ങൾ സ്പഷ്ടമായി കണ്ടു." ഉല്പത്തി 26 : 28

ഇതേ അബീമേലേക്ക് മുമ്പൊരിക്കൽ അബ്രാഹാമിനോട് പറഞ്ഞിട്ടുണ്ടായിരുന്നു.

"നിന്റെ സകല പ്രവൃത്തിയിലും ദൈവം നിന്നോടു കൂടെയുണ്ട്." ഉല്പത്തി 21 : 22

അപ്പനായ അബ്രാഹാമിന് ലഭിച്ച അതേ അനുഗ്രഹത്തിന്റെ സാക്ഷ്യം തന്നെ യിസ്ഹാക്കിനും ലഭിച്ചു. എന്തു ശ്രേഷ്ഠമായ അനുഭവം !

അബീമേലേക്ക് യിസ്ഹാക്കിനോടു പിന്നെയും പറയുന്നു :

"നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനല്ലോ." ഉല്പത്തി 26 : 29

ദൈവം ഇത്രമാത്രം യിസ്ഹാക്കിനെ അനുഗ്രഹിക്കാൻ അനേകം കാരണങ്ങൾ തിരുവചനത്തിൽ നമുക്ക് കാണുവാൻ സാധിക്കും.

ഒന്ന്, യിസ്ഹാക്കിന്റെ അനുസരണം.

ദേശത്ത് ക്ഷാമമുണ്ടായപ്പോൾ ദൈവം യിസ്ഹാക്കിനോടു കല്പിച്ചു.

"നീ മിസ്രയീമിലേക്ക് പോകരുത്. ഞാൻ നിന്നോട് കല്പിക്കുന്ന ദേശത്ത് പാർക്ക. ഈ ദേശത്ത് താമസിക്ക; ഞാൻ നിന്നോടു കൂടെയിരുന്ന് നിന്നെ അനുഗ്രഹിക്കും."

ഉല്പത്തി 26 : 2- 3

അപ്പനായ അബ്രാഹാം ദൈവത്തിന്റെ വചനം അപ്പോഴപ്പോൾ അനുസരിച്ചത് യിസ്ഹാക്ക് കണ്ടിട്ടുണ്ട്. അനുസരണത്തെ തുടർന്നുണ്ടായ അനുഗ്രഹങ്ങളും യിസ്ഹാക്ക് കണ്ടിട്ടുണ്ട്.

യിസ്ഹാക്ക് പിതാവിന്റെ പാരമ്പര്യം വിട്ടുമാറിയില്ല. പിതാവിന്റെ പാരമ്പര്യം ഭവിഷ്യത്തു നോക്കാതെയുള്ള അനുസരണമായിരുന്നു; ചോദ്യം ചെയ്യാതെയുള്ള അനുസരണമായിരുന്നു.

പിതാക്കന്മാരുടെ നല്ല നല്ല പാരമ്പര്യങ്ങൾ ഇക്കാലത്ത് നമുക്ക് പിന്തുടരാം. വചനത്തോടുള്ള ഭക്തിയും ആദരവും അനുസരണവുമാണ് പിതാക്കൻമാരുടെ പാരമ്പര്യം.

യിസ്ഹാക്ക് ദൈവത്തെ അനുസരിച്ചു.

രണ്ടാമതായി, യിസ്ഹാക്ക് ശത്രുക്കളുടെ എതിർപ്പിനെയും ഉപദ്രവത്തെയും ഫലപ്രദമായി നേരിട്ടു.

ശത്രുക്കളായ ഫെലിസ്ത്യർക്ക് യിസ്ഹാക്കിനോട് അസൂയ ഉണ്ടായി.

> "അവന്ന് ആട്ടിൻകൂട്ടങ്ങളും മാട്ടിൻകൂട്ടങ്ങളും വളരെ ദാസീദാസൻമാരും ഉണ്ടായിരുന്നതുകൊണ്ട് ഫെലിസ്ത്യർക്ക് അവനോട് അസൂയ തോന്നി."
>
> ഉല്പത്തി 26 : 14

അസൂയാലുക്കളായ ശത്രുക്കൾ ദൈവപൈതലിനെ ഉപദ്രവിച്ചു.

> "അവന്റെ പിതാവായ അബ്രാഹാമിന്റെ കാലത്ത് അവന്റെ പിതാവിന്റെ ദാസൻമാർ കുഴിച്ചിരുന്ന കിണറൊക്കെയും ഫെലിസ്ത്യർ മണ്ണിട്ടു

നികത്തിക്കളഞ്ഞിരുന്നു." 26 : 15

ശത്രുവിൽനിന്നുള്ള പീഢകളും ഉപദ്രവങ്ങളും ദൈവജനത്തിന്റെ അവകാശമാണ്. സെ. പോൾ ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

"എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവമുണ്ടാകും" 2 തീമോഥെയോസ് 3 : 12

"ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടമനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു."

ഫിലിപ്യർ 1 : 29

"കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ തന്നെ അറിയുന്നുവല്ലൊ." 1 തെസ്സ 3 : 3

ദാവീദ് രാജാവ് ഒരിക്കൽ പറഞ്ഞു :

"കാരണം കൂടാതെ എന്നെ പകയ്ക്കുന്നവർ എന്റെ തലയിലെ രോമത്തിലും അധികമാകുന്നു. വൃഥാ എനിക്കു ശത്രുക്കളായി എന്നെ സംഹരിപ്പാൻ ഭാവിക്കുന്നവർ പെരുകിയിരിക്കുന്നു."

സങ്കീ. 69 : 4

ദൈവപൈതലേ, ദൈവത്തിന്റെ അനുഗ്രഹം നിനക്ക് ലഭിക്കണമെങ്കിൽ ശത്രുവിന്റെ എതിർപ്പുകളെയും ആക്രമണങ്ങളെയും നീ പതറാതെ അഭിമുഖീകരിക്കണം. യേശുക്രിസ്തുവിന്റെ ഭാവത്തോടു കൂടി, യേശുവിന്റെ നാമത്തിൽ ദുഷ്ടനോട് നീ എതിർത്തു നില്ക്കണം.

മൂന്ന്, യിസ്ഹാക്ക് ശത്രുവിനോട് എതിർത്തുനിന്നു.

> "തന്റെ പിതാവായ അബ്രാഹാമിന്റെ കാലത്ത് കുഴിച്ചതും അബ്രാഹാം മരിച്ചശേഷം ഫെലിസ്ത്യർ നികത്തിക്കളഞ്ഞതുമായ കിണറുകൾ യിസ്ഹാക്ക് പിന്നെയും കുഴിച്ച് തന്റെ പിതാവ് അവയ്ക്ക് ഇട്ടിരുന്ന പേർ തന്നേ ഇട്ടു."
>
> ഉല്പത്തി 26 : 18

പിതാവിന്റെ കാലത്ത് കിണർ കുഴിച്ചിരുന്നു. ഉറവ പൊട്ടിപ്പുറപ്പെട്ടിരുന്നു. അവ വരണ്ടുണങ്ങിയ ഭൂമിയെ കുളുർപ്പിക്കുകയും ഫലഭൂയിഷ്ഠമാക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇന്നോ, ഉറവയെല്ലാം നിലച്ചു. ശത്രു വന്ന് കിണറുകളെല്ലാം നികത്തിക്കളഞ്ഞു.

ഇക്കാര്യം ഇന്ന് വളരെയേറെ സത്യമല്ലേ? ഇന്നത്തെ തലമുറയ്ക്ക് ഇക്കാര്യം പ്രസക്തമല്ലേ? പിതാക്കന്മാരുടെ നാളുകളിലുണ്ടായിരുന്ന വിശ്വാസവും വിശുദ്ധിയും ഇന്ന് കൈമോശം വന്നിരിക്കയല്ലേ? പിതാക്കന്മാർ സത്യവിശ്വാസത്തിൽ അടിയുറച്ച് നിന്ന് ലോകത്തോട് താദാത്മ്യം പ്രാപിക്കാതെ, ലോകത്താലുള്ള മാലിന്യം സ്പർശിക്കാതെ നിന്നിരുന്നവരല്ലേ? ഇന്ന് പിതാക്കന്മാർ സമ്പാദിച്ച് വെച്ച വിശുദ്ധി, ദൈവസ്നേഹം എന്നിവ നഷ്ടപ്പെട്ടിരിക്കുകയല്ലേ?

ആത്മാവിന്റെ ഉറവ ഇന്ന് പൊട്ടിപ്പുറപ്പെടുന്നുണ്ടോ? തോട്ടം നനപ്പാൻ ഒരു നദി പുറപ്പെട്ടു. അത് പീശോൻ, ഗീഹോൻ, ഹിദ്ദേക്കൽ, ഫ്രാത്ത് എന്നിങ്ങനെ നാലു കൈവഴികളായി ഒഴുകി ഇന്ന് തോട്ടം നനയ്ക്കുന്നുണ്ടോ? ഇന്ന് തോട്ടം വരണ്ട് കിടക്കുകയല്ലേ? പുഷ്പിക്കാറായ നടുതല കരിഞ്ഞു നില്ക്കുകയല്ലേ? നല്ല ശ്രേഷ്ഠഫലം ലഭിക്കുമെന്ന് സമുന്നത

വാഗ്ദാനം ഉണ്ടായിരുന്ന നടുതല ഇന്ന് ഉണങ്ങി നില്ക്കുകയല്ലേ?

കാരണമെന്ത്? ഫെലിസ്ത്യർ കിണർ മണ്ണിട്ടു നികത്തിക്കളഞ്ഞു. ചപ്പുചവറുകളും മണ്ണും കല്ലും മുള്ളും മുരടുമെല്ലാമിട്ട് കിണറ് നികത്തിക്കളഞ്ഞു. അവിടെ കിണറുണ്ടായിരുന്നു എന്ന് ചില നേരിയ ലക്ഷ്യങ്ങൾ മാത്രമിന്നുണ്ട്. പക്ഷേ കിണറ് നികന്ന് കിടക്കുകയാണ്.

യിസ്ഹാക്ക് എന്തു ചെയ്തു.?

ഫെലിസ്ത്യർ നികത്തിക്കളഞ്ഞ കിണറുകൾ യിസ്ഹാക്ക് പിന്നെയും കുഴിച്ചു. തന്റെ പിതാവ് അവയ്ക്ക് ഇട്ടിരുന്ന പേർ തന്നേ ഇട്ടു.

ശത്രു എന്തെല്ലാം ഇട്ട് കിണറ് മൂടിക്കളഞ്ഞുവോ, അവയെല്ലാം യിസ്ഹാക്ക് മാറ്റി. ശ്രമകരമായ ഒരു ജോലിയായിരുന്നു അത്. ക്ഷമയോടെ ഇരുന്ന്, കല്ലും മുള്ളും ചപ്പും ചവറും അഴുക്കും വിടക്കും എല്ലാം കുഴിച്ചു മാറ്റി. അസഹ്യമായ ദുർഗന്ധം സഹിച്ചുകൊണ്ട് എല്ലാം എടുത്തു മാറ്റി.

സ്നേഹിതാ, അനുഗ്രഹം വേണമെങ്കിൽ സകല അഴുക്കും ഒന്നൊന്നായി എടുത്ത് മാറ്റണം. ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി നിന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം ചികഞ്ഞെടുത്ത് ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണം. അനുതാപത്തോടും കണ്ണുനീരോടും കൂടെ കഴിഞ്ഞകാല പാപങ്ങൾ ഏറ്റു പറയണം. എണ്ണിയാൽ തീരാത്ത പാപങ്ങൾ എല്ലാം കരുണയുള്ള കർത്താവ് ക്ഷമിച്ചു തരും. മുഴുവൻ പൊറുത്തു തരും.

പിതാവായ അബ്രാഹാം ഇട്ടിരുന്ന പേർ തന്നേ ഇട്ടു. പിതാക്കന്മാരുടെ കാലത്തെ വിശുദ്ധിയും വിശ്വസ്തതയും

സ്നേഹവും തിരികെ പ്രാപിക്കണം.

യിസ്ഹാക്ക് അനുഗ്രഹം അനുഭവിക്കുവാനുണ്ടായ നാലാമത്തെ കാരണം, വീണ്ടും ശത്രു അവകാശം പറഞ്ഞപ്പോൾ മത്സരിക്കാതെ മറ്റൊരു കിണറു കുഴിച്ചു.

യിസ്ഹാക്ക് കിണറു കുഴിച്ചപ്പോൾ ശത്രു അവകാശം പറഞ്ഞു വന്നു. മാറി വേറൊരു കിണറു കുഴിച്ചപ്പോഴും ശത്രു അവകാശം പറഞ്ഞു. പിന്നെയും മറ്റൊന്നു കുഴിച്ചു.

സ്നേഹിതാ, നിന്റെ ആത്മീയ ജീവിതത്തിൽ പോലും ശത്രു അവകാശം പറയുന്നതെന്തെങ്കിലും ഉണ്ടോ എന്ന് ശോധന ചെയ്യണം. എന്റെ കൃപാവരം, എന്റെ പ്രസംഗം, എന്റെ ശുശ്രൂഷ, എന്റെ സംഘടനാപാടവം, എന്റെ ഗാന മാധുരി എന്നിങ്ങനെ ഞാൻ സ്വന്തമായി കുഴിക്കുന്ന കിണറുകളിൽ എന്റെ സ്വയപ്രശംസകൊണ്ടും സ്വയമഹത്വം കൊണ്ടും ശത്രു അവകാശം പറയാവുന്നതാണ്.

യിസ്ഹാക്ക് സ്വന്തമായി കുഴിച്ച കിണറുകളുടെ പേര് ഏശക് എന്നും സിത്നാ എന്നുമാണ്. ഏശക് എന്നതിന് പിണക്കം (contention) എന്നും സിത്നാ എന്നതിന് വെറുപ്പ്, വിദ്വേഷം (hatred) എന്നുമാണ് അർത്ഥം. ഈ രണ്ട് കിണറുകളും യിസ്ഹാക്ക് സ്വന്തമായി കുഴിച്ചവയാണ്. അവയിൽ യിസ്ഹാക്കിന് ശത്രുവിനോടുള്ള അസഹിഷ്ണുതയും വഴക്കും പിണക്കവും വിദ്വേഷവും ഉണ്ടായിരുന്നു. അതുകൊണ്ട് ശത്രു അവയ്ക്കായി ശണ്ഠയിട്ടു.

മൂന്നാമത് കുഴിച്ച കിണറിന് രെഹോബോത്ത് എന്നു പേരിട്ടു. അത് ബേർ-ശേബയുടെ സമീപമാണ്. ബേർ-ശേബയും ബേർ-ലഹയീ-രോയിയും അബ്രാഹാമിന്റെ കാലത്തെ കിണറുകളാണ്. ബേർ-ലഹയീ-രോയി എന്നാൽ the well of Him

who liveth and seeth me (എന്നെ കാണുന്ന ജീവിക്കുന്ന ദൈവത്തിന്റെ കിണറ്) എന്നർത്ഥം. ബേർ-ശേബ എന്നാൽ the well of oath or covenant (നിയമത്തിന്റെ അല്ലെങ്കിൽ ഉടമ്പടിയുടെ കിണറ്) എന്നർത്ഥം.

അബ്രാഹാംമിന്റെ കാലത്തെ പഴയ കിണറുകളുടെ അരികത്ത് യിസ്ഹാക്ക് താമസിച്ചപ്പോൾ ശത്രു അവകാശം പറയാതായി. രെഹോബോത്ത് എന്നതിന് enlargement (വിപുലീകരണം) എന്നാണർത്ഥം. വിപുലീകരണത്തിന്റെ അനുഭവത്തിൽ യിസ്ഹാക്ക് എത്തിച്ചേർന്നു. അപ്പോൾ ശത്രുവിന്റെ സ്വാധീനം മാറി.

പുണ്യവാൻമാരായ പിതാക്കന്മാരുടെ പഴയകാല വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും അനുഭവത്തിലെത്തിച്ചേർന്നാൽ ആത്മാവിന്റെ നിറവും വളർച്ചയും ഉണ്ടാകും. ആത്മനിറവിന്റെ അനുഭവത്തിൽ മാത്രമേ ശത്രുവിന്റെ സ്വാധീനവും അവകാശവും നിശ്ശേഷം മാറിനില്ക്കുകയുള്ളൂ.

യിസ്ഹാക്കിന് അനുഗ്രഹം ലഭിച്ചതിന്റെ അഞ്ചാമത്തെ കാരണം യിസ്ഹാക്ക് അവിടെ ആരാധന നടത്തിയതാണ്.

> "അവിടെ അവൻ ഒരു യാഗപീഠം പണിതു,
> യഹോവയുടെ നാമത്തിൽ ആരാധിച്ചു."
> ഉല്പത്തി 26 : 25

ജീവിതത്തിൽ യാഗപീഠം പണിയുകയും ആരാധിക്കുകയും ചെയ്യുക എന്നത് ആത്മീയ ജീവിതത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും അത്യാവശ്യമാണ്. അബ്രാഹാം യാഗപീഠം പണിതു. യിസ്ഹാക്ക് യാഗപീഠം പണിതു. ദാവീദ് യാഗപീഠം പണിതു. ഏലിയാവ് യാഗപീഠം പണിതു.

യാഗമില്ലാതെ ആരാധനയില്ല. തനിക്കുള്ളതെല്ലാം യാഗ

മായി അർപ്പണം ചെയ്യുന്നതാണ് ആരാധന. ക്രിസ്തു തന്നെ ത്തന്നെ യാഗമായി അർപ്പണം ചെയ്താണ് ശത്രുവിന്റെ തല തകർത്തത്. തന്നത്താൻ ത്യജിച്ച് കുരിശെടുത്ത് ക്രിസ്തു വിന്റെ പിന്നാലെ പോകാൻ സമർപ്പിക്കുന്നതാണ് ബുദ്ധി യുള്ള ആരാധന. അത് വിശുദ്ധിയുടെ ആരാധനയാണ്. അത് ജീവന്റെ ആരാധനയാണ്. ബന്ധനങ്ങൾ അഴിയുമ്പോ ഴുള്ള നന്ദിയുടെ ആരാധനയാണത്. ഐക്യത്തിലും സ്നേഹ ത്തിലും ദൈവത്തിന് മഹത്വം കരേറ്റുന്ന ആരാധനയാണത്.

ബഹുമാന്യ സഹോദരാ, പ്രിയ സഹോദരീ, സ്വർഗ്ഗീയാനു ഗ്രഹം നിറപടിയായി അനുഭവിക്കുവാൻ നീ ആഗ്രഹിക്കു ന്നുവോ? യിസ്ഹാക്ക് വർദ്ധിച്ച് വർദ്ധിച്ചു മഹാധനവാനായി ത്തീർന്നതു പോലെ ജീവിതത്തിൽ ഐശ്വര്യവും സമാധാന സമൃദ്ധിയും നേടുവാൻ നീ കൊതിക്കുന്നുവോ?

എങ്കിൽ ശത്രു നികത്തിക്കളഞ്ഞ കിണറുകൾ വീണ്ടും കുഴിക്കുക. പഴയകാല സമർപ്പണങ്ങൾ, മൂടിപ്പോയവ, വീണ്ടും താഴ്ത്തുക. ആദ്യകാല ലഹരിയിലേക്ക് മടങ്ങിവരിക. ആത്മാ വിന്റെ പഴയകാലാനുഭവങ്ങൾക്കായി പുതിയ സമർപ്പണവും പ്രതിഷ്ഠയും എടുക്കുക. ആദ്യസ്നേഹം പുതുക്കുക.

നമുക്ക് പ്രാർത്ഥിക്കാം. ജീവനുള്ള ദൈവമേ, ശത്രു നിക ത്തിക്കളഞ്ഞതെല്ലാം വീണ്ടും താഴ്ത്താനും പുതിയ ജീവ ഉറവയുടെ കുളിർമ അനുഭവിക്കാനും എന്നെ ആഹ്വാനം ചെയ്തതിനാൽ സ്തോത്രം. ആദ്യസ്നേഹത്തിലേക്ക് മടക്കി വരുത്തണമേ.

# മൂന്ന്

"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" ഉല്പത്തി 32 : 26

ദൈവം അബ്രാഹാമിനെ അനുഗ്രഹിച്ചതായും ദൈവം യിസ്ഹാക്കിനെ അനുഗ്രഹിച്ചതായും അനുഗ്രഹത്തിനുള്ള വ്യവസ്ഥകളെന്തെല്ലാമെന്നും നാം കഴിഞ്ഞ അദ്ധ്യായങ്ങളിൽ ചിന്തിച്ചുവല്ലോ. ഇനി യാക്കോബിന് ലഭിച്ച അനുഗ്രഹത്തെക്കുറിച്ച് ചിന്തിക്കാം.

അബ്രാഹാം വിശ്വാസികളുടെ പിതാവാണ്. വിശ്വാസം, അനുസരണം, സ്വയത്യാഗം, ദൈവികസഖിത്വം എന്നിവയുടെ മൂർത്തിമദ്ഭാവമാണ് അബ്രാഹാം.

യിസ്ഹാക്ക് അനുസരണത്തിന്റെയും നിഷ്ക്കളങ്കതയുടെയും പ്രതീകമാണ്. പിതൃഭക്തി, സ്നേഹം, ഹൃദയനൈർമല്യം, അനുസരണം, ദൈവാശ്രയം എന്നിവയുടെ സമഞ്ജസമ്മേളനമാണ് യിസ്ഹാക്കിന്റെ ആളത്വം.

എന്നാൽ യാക്കോബ് അങ്ങനെയല്ല. യാക്കോബ് കൗശലക്കാരനാണ് ; സൂത്രശാലിയാണ്; കാര്യം കാണാൻ തന്ത്രം

പ്രയോഗിക്കാൻ മടിക്കാത്തവനാണ്; കണ്ണുകാഴ്ചയില്ലാത്ത അപ്പനെ നുണ പറഞ്ഞ് കബളിപ്പിച്ചവനാണ്. ബുദ്ധികൊണ്ടും യുക്തിയുടെ കണക്കുക്കൂട്ടലുകൾകൊണ്ടും ഏത് പ്രതിസന്ധിയെയും അതിജീവിക്കാമെന്ന് ധരിച്ചിരുന്നവനാണ്.

"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" എന്ന് യാക്കോബ് ദൈവത്തോട് നിർബന്ധമായി പറയുകയാണ്.

ഇരുപത് വർഷം മുൻപ് യൗവനത്തിന്റെ ആരംഭകാലത്ത് ഒരു ദിവസം റിബേക്ക യാക്കോബിനെ നേരം പുലരുന്നതിനു മുമ്പ് വിളിച്ചുണർത്തി. ഉറക്കച്ചടവോടെ, കണ്ണു തിരുമ്മി നിന്ന മോനോട് അമ്മ പറഞ്ഞു :

> "നിന്റെ സഹോദരൻ ഏശാവ് നിന്നെ കൊന്നു പകവീട്ടാൻ ഭാവിക്കുന്നു. ആകയാൽ മകനെ, എന്റെ വാക്കുകേൾക്കു : നീ എഴുന്നേറ്റ് ഹാരാനിൽ എന്റെ സഹോദരനായ ലാബാന്റെ അടുക്കലേക്ക് ഓടിപ്പോക." ഉല്പത്തി 27 : 43

അന്ന് ഓടി, ഓടി ക്ഷീണിച്ച് തളർന്ന് ബേർ-ശേബാ മരുഭൂമിയിൽ ഒരിടത്ത് കല്ല് തലയിണയായിവെച്ച് കിടന്നുറങ്ങി. അപ്പോൾ സ്വർഗ്ഗത്തോളം എത്തുന്ന ഒരു ഗോവണി അവൻ സ്വപ്നം കണ്ടു. മുകളിലത്തെ തട്ടിൽ ദൈവം നിന്ന് അവനോടരുളിച്ചെയ്യുന്നു :

> "നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും... ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേയ്ക്ക് നിന്നെ മടക്കി വരുത്തും." ഉല്പത്തി 28 : 13 - 15

അതിശയകരമായ ആ ദർശനം കണ്ടപ്പോൾ യാക്കോബ് ദൈവസന്നിധിയിൽ ചില തീരുമാനങ്ങൾ ചെയ്തു. യാക്കോബ് ദൈവത്തോട് ഉടമ്പടി ചെയ്തു; തന്നെതന്നെ സമർപ്പിച്ചു.

ബേഥേലിൽനിന്ന് യാത്ര ചെയ്ത് യാക്കോബ് ഹാരാനിലെത്തി. അവിടെ ലാബാന്റെ ഭവനത്തിൽ ഇരുപത് വർഷം താമസിച്ചു. സംഭവബഹുലമായ ജീവിതത്തിൽ യാക്കോബ് ദൈവത്തോട് പറഞ്ഞ വാക്ക് മറന്നു. ദൈവം തനിക്ക് നൽകിയ വാഗ്ദത്തങ്ങളും മറന്നു.

ഏഴു വർഷം ലേയയ്ക്കുവേണ്ടിയും പിന്നെ ഏഴു വർഷം റാഹേലിനുവേണ്ടിയും ലാബാനെ സേവിച്ചു. അടുത്ത ആറു കൊല്ലം ആടുമാടുകൾക്കുവേണ്ടിയും ജീവിച്ചു.

“അപ്പാ, ഞാൻ നിന്റെ മകൻ ഏശാവ്” , എന്ന് പറഞ്ഞ് വയോവൃദ്ധനും കാഴ്ച മങ്ങിയവനുമായ യിസ്ഹാക്കിനെ കബളിപ്പിച്ച യാക്കോബിനെ അമ്മാവനായ ലാബാൻ ചതിച്ചു. റാഹേൽ ആണെന്ന് ധരിപ്പിച്ച് ലേയയെ ഭാര്യയായി കൊടുത്തു. യാക്കോബ് അപ്പന്റെ മുമ്പിൽ ചതി ചെയ്തതിന് ഏഴു വർഷത്തിനുശേഷം യാക്കോബിനെ അമ്മാവൻ ചതിച്ചു.

കൗശലവും തന്ത്രവും പ്രയോഗിച്ച് യാക്കോബ് ആടുമാടുകളെ കൂടുതൽ സമ്പാദിച്ചു. ബുദ്ധികൊണ്ട് അവൻ സമ്പന്നനായി.

എന്നാൽ യാക്കോബ് ലാബാന്റെ ഭവനം വിട്ട് പോകേണ്ടിവന്നു. ഭാര്യമാരെയും മക്കളെയും ദാസീദാസൻമാരെയും ആടുമാടുകളെയും കൂട്ടി യാക്കോബ് പുറപ്പെട്ടു.

അപ്പോഴാണ് ഒരു ഭീകരസത്യം യാക്കോബിനെ അലട്ടിയ

ത്. സഹോദരനായ ഏശാവ് നാനൂറ് ആളുകളുമായി തന്നെ എതിരേല്പാൻ വരുന്നു എന്ന് കേട്ടപ്പോൾ അവൻ ഞെട്ടിപ്പോയി. എങ്ങനെ ഏശാവിന്റെ കൈയിൽനിന്ന് രക്ഷ പ്രാപിക്കാം? യാക്കോബിന്റെ ബുദ്ധി നല്ലവണ്ണം പ്രവർത്തിച്ചു. യാക്കോബ് ഏശാവിന് സമ്മാനങ്ങൾ കൊടുത്ത് അവരെ വശീകരിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തു.

> "എനിക്ക് മുമ്പായി പോകുന്ന സമ്മാനം കൊണ്ട് അവനെ ശാന്തമാക്കീട്ട് പിന്നെ ഞാൻ അവന്റെ മുഖം കണ്ടുകൊള്ളാം."
>
> ഉല്പത്തി 32 : 20

യാക്കോബ് യാബ്ബോക്ക് കടവിൽ എത്തി. ഭാര്യമാരെയും മക്കളെയും ദാസീദാസൻമാരെയും ആടുമാടുകളെയും അക്കരെ കടത്തി, യാക്കോബ് മാത്രം ഇക്കരെ ശേഷിച്ചു.

ഏശാവ് വന്ന് തന്റെ പ്രിയപ്പെട്ടവരെ നശിപ്പിച്ചാൽ ഇക്കരെയെത്തുന്നതിന് മുമ്പ് ഓടി രക്ഷപ്പെടാമല്ലോ എന്നാണ് യാക്കോബിന്റെ കണക്കുകൂട്ടൽ. യാക്കോബിന്റെ സ്വയം - self - ego - തകർന്നാലേ യാക്കോബിനെ അനുഗ്രഹിപ്പാൻ സാധിക്കുകയുള്ളൂ എന്ന് ദൈവത്തിന് അറിയാമായിരുന്നു. അതുകൊണ്ട് അവന്റെ സ്വയത്തെ തകർക്കുവാൻ നിത്യനായ ദൈവം തന്നെ ഇറങ്ങി വന്നു യാക്കോബിനോട് പോരാടി.

യാക്കോബിന്റെ സ്വയം ഉടയുന്നില്ല എന്നും ദൈവകൃപയാൽ മാത്രമേ സാക്ഷാത്തായ സംരക്ഷണം ലഭിക്കുകയുള്ളൂ എന്ന് അവൻ ഗ്രഹിക്കുന്നില്ല എന്നും കണ്ടപ്പോൾ ദൈവം യാക്കോബിന്റെ തുടയുടെ തടത്തിൽ തൊട്ടു. തുട ഉളുക്കിപ്പോയി.

അറ്റകൈ ഓടി രക്ഷപ്പെടാം എന്ന ആശ അതോടെ തകർന്നു. അപ്പോൾ യാക്കോബ് ദൈവത്തെ മുറുകെ പിടിച്ചു :

"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല." ഉല്പത്തി 32 : 26

സ്നേഹിതാ, നിന്റെ ജീവിതത്തിൽ ദൈവം നിന്നെക്കുറിച്ച് ആശവെച്ചിരിക്കുന്നിടത്ത് നിന്നെ എത്തിക്കുന്നതിന് നിന്റെ ആളത്വത്തിൽ മറഞ്ഞിരിക്കുന്ന സ്വയം തകർന്നേ മതിയാകൂ.

നിനക്ക് നിന്നിൽത്തന്നെ ആശ്രയമുണ്ട്. നിന്റെ സ്വന്തബുദ്ധിയിലും സ്വന്തശക്തിയിലും അഭിമാനമുണ്ട്. 'ഞാൻ' എന്ന ego നിന്നെ തളച്ചിട്ടിരിക്കയാണ്.

പ്രശസ്ത മന:ശാസ്ത്രജ്ഞനായ ഫ്രോയിഡ് പറഞ്ഞു :

What man needs is pleasure - sexual pleasure - മനുഷ്യന് ആവശ്യമായിരിക്കുന്നത് ലൈംഗിക സുഖമാണ്.

അഡ്ലർ പറഞ്ഞു :

What man needs is power. മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം അധികാര ശക്തിയാണ് – അതായത് സ്വയം.

ജംഗ് (Jung) പറഞ്ഞു :

What man needs is knowledge - deep knowledge. മനുഷ്യന് ഏറ്റവും ആവശ്യമായിരിക്കുന്നത് ആഴമേറിയ അറിവാണ്.

പാസ്ക്കൽ പറഞ്ഞു :

These are the three ways by which man runs away from God - മനുഷ്യൻ ദൈവത്തിൽനിന്ന് ഓടിപ്പോകുന്ന വഴികളാണ്

ഇവ മൂന്നും.

അഡ്‌ലറും ജംങ്ങും പറഞ്ഞത് self അഥവാ സ്വയം എന്ന പാപത്തെപ്പറ്റിയാണ്.

Sex, silver, self എന്ന് മൂന്ന് പദങ്ങൾ – മനുഷ്യന്റെ ഈ സഹജചോദനകളെപ്പറ്റി ചിന്തകൻമാർ പറയുന്നുണ്ട്. Girl, gold, glory എന്നീ പദങ്ങളും ഇവയ്ക്കു സമാനമായി പറയാവുന്നതാണ്.

ലൈംഗികവാസന, ദ്രവ്യാഗ്രഹം, സ്വയം എന്നീ മൂന്നു കാര്യങ്ങളാണ് മനുഷ്യനെ കാർന്നുതിന്നുന്ന ഭീകര പിശാചുക്കൾ. ഈ മൂന്ന് വാസനകളുടെയും അനിയന്ത്രിതമായ സ്വാധീനം യാക്കോബിനെ വലയം ചെയ്തിരുന്നു. അവയിൽനിന്ന് യാക്കോബിനെ വിടുവിച്ചെങ്കിൽ മാത്രമേ സാക്ഷാത്തായ അനുഗ്രഹത്തിൽ അവനെ എത്തിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള പരിശ്രമമായിരുന്നു ദൈവം യാക്കോബിനോട് ദ്വന്ദ്വയുദ്ധം ചെയ്തു എന്ന് ആലങ്കരിക ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നത്.

“നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല.” യാക്കോബിന് മനസ്സിലായി ഓടി രക്ഷപ്പെടാൻ സാദ്ധ്യമല്ല എന്ന്. ദൈവസഹായവും അനുഗ്രഹവും ഉണ്ടെങ്കിൽ മാത്രമേ ഏശാവിന്റെ മുമ്പിൽ രക്ഷപ്പെടാൻ കഴിയൂ എന്ന്. തുട ഉളുക്കിപ്പോയി. അന്നു മുതൽ യാക്കോബ് നടക്കുവാൻ വടിയുടെ സഹായം തേടി എന്ന് എബ്രായ ലേഖനത്തിൽ നാം വായിക്കുന്നു.

> “വിശ്വാസത്താൽ യാക്കോബ് മരണക്കാലത്തിങ്കൽ യോസേഫിന്റെ മക്കളെ ഇരുവരെയും അനുഗ്രഹിക്കുകയും തന്റെ വടിയുടെ അറ്റത്ത് ചാരി

> ക്കൊണ്ട് നമസ്ക്കരിക്കുകയും ചെയ്തു."
> എബ്രായർ 11 : 21

"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" , എന്ന് യാക്കോബ് പറഞ്ഞപ്പോൾ ദൈവം ചോദിക്കുന്നു–

"നിന്റെ പേർ എന്ത്?"

"യാക്കോബ്" , എന്നവൻ പറഞ്ഞു.

ഇരുപത് വർഷം മുമ്പ് കണ്ണു കാഴ്ച മങ്ങിയവനായ സ്വന്തം പിതാവിന്റെ മുമ്പിൽ, "അപ്പാ, ഞാൻ നിന്റെ മകൻ ഏശാവ്", എന്ന് കളവ് പറഞ്ഞ് അപ്പനെ കബളിപ്പിച്ചതാണ്. ആ തെറ്റ് തിരുത്താതെ യാക്കോബിനെ അനുഗ്രഹിപ്പാൻ ദൈവത്തിന് കഴിയുകയില്ല.

മാന്യ സ്നേഹിതാ, നിനക്ക് ദൈവത്തിന്റെ അനുഗ്രഹം വേണമെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ പറ്റിയ തെറ്റുകൾ തിരുത്തിയേ പറ്റൂ.

എവിടെ പശ്ചാത്താപമുണ്ടോ? അവിടെ അനുഗ്രഹമുണ്ട്. എവിടെ അനുതാപമുണ്ടോ, അവിടെ അനുഗ്രഹമുണ്ട്. എവിടെ കുറ്റബോധമുണ്ടോ, അവിടെ അനുഗ്രഹമുണ്ട്.

> "അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." യെശയ്യാ 66 : 2

ധൂർത്തപുത്രൻ അനുതപിച്ചു വന്നപ്പോൾ അവനുവേണ്ടി വിരുന്നൊരുക്കി. അവനെ അപ്പന്റെ വിരുന്നുമേശയിലിരുത്തി. ദാവീദ് അനുതപിച്ചപ്പോൾ ദൈവം ദാവീദിനെ അനുഗ്രഹി

ച്ചു, പാപമോചനം നൽകി. തള്ളിപ്പറഞ്ഞ പത്രോസ് അനുത പിച്ചപ്പോൾ അവനെ യഥാസ്ഥാനപ്പെടുത്തി മഹത്വമാർന്ന വേല ഭരമേല്പിച്ചു. യോനാപ്രവാചകൻ അനുതപിച്ചപ്പോൾ യോനയെ എത്തേണ്ടിടത്ത് എത്തിച്ചു.

തെറ്റു പറ്റണമെന്നില്ല. എന്നാൽ തെറ്റു പറ്റാം. തെറ്റു പറ്റി യത് കണ്ടുപിടിച്ച്, അനുതപിച്ച്, തിരുത്തുന്നതാണ് ദൈവ ത്തിന്റെ അനുഗ്രഹത്തിന് നിദാനം.

യാക്കോബ് വേദനയോടെ ഓർത്തു, എന്റെ അപ്പനോട് ഞാൻ നുണ പറഞ്ഞ് അപ്പനെ ചതിച്ചു പോയല്ലോ. ഇതാ, മരണം മുഖാമുഖം വന്നെത്തിനില്ക്കയാണ്. ദൈവാനുഗ്രഹ മില്ലാതെ ജീവിക്കാൻ സാദ്ധ്യമല്ല. ഞാൻ യാക്കോബ് എന്ന് അവൻ ഏറ്റു പറഞ്ഞു. അപ്പോൾ ജീവനുള്ള ദൈവത്തിന്റെ അനുഗ്രഹം അവന് ലഭിക്കുകയാണ്.

> "നീ ദൈവത്തോടും മനുഷ്യരോടും മല്ലു പിടിച്ച് ജയിച്ചതുകൊണ്ട് നിന്റെ പേർ ഇനി യാക്കോബെ ന്നല്ല യിസ്രായേൽ എന്ന് വിളിക്കപ്പെടും."
>
> ഉല്പത്തി 32 : 28

ഒരു പുതിയ പേര് യാക്കോബിന് ലഭിക്കുകയാണ്. പഴയ തെല്ലാം മാഞ്ഞു പോവുകയാണ്. ഒരു പുതിയ ജീവിതം തുടങ്ങുകയാണ്.

> "ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരി ക്കലും അവിടെനിന്ന് പോകയില്ല, എന്റെ ദൈവ ത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽനിന്ന്, സ്വർഗ്ഗത്തിൽനിന്നു തന്നേ, ഇറ ങ്ങുന്ന പുതിയ യരുശലേം എന്ന എന്റെ ദൈവ

ത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും.”

വെളിപ്പാട് 3 : 12 - 13

പ്രിയ സ്നേഹിതാ, ദൈവത്തിന്റെ അനുഗ്രഹം നിനക്കു വേണമോ? ഒരു പുതിയ പേര് നിനക്ക് വേണമോ? എങ്കിൽ നീ നിന്റെ ആളത്വം എങ്ങനെയുള്ളത് എന്ന് തിരിച്ചറിയുക. നിന്റെ പഴയ ആളത്വം സമ്പൂർണ്ണമായി ഉടഞ്ഞ്, തകർന്ന് ഒരു പുതിയ ആളത്വമാകാൻ ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്നെത്തന്നെ സമർപ്പിക്കുക. ഒരു പുതിയ ജീവിതം ഇന്നു മുതൽ നയിക്കുമെന്ന് ക്രിസ്തുവിനോട് വാക്ക് പറയുക. നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യൻ.

നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള സ്വർഗ്ഗീയ പിതാവേ, ഞങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങൾക്കായി സ്തോത്രം. തന്ന സ്വർഗ്ഗീയ വചന ങ്ങൾക്കായി സ്തോത്രം. ദിവ്യ ആലോചനകൾക്കായി സ്തോത്രം. യാക്കോബ് യിസ്രായേലായതുപോലെ എന്നെയും രൂപാന്തരപ്പെടുത്താൻ അവിടുത്തെ പ്രവൃത്തി എന്നിൽ ആരം ഭിച്ചതിനാൽ സ്തോത്രം. ആ പ്രവൃത്തി എന്നിൽ തികയ്ക്ക ണമേ. പൂർത്തീകരിക്കണമേ.

## നാല്

"ഇതാ, ഞാൻ ഇന്ന് അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു. ഇന്ന് ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ നിങ്ങൾ അനുസരിക്കുന്നു എങ്കിൽ അനുഗ്രഹവും നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിയ്ക്കാതെ ഇന്ന് ഞാൻ നിങ്ങളോട് കല്പിക്കുന്ന വഴിയെ വിട്ടുമാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നു എങ്കിൽ ശാപവും വരും."

ആവർത്തനം 11 : 26 – 28

"ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു...."

ആവ. 30 : 19

ദൈവം അനുഗ്രഹിക്കുന്നവനാണ്. ദൈവം ആരെയും ശപിക്കാൻ ആഗ്രഹിക്കുന്നില്ല. എല്ലാവരും സുഖമായും ശുഭ

മായും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. വയോവൃദ്ധനായ യോഹന്നാൻ അപ്പോസ്തലൻ ഗായോസിന് എഴുതി :

> "പ്രിയനേ, നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു." 3 യോഹ : 2

എന്നാൽ മനുഷ്യൻ പൈശാചികന് ഇടം കൊടുക്കുമ്പോൾ സാത്താൻ അവനിൽ അവകാശം പറയുന്നു. തൻമൂലം "അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനും വരുന്ന" (യോഹ. 10:10) ദുഷ്ടനായ സാത്താൻ അവനെ വിവിധ രീതിയിൽ ശാപകരമായ അനുഭവങ്ങളിലേക്ക് നയിക്കുന്നു. അങ്ങനെ മനുഷ്യൻ ശപിക്കപ്പെട്ടവനാകുന്നു.

തലമുറകളായുള്ള ശാപങ്ങൾ മനുഷ്യന്റെമേൽ ആധിപത്യം പുലർത്തുകയും അനേകം കേടുകളും കെടുതികളും മനുഷ്യനുളവാക്കുകയും ചെയ്യുന്നു. പൂർവ്വീകൻമാരുടെ കാലത്ത് ചെയ്തുപോയ ചില മ്ലേച്ഛവും നീചവുമായ പ്രവൃത്തികളുടെ ദുരന്തഫലം ശാപമായി പിൽക്കാലതലമുറയെ പിൻതുടരുന്നു. അതുമൂലം അനേകമനേകം ദുരിതങ്ങളും നാശങ്ങളും അനുഭവിക്കേണ്ടിവരുന്നു.

എന്നാൽ എല്ലാ ശാപവും അകറ്റുവാൻ ക്രിസ്തു ക്രൂശിൽ മരിച്ചു. ഗലാത്യലേഖനത്തിൽ പൗലോസ് ശ്ലീഹാ പറയുന്നു.

> "ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും നമ്മെ വിലയ്ക്കു വാങ്ങി." ഗലാ 3 : 13

നമ്മുടെ ശാപവും പാപവും മാറ്റുവാനാണ് ക്രിസ്തു ക്രൂശു മരണം വരിച്ചത്. ക്രൂശിൻമേൽ വെച്ച് ക്രിസ്തു സാത്താന്റെ തലയെ തകർത്തു. സകല ശാപവും പാപവും ക്രിസ്തു തന്റെ മേൽ വഹിച്ചു. ശിക്ഷാർഹരായ നമ്മെ ക്രിസ്തു മോചിപ്പിച്ചു.

ആരെല്ലാമാണ് ശപിക്കപ്പെട്ടവൻ എന്ന് തിരുവചനം വ്യക്ത മായി പറയുന്നുണ്ട്.

ഒന്ന്, പാപം ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ.

> “യിസ്രായേലേ, നിന്റെ നടുവിൽ ഒരു ശാപം ഉണ്ട്; ശാപം നിങ്ങളുടെ ഇടയിൽനിന്ന് നീക്കി ക്കളയുംവരെ ശത്രുക്കളുടെ മുമ്പിൽ നില്പാൻ നിനക്കു കഴികയില്ല.” യേശുവ 7 : 13

യിസ്രായേൽ ജനത്തിന്റെ മേൽ ശാപം വരുവാൻ കാരണം അവരിൽ ഒരുവനായ ആഖാൻ പാപം ചെയ്തതായിരുന്നു. ആഖാൻ ദൈവകല്പന ലംഘിച്ചു. യരീഹോ പട്ടണത്തിലു ള്ളതൊക്കെയും യഹോവയ്ക്ക് ശപഥാർപ്പിതം എന്ന് ദൈവം കല്പിച്ചിരുന്നു. യോശുവ 6 : 17

> “ശപഥാർപ്പിതത്തിൽ വല്ലതും എടുത്തിട്ട് യിസ്രായേൽ പാളയത്തിന് ശാപവും അനർത്ഥവും വരുത്താതിരിക്കേണ്ടതിന് ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. വെള്ളിയും പൊന്നും ഒക്കെയും ചെമ്പും ഇരിമ്പും കൊണ്ടുള്ള പാത്രങ്ങളും യഹോ വയ്ക്കു വിശുദ്ധം, അവ യഹോവയുടെ ഭണ്ഡാ രത്തിൽ ചേരേണം.” യോശുവ 6 : 18 – 19

എന്നാൽ ആഖാൻ കൊള്ളയുടെ കൂട്ടത്തിൽനിന്ന് ഒരു

ബാബിലോന്യമേലങ്കിയും ഇരുന്നൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും മോഷ്ടിച്ചു. അവയെ ആഖാൻ കണ്ടു. ആഖാൻ മോഹിച്ചു, ആഖാൻ എടുത്തു, ആഖാൻ ഒളിച്ചു വെച്ചു. യോശുവ 7 : 21

മഹാപാപവും തൻമൂലം ശാപവും സംഭവിച്ചു എന്ന് ആദ്യമാരും അറിഞ്ഞില്ല. ഹായികോട്ടയുടെ നേരെ യുദ്ധത്തിനു ചെന്നപ്പോൾ ചിലർ വധിക്കപ്പെടുകയും യുദ്ധത്തിൽ തോല്ക്കുകയും ചെയ്തപ്പോഴാണ് എല്ലാവരും അമ്പരപ്പിലായത്. യോശുവയും ജനത്തിലെ മൂപ്പൻമാരും ദൈവസന്നിധിയിൽ ഉപവസിച്ച് പ്രാർത്ഥിച്ചു. സന്ധ്യവരെ സാഷ്ടാംഗം വീണു കിടന്ന് കരഞ്ഞു പ്രാർത്ഥിച്ചു. അപ്പോൾ രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവം യോശുവയോടു അരുളിച്ചെയ്തു :

> "എഴുന്നേല്ക്ക; നീ ഇങ്ങനെ സാഷ്ടാംഗം വീണു കിടക്കുന്നത് എന്തിന്? യിസ്രായേൽ പാപം ചെയ്തിരിക്കുന്നു, ഞാൻ അവരോട് കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു. അവർ ശപഥാർപ്പിതം എടുത്തിരിക്കുന്നു, അവർ മോഷ്ടിച്ചു മറവു ചെയ്ത് തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അത് വെച്ചിരിക്കുന്നു."
>
> യോശുവ. 7 : 10 – 11
>
> "യിസ്രായേൽ മക്കൾ ശാപഗ്രസ്തരായിത്തീർന്നതുകൊണ്ട് ശത്രുക്കളുടെ മുമ്പിൽ നില്പാൻ കഴിയാതെ ശത്രുക്കൾക്ക് പുറം കാട്ടേണ്ടിവന്നു. ശാപം നിങ്ങളുടെ ഇടയിൽനിന്ന് നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടുകൂടെ ഇരിക്കയില്ല. നീ എഴുന്നേറ്റ് ജനത്തെ ശുദ്ധീകരിച്ച് അവരോട് പറക : നാളത്തേക്ക് നിങ്ങളെത്തന്നെ

ശുദ്ധീകരിപ്പിൻ; യിസ്രായേലേ, നിന്റെ നടുവിൽ ഒരു ശാപമുണ്ട്; ശാപം നിങ്ങളുടെ ഇടയിൽനിന്ന് നീക്കിക്കളയുംവരെ ശത്രുക്കളുടെ മുമ്പിൽ നില്പാൻ നിനക്കു കഴികയില്ല."

യോശുവ 7 : 12 – 13

ആഖാന് പിടിക്കപ്പെടുന്നതിനു മുമ്പെ ശാപത്തിൽനിന്ന് മോചനം നേടാമായിരുന്നു. വീണു കിടന്ന് കരയുന്ന ദൈവ പുരുഷന്റെ അരികിൽ വന്ന് പാപം ഏറ്റു പറയാമായിരുന്നു. മറച്ചുവെച്ചത് വെളിച്ചത്ത് കൊണ്ടുവരാമായിരുന്നു. ഞാൻ മുഖാന്തിരമാണ് ജനത്തിന് പരാജയവും ഹാനിയും സംഭവിച്ചതെന്ന് കുറ്റം ഏല്ക്കാമായിരുന്നു.

പക്ഷേ ആഖാൻ പിടിക്കപ്പെടുന്നതുവരെ ഒന്നും തുറന്നു പറഞ്ഞില്ല. ആഖാനെ ആഖോർ താഴ്വരയിലേക്ക് കൊണ്ടു പോയി കല്ലെറിഞ്ഞു കൊന്നു.

ഒന്ന്, പാപം ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ.

മാന്യ സ്നേഹിതാ, ഇത് നീ കേൾക്കുമ്പോൾ നിന്റെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുമോ? നിന്റേതല്ലാത്ത എന്തെങ്കിലും നിന്റെ കൈവശമുണ്ടോ? ഉടമസ്ഥനറിയാതെ എന്തെങ്കിലും നീ അപഹരിച്ച് നിന്റേതാക്കി വെച്ചിട്ടുണ്ടോ?

എല്ലാ രഹസ്യങ്ങളും വെളിപ്പെടുന്ന ഒരു നാളുണ്ട്. നിത്യ ന്യായവിധിയുടെ സന്നിധാനത്തിൽ നീ എത്തിച്ചേരുന്ന ഒരു ദിവസമുണ്ട്. അന്ന് ഒന്നും ഒളിക്കാൻ സാദ്ധ്യമല്ല.

"നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കേണ്ടിവരും."

റോമർ 14 : 10

"നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടിവരും." റോമർ 14 : 12

"ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവന് അവർ കണക്ക് ബോധിപ്പിക്കേണ്ടിവരും." 1 പത്രോസ് 4 : 5

ഒന്ന്, പാപം ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ.

രണ്ട്, കർത്താവിനെ സ്നേഹിക്കാത്ത ഏവനും ശപിക്കപ്പെട്ടവൻ.

"കർത്താവിനെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവൻ." കൊരി 16 : 22

നിത്യനായ ദൈവം മനുഷ്യനിൽനിന്ന് ആശിക്കുന്നത് ഒന്നു മാത്രം – മനുഷ്യന്റെ സ്നേഹം. ദൈവം മനുഷ്യ ജീവിതത്തിൽ ചെയ്തതെന്താണെന്ന് തിരിച്ചറിഞ്ഞ് നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ മനുഷ്യൻ സ്നേഹിക്കുക – അതു മാത്രമാണ് മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു, തിബര്യാസ് കടലരികിൽ പത്രോസിനും മറ്റു ശിഷ്യൻമാർക്കും വേണ്ടി പ്രാതൽ ഒരുക്കി. അവർ പഴയ വലയും പടകുമെടുത്ത് പഴയ തൊഴിലിലേക്ക് തിരികെ പോയത് കരഞ്ഞുകൊണ്ട് ക്രിസ്തു കണ്ടു. അവരെ തേടി കടലരികിൽ ചെന്ന് ഏറെ നേരം അവരെ നോക്കിനിന്നു. അവർ ഒന്നും പിടിച്ചില്ല, അവരുടെ പ്രയത്നം നിഷ്ഫലമെന്ന് കണ്ടപ്പോൾ ക്രിസ്തു അവരെ വിളിച്ചു.

"കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?" യോഹ. 21 : 5

അവർക്കുവേണ്ടി അവൻ പ്രാതൽ ഒരുക്കി. തന്നെ വിട്ട്

പഴയ ജീവിതത്തിലേക്ക് പിന്തിരിഞ്ഞു പോയവർക്കുവേണ്ടി അവൻ പ്രാതൽ ഒരുക്കി. അവർ പ്രാതൽ കഴിച്ചതിനുശേഷം ശീമോൻ പത്രോസിനെ വിളിച്ച് മാറ്റി നിറുത്തി ചോദിച്ചു :

> "യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" യോഹ 21 : 15

മൂന്നു പ്രാവശ്യം ഇതേ ചോദ്യം കർത്താവ് ചോദിച്ചു. "ഉവ്വ്, കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ." എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ച ക്രിസ്തു നിനക്ക് എന്നോട് പ്രിയമുണ്ടോ എന്ന് ചോദിക്കുന്നു. സ്നേഹം Agappe ആണ്. ദൈവികസ്നേഹമാണ്. പ്രിയം എന്നത് മാനുഷിക സ്നേഹം ആണ് – Phileo. "എന്റെ കുഞ്ഞാടുകളെ മേയ്ക്ക". "എന്റെ ആടുകളെ പാലിക്ക", "എന്റെ ആടുകളെ മേയ്ക്ക"– എന്നിങ്ങനെ സ്നേഹം ഏറ്റു പറഞ്ഞ ശീമോനെ ആടുകളെ മേയ്ക്കാനുള്ള അധികാരം കർത്താവ് ഭരമേല്പിച്ചു.

സ്നേഹിക്കുന്നവനു മാത്രമേ ആടുകളെ പാലിക്കാനുള്ള യോഗ്യതയുള്ളൂ. ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ മാത്രമാണ് ആടുകളെ പാലിക്കേണ്ടത്.

> "അധികം ഇളച്ചു കിട്ടിയവൻ അധികം സ്നേഹിക്കും." ലൂക്കോസ് 7 : 42

എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങൾ കർത്താവ് ക്ഷമിച്ചു തന്നു എന്ന വിശ്വാസം ഉണ്ടോ? എങ്കിൽ നീ യേശുവിനെ ഉള്ളഴിഞ്ഞ് സ്നേഹിച്ചുപോകും.

സ്നേഹം കണക്കു നോക്കുന്നില്ല. നാം സ്നേഹിക്കുന്ന ആൾക്ക് എത്ര സ്നേഹം കൊടുത്താലും നമുക്ക് മതിയാ

കുകയില്ലല്ലൊ. ക്രിസ്തുവിനെ സ്നേഹിച്ചാൽ കണക്കു നോക്കാതെ നാം അവനുവേണ്ടി ചെലവഴിച്ചുപോകും.

മത്തായി 26-ന്റെ 6 മുതലും മർക്കോസ് 14-ന്റെ 3 മുതലും യോഹന്നാൻ 12-ന്റെ 1 മുതലും കാണുന്ന ഒരു സംഭവമുണ്ട്. ബേഥാന്യയിലെ മറിയാം ക്രിസ്തുവിന്റെ പാദത്തിൽ വിലയേറിയ പരിമളതൈലം പൂശി. ശിഷ്യൻമാർ അതിൽ നീരസപ്പെട്ടു : "ഈ വെറും ചെലവെന്തിന്?" എന്ന് മുഷിഞ്ഞു പറഞ്ഞു. ക്രിസ്തു പറഞ്ഞു : "അവൾ തന്നാൽ ആവതു ചെയ്തു." മാർക്കോസ് 14 : 8. "അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്." മത്തായി 26 : 10, മർക്കോസ് 14 : 6

സ്നേഹത്തിന്റെ പ്രവൃത്തി മറ്റുള്ളവർക്ക് ആനന്ദം പകരും. സ്നേഹത്തിന്റെ പരിമളം അന്തരീക്ഷത്തെ സുരഭിലമാക്കും. "തൈലത്തിന്റെ സൗരഭ്യംകൊണ്ട് വീട് നിറഞ്ഞു." യോഹ. 12 : 3

ക്രിസ്തുവിനെ ഒരാൾ സ്നേഹിക്കുന്നുണ്ടോ എന്ന് എങ്ങനെ അറിയാം.?

ഒന്ന് : "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും." യോഹ. 14 : 15

രണ്ട് : "എന്റെ കല്പനകൾ ലഭിച്ച് പ്രമാണിക്കുന്നവർ എന്നെ സ്നേഹിക്കുന്നവനാകുന്നു.'' യോഹ. 14 : 21 എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും." യോഹ. 14 : 21

മൂന്ന് : "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും. എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണി ക്കുന്നില്ല." യോഹ. 14 : 23 - 24

നാല് : "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാ ണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതു പോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണി ച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും." യോഹ 15 : 10

സ്നേഹിതാ, നീ ക്രിസ്തുവിനെ സ്നേഹിക്കുന്നുവോ? അവൻ നിന്നെ സ്നേഹിച്ച് സ്വന്തം ജീവൻ നിനക്കുവേണ്ടി കുരിശിൽ അർപ്പിച്ചു. ഒരു പാപവും ചെയ്യാത്തവൻ നിന്റെ പാപത്തിന്റെ ശിക്ഷയേറ്റ് കുരിശിൽ പിടഞ്ഞു മരിച്ചു. നിന്നെ സ്നേഹിച്ച സ്നേഹം തിരിച്ചറിഞ്ഞാൽ നീ അവനെ സ്നേഹി ക്കും.

നിന്റെ അരികത്ത് നില്ക്കുന്ന ക്രിസ്തുവിനോട് നീ പറയൂ : നാഥാ, ഇന്നുവരെ ഞാൻ ലോകത്തെ സ്നേഹിച്ചു; പാപത്തെ സ്നേഹിച്ചു. ഇന്നു മുതൽ നിന്നെ സ്നേഹിച്ച് ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം : കർത്താവേ, ശാപത്തിൽനിന്ന് മോചനം തരുന്ന ദൈവസ്നേഹത്തിനായി സ്തോത്രം. പാപത്തെ വെറുത്തും നിന്നെ സ്നേഹിച്ചും ഒരു പുതിയ ജീവിതം നയിപ്പാൻ എനിക്കുഭാഗ്യം തരണമേ.

# അഞ്ച്

"ഇതാ ഞാനിന്ന് അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു."

ആവർത്തനം 11 : 26

"ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു."

ആവ. 30 : 19

ശാപത്തിനുള്ള കാരണങ്ങളിൽ ചിലതിനെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചുവല്ലൊ.

ഒന്ന്, പാപം ചെയ്യുന്നവർ ശപിക്കപ്പെട്ടവൻ.

രണ്ട്, കർത്താവിനെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവൻ.

മൂന്ന്, ദൈവജനത്തെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

"നിന്നെ ശപിക്കുന്നവനെല്ലാം ശപിക്കപ്പെട്ടവൻ."

ഉല്പത്തി 27:29.

> “നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ, നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ.” സംഖ്യാപുസ്തകം 24 : 9

ദൈവനിർണ്ണയപ്രകാരം യിസ്ഹാക്ക് തന്റെ മകനെ അനുഗ്രഹിക്കയാണ്. “നിന്നെ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ; നിന്നെ ശപിക്കുന്നവനെല്ലാം ശപിക്കപ്പെട്ടവൻ.”

അതു തന്നെയാണ് യിസ്രായേൽ ജനത്തോട് പറയുന്നത്. യിസ്രായേൽ മക്കളെ ശപിക്കുവാൻ മോവാബ് രാജാവായ ബാലാക്ക് ബിലെയാമിനെ കൊണ്ടുവന്നു. ബിലെയാം പറഞ്ഞു :

> “ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ ശപിക്കും? യഹോവ പ്രാകാത്തവനെ ഞാൻ എങ്ങനെ പ്രാകും.” സംഖ്യാപുസ്തകം 23 : 8

തനിച്ചു പാർക്കുന്നോരു ജനമായും ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടാത്തവരായും ദൈവജനത്തെ ബിലെയാം കണ്ടു. “യാക്കോബിൽ തിന്മ കാണ്മാനില്ല; യിസ്രായേലിൽ കഷ്ടത ദർശിപ്പാനുമില്ല; അവന്റെ ദൈവമായ യഹോവ അവനോടു കൂടെ ഇരിക്കുന്നു.” (He has not seen sin in Jacob. He will not trouble Israel. Jehovah, their God is with them) - സംഖ്യാപുസ്തകം 23:21, എന്നാണ് ബിലെയാം പറയുന്നത്. അതുകൊണ്ട്, യാക്കോബിൻമേൽ ഒരു ശാപവും ആരോപിക്കാൻ സാദ്ധ്യമല്ല എന്ന് തുടർന്ന് പറയുന്നു.

> “ആഭിചാരം യാക്കോബിന് പറ്റുകയില്ല; ലക്ഷണവിദ്യ യിസ്രായേലിനോട് ഫലിക്കയുമില്ല” (23:23) എന്ന വാക്യം Living Bible - ൽ ഇങ്ങനെ വായിക്കുന്നു :

"No curse can be placed on Jacob; And no magic shall be done against him."

തിന്മയേശാതെ ദൈവജനം നിന്നാൽ ഒരു ശാപവും ഫലിക്കയില്ല. ജീവിതത്തിൽ പാപത്തിന്റെ കണികപോലും വരരുതെന്ന നിർബ്ബന്ധത്തോടെ നില്ക്കുമ്പോൾ അവരെ ദൈവം കാക്കും; ദൈവം പരിപാലിക്കും. അങ്ങനെയുള്ള ദൈവജനത്തിന് ദൈവം നൽകുന്ന വാഗ്ദാനമണ്:

“നിന്നെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ.”

സ്നേഹിതാ, ദൈവത്തിന്റെ ആത്മാവുള്ള ഒരു ദൈവദാസനെ ശപിക്കുകയോ നിന്ദിക്കുകയോ തുച്ഛീകരിക്കുകയോ ചെയ്യരുത്. “നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും” എന്ന് തിരുവെഴുത്ത് പറയുന്നു.

ശൗൽ ദൈവജനത്തെ പിടിച്ചു കെട്ടുവാനുള്ള അധികാര പത്രവുമായി പോകുമ്പോഴാണല്ലോ, കർത്താവ് ശൗലിനെ വിളിച്ചത്. ദമസ്കോസിന്റെ പടിവാതിൽക്കൽ വെച്ച്, നട്ടുച്ച നേരത്ത്, ശൗലിനോട് ക്രിസ്തു അരുളിച്ചെയ്തു:

“ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?” ശൗൽ ക്രിസ്തുവിനെ കണ്ടതായിട്ടോ, ഉപദ്രവിച്ചതായിട്ടോ നാം ഒരിടത്തും കാണുന്നില്ല. പിന്നെ എന്താണ് “നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?” എന്ന് ക്രിസ്തു പറഞ്ഞത് ദൈവമക്കളെ ഉപദ്രവിക്കുന്നത് തന്നെ ഉപദ്രവിക്കുന്നതായിട്ടാണ് കർത്താവ് കാണുന്നത്.

ക്രിസ്തു തന്റെ പരസ്യശുശ്രൂഷാ വേളയിൽ ഒരിക്കൽ തന്റെ ശിഷ്യൻമാരെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു :

“എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ

ഒരുത്തന്ന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്ക ളയുന്നത് അവന്ന് നന്ന്." മത്തായി 18 : 6

"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാ തിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതൻമാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്ന് ഞാൻ നിങ്ങളോടു പറയുന്നു."

മത്തായി 18 : 10 – 11

"നിങ്ങളെ തൊടുന്നവൻ അവന്റെ കണ്മണിയെ തൊടുന്നു" എന്ന് സെഖര്യാവ് 2–ന്റെ 8–ൽ കാണുന്നതിന്റെ അർത്ഥം നിങ്ങളെ ഉപദ്രവിക്കുന്നവൻ ദൈവത്തിന്റെ കണ്ണിൽ തന്റെ കൈവിരൽകൊണ്ടു കുത്തുകയാണ്. (He who harms you, sticks his finger in Jehovahís eyes - Living Bible)

സ്നേഹിതാ, ദൈവം കണ്മണിപോലെ കാത്തു പരിപാലി ക്കുന്ന ദൈവമക്കളെ നീ എന്തിന് വിമർശിച്ച് ശാപഗ്രസ്ത നാകുന്നു? ദൈവജനത്തെ ദ്വേഷിച്ച് എന്തിന് ശാപത്തിന് അടിമയാകുന്നു?

മൂന്ന്, "നിന്നെ ശപിക്കുന്നവനെല്ലാം ശപിക്കപ്പെട്ടവൻ."

നാല്, യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യു ന്നവൻ ശപിക്കപ്പെട്ടവൻ. യിരമ്യാവ് 48:10.

ദൈവം ഭരമേല്പിച്ചിട്ടുള്ള വേല ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി നാം നിർവ്വഹിക്കേണ്ടതാണ്. വിശ്വ സ്തതയോടെ വേല ചെയ്യുന്നവരെയാണ് കർത്താവ് "നല്ല വനും വിശ്വസ്തനുമായ ദാസനേ" എന്ന് അന്ത്യനാളിൽ

വിളിക്കുന്നത്.

അഞ്ച് താലന്ത് ലഭിച്ചവൻ ഉടനെ ചെന്ന് വ്യാപാരം ചെയ്ത് അഞ്ചു കൂടെ സമ്പാദിച്ചു. യജമാനന്റെ സമ്പത്ത് ഓരോരുത്തനും അവനവന്റെ പ്രാപ്തിപോലെ കൊടുത്തു എന്നാണ് നാം വായിക്കുന്നത്. മത്തായി 25 : 14 – 20. രണ്ടു താലന്തു ലഭിച്ചവൻ രണ്ടുകൂടെ നേടി. അവരെക്കുറിച്ച് പറ യുന്നത് ഉടനെ ചെന്ന് വ്യാപാരം ചെയ്തു എന്നാണ്. അവ രോട് യജമാനൻ പറയുന്നത് :

> "നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും. നിന്റെ യജമാ നന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" എന്നാണ് മത്തായി 25 : 23

ഒരു താലന്ത് ലഭിച്ചവൻ നിലത്ത് ഒരു കുഴികുഴിച്ച് യജ മാനന്റെ ദ്രവ്യം മറച്ചുവെച്ചു. അവനെ യജമാനൻ വിളിച്ചത് :

"ദുഷ്ടനും മടിയനും ആയ ദാസനേ" എന്നാണ് – മത്തായി 25 : 26. അവനെ കൊള്ളരുതാത്ത ദാസനെന്നാണ് യജമാനൻ വിളിക്കുന്നത് – മത്തായി 25 : 30

> "കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറ ത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും."
>
> മത്തായി 25 : 30

ദൈവത്തിന്റെ വേലക്കാർ വിശ്വസ്തരായിരിക്കണം. അവർ അലസരായിരിക്കരുത്. അപ്പോസ്തലനായ പൗലോസ് പറ യുന്നു :

“ഗൃഹവിചാരകൻമാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ.”

1 കൊരി. 4 : 2

‘‘വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞു കൊണ്ടിരിപ്പിൻ.” കൊലൊസ്സ്യർ 3 : 17

മോശയെക്കുറിച്ച് നിത്യനായ ദൈവം അരുളിച്ചെയ്യുന്നത്, മോശ വിശ്വസ്തനാണ് എന്നത്രേ.

“എന്റെ ദാസനായ മോശയോ അങ്ങനെയല്ല, അവൻ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു. അവനോട് ഞാൻ അരുളിച്ചെയ്യുന്നത് മറപൊരുളായിട്ടല്ല, അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ; അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും.”

സംഖ്യാപുസ്തകം 12 : 7 – 8

ദാവീദ് ഒരിക്കൽ പ്രാർത്ഥിച്ചു :

‘‘യഹോവേ, രക്ഷിക്കണമേ; ഭക്തൻമാർ ഇല്ലാതെ പോകുന്നു: വിശ്വസ്തൻമാർ മനുഷ്യപുത്രൻമാരിൽ കുറഞ്ഞിരിക്കുന്നു.”

സങ്കീ. 12 : 1

മാന്യ ദൈവപൈതലേ, നീ ദൈവത്തിന്റെ വേല അലസനായിട്ടാണോ ചെയ്യുന്നത്? ഉത്സാഹഭരിതനായി ഊർജ്ജസ്വലതയോടെയാണോ നീ വേല ചെയ്യുന്നത്?

അപ്പോസ്തലനായ പൗലോസ് ദൈവവേലയെക്കുറിച്ച് വ്യക്തമായ കാര്യഗൗരവബോധവും ഉത്തരവാദിത്തബോധവും ഉള്ളവനായിരുന്നു.

> "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ ന്ധിക്കുന്നു." 2 കൊരിന്ത്യർ 5 : 14

> "നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ, കഷ്ടം! ഞാൻ അത് മന:പ്പൂർവ്വം നട ത്തുന്നു എങ്കിൽ എനിക്ക് പ്രതിഫലം ഉണ്ട്."
> 1 കൊരിന്ത്യർ 9 : 16 – 17

> "ഇപ്പോൾ ഇതാ ഞാൻ ആത്മാവിനാൽ ബന്ധി ക്കപ്പെട്ടവനായി യരുശലേമിലേക്ക് പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തി രിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്ക് നേരിടുവാനുള്ളത് ഒന്നും ഞാനറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയ തായി എണ്ണുന്നില്ല, എന്റെ ഓട്ടവും ദൈവകൃപ യുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ട തിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ."
> അപ്പോസ്തലപ്രവൃത്തികൾ 20 : 22 – 24

കർത്താവിന്റെ വേലയെക്കുറിച്ചുള്ള അപ്പോസ്തലന്റെ എരിവും തീക്ഷണതയും നോക്കൂ. സ്നേഹിതാ, താങ്കൾ ദൈവത്തിന്റെ വേലയ്ക്കായി എന്ത് ത്യാഗം സഹിച്ചിട്ടുണ്ട്? സർവ്വാത്മനാ, പൂർണ്ണ ഹൃദയത്തോടെ താങ്കൾ ദൈവശു

ശ്രൂഷ നിർവ്വഹിക്കുന്നുവോ? ക്രിസ്തുവിനോടുള്ള കടപ്പാടാണോ താങ്കളെ ദൈവവേലയ്ക്കു പ്രേരിപ്പിക്കുന്നത്?

"യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുവാൻ ശപിക്കപ്പെട്ടവൻ."

സ്മുന്നാസഭയുടെ ദൂതനുള്ള സന്ദേശത്തിൽ ദൈവാത്മാവ് അരുളിച്ചെയ്യുന്നു :

> "പത്തു ദിവസം നിനക്ക് ഉപദ്രവമുണ്ടാകും; മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും."
>
> വെളിപ്പാട് 2 : 10

ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്ക് തക്കവണ്ണം പ്രതിഫലം നൽകുന്ന ഒരു നല്ല നാളുണ്ട്. അന്ന്, ക്രിസ്തുവിന്റെ കരങ്ങളിൽനിന്ന് സമ്മാനം വാങ്ങാൻ ആർക്ക് സാധിക്കും? വിശ്വസ്തതയോടെ വേല ചെയ്യുന്നവർക്ക് സമ്മാനം ലഭിക്കും.

യെശയ്യാവ് പറയുന്നു :

> "ഇതാ, നിന്റെ രക്ഷ വരുന്നു; കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ട് എന്ന് സീയോൻ പുത്രിയോടു പറവിൻ എന്നിങ്ങനെ യഹോവ ഭൂമിയുടെ അറുതിയോളം ഘോഷിപ്പിച്ചിരിക്കുന്നു." യെശ. 62 : 11

> "ഓരോരത്തന്നു അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്." വെളിപ്പാട് 22 : 12

മാന്യ സഹോദരാ, ശാപഗ്രസ്തനാകാതെ അനുഗ്രഹത്തിന്റെ അവകാശിയാകാൻ നിനക്ക് ആഗ്രഹമുണ്ടോ? ശപിക്കപ്പെട്ടവൻ എന്ന് വിളിക്കപ്പെടാതിരിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?

എങ്കിൽ നമുക്കുവേണ്ടി കുരിശിൽ ശാപഗ്രസ്തനെപ്പോലെ മരിച്ച ക്രിസ്തുവിന്റെ പാദപീഠത്തിലേക്ക് ഓടിയണയുക. ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള വിശുദ്ധീകരണം അനുഭവിക്കുക. ക്രിസ്തുവിനോട് ഉള്ളു തുറന്ന് പറയൂ : നാഥാ, ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും.

# ആറ്

"ഇതാ, ഞാനിന്ന് അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെയ്ക്കുന്നു."

ആവർത്തന പു. 11 : 26

"ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു."

ആവർത്തന പു. 30 : 19

ശാപകരമായ സകല ദോഷങ്ങളിൽനിന്നും രക്ഷപ്പെടണമെന്ന് എല്ലാവരും ആഗ്രഹിക്കും. ശാപത്തിനുള്ള കാരണങ്ങൾ അറിഞ്ഞാലല്ലേ ശാപം ഒഴിവാക്കാൻ കഴിയൂ; ശാപത്തിൽനിന്ന് മോചനം പ്രാപിക്കാൻ കഴിയൂ.

ശാപത്തിനുള്ള കാരണങ്ങളിൽ ചിലത് കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചുവല്ലൊ.

ഒന്ന് : പാപം ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ.

രണ്ട് : കർത്താവിനെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവൻ.

മൂന്ന് : ദൈവജനത്തെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

നാല് : യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ.

അഞ്ച് : അന്യസുവിശേഷം അറിയിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

> "ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന്ന് വിപരീതമായി ഞങ്ങൾ ആകട്ടെ, സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ."
>
> ഗലാത്യർ 1 : 8

> "നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിന് വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ."
>
> ഗലാത്യർ 1 : 9

അപ്പോസ്തലനായ പൗലോസ് ഒന്നാമത്തെയും മൂന്നാമത്തെയും മിഷ്യണറി യാത്രകളിൽ സന്ദർശിച്ച സഭയാണ് ഗലാത്യസഭ. (അപ്പോ. പ്രവൃത്തികൾ 13:51; 14:8,20; 18:23) ഗലാത്യയുടെ തെക്കെഭാഗത്തുള്ള സ്ഥലങ്ങളാണ് ഇക്കോന്യ, ലുസ്ത്ര, ദെർബ്ബ എന്നിവ. രണ്ടാം മിഷ്യണറി യാത്രയിൽ ഗലാത്യയിൽ വചനം പ്രസംഗിക്കുന്നത് പരിശുദ്ധാത്മാവ് തടഞ്ഞു. അപ്പോ. പ്രവൃത്തികൾ 16 : 6

ഗലാത്യസഭ രണ്ടു തലത്തിലുള്ള ഭീഷണി നേരിടുകയുണ്ടായി. ഒന്ന്, ഏതാനും കള്ളസ്സഹോദരൻമാർ അവിടെ നുഴഞ്ഞു കയറി, രക്ഷ എന്നത് കൃപയാൽ മാത്രമല്ല, ചില പ്രവൃത്തികളും ആവശ്യമെന്ന് പഠിപ്പിച്ചു. ഗലാത്യലേഖനം 1

: 6-ലും 3 : 1-ലും കാണുന്ന പ്രാകാരം ഗലാത്യക്രിസ്ത്യാനികൾ ആ ദുരുപദേശത്തിന് ഏതാണ്ട് കീഴടങ്ങാൻ ആരംഭിച്ചിരുന്നു.

രണ്ടാമത്തെ അപകടകരമായ ചിന്താഗതി ന്യായ പ്രമാണ കല്പനകൾ ആചരിക്കുന്നതിൽ കൂടെ മാത്രമേ വിശ്വാസത്തിൽ പക്വതയും ആത്മീയ വളർച്ചയും നേടൂ എന്നതായിരുന്നു.

സെ. പോൾ ഈ ദ്വിവിധ ചിന്താഗതികളെയും ചൂണ്ടിക്കാണിച്ച് അവയുടെ അപകടം മനസ്സിലാക്കിക്കൊടുക്കുകയും കൃപയാലുള്ള രക്ഷയെക്കുറിച്ചും മനുഷ്യനിൽ പരിശുദ്ധാത്മാവ് അധിവസിച്ച് നൽകുന്ന വിശുദ്ധീകരണ പ്രക്രിയയിലൂടെയുള്ള ആത്മനിറവിനെക്കുറിച്ചും വിശദമായി ഗ്രഹിപ്പിക്കുകയും ചെയ്തു.

സത്യവിശ്വാസം കൃപയാലുള്ള രക്ഷയാണ്. രക്ഷ സൗജന്യമായി ദൈവം തരുന്ന കൃപയാണ്. അതിന് മനുഷ്യൻ ഏതെങ്കിലും നിയമങ്ങളോ കല്പനകളോ, അനുഷ്ഠാനങ്ങളോ ആചരിക്കുന്നത് ആവശ്യമില്ല.

പരിശുദ്ധാത്മാവ് മനുഷ്യനിൽ നിവസിച്ച് നിരന്തരം ആന്തരികവിശുദ്ധീകരണം അനുഭവമാക്കിത്തരുന്നു.

> "പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, പുതിയ സൃഷ്ടിയത്രേ കാര്യം." ഗലാത്യർ 6 : 15

ഈ ആശയഗതിക്ക് വിപരീതമായി മറ്റൊരു സുവിശേഷം അറിയിക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്നത്രേ അപ്പോസ്തലൻ പറയുന്നത്.

> "നിങ്ങളെ കലക്കുന്നവൻ ആരായാലും ശിക്ഷാ

വിധി ചുമക്കും.” ഗലാത്യർ 5 : 10

“നിങ്ങളെ കലഹിപ്പിക്കുന്നവർ അംഗച്ഛേദം ചെയ്തുകൊണ്ടാൽ കൊള്ളായിരുന്നു.”
ഗലാത്യർ 5 : 12

ഈ വാക്യങ്ങളിൽ കൂടെ അപ്പോസ്തലൻ കൃപയുടെ സുവിശേഷത്തെ അരക്കിട്ടുറപ്പിക്കുകയാണ് ചെയ്യുന്നത്.

നിർമ്മല സുവിശേഷത്തിന്റെ പരിപാവനത്വം നഷ്ടപ്പെടുത്തുന്ന വിധം സുവിശേഷത്തിൽ കൂട്ടുചേർക്കുന്ന (dilute ചെയ്യുന്ന) അനേകം ഉപദേശങ്ങളുണ്ട്. സുവിശേഷത്തിന്റെ ഛായയിലാണ് ഇവ കാണപ്പെടുന്നത്. Cheap Grace എന്ന് വിളിക്കാവുന്ന ഈ ഉപദേശത്തിന്റെ കെടുതി അപ്പോസ്തലൻ ചൂണ്ടിക്കാണിക്കുന്നു. ഇത്തരത്തിലുള്ള ചിന്താഗതിയെ വേറൊരു സുവിശേഷമെന്നാണ് വിളിക്കുന്നത്.

ജീവന്റെ നിർമ്മല സുവിശേഷത്തിന് വിപരീതമായി മറ്റൊരു സുവിശേഷം അറിയിക്കുന്നവൻ ശപിക്കപ്പെട്ടവർ.

ആറ്, യരീഹോ പട്ടണത്തെ പണിയുവാൻ തുനിയുന്ന മനുഷ്യൻ യഹോവയുടെ മുമ്പാകെ ശപിക്കപ്പെട്ടവൻ. യേശുവ 6 : 26

യിസ്രായേൽ ജനത്തിന്റെ മുന്നേറ്റത്തിന് തടസ്സമായി നിന്ന കോട്ടയാണ് യരീഹോ. കനാനിലേക്കുള്ള പ്രയാണത്തിന് വിലങ്ങുതടിയാണ് യരീഹോ. ശത്രുവിന്റെ ആയുധപ്പുരയാണ് യരീഹോ.

യരീഹോയെ തകർത്തല്ലാതെ പാലും തേനും ഒഴുകുന്ന കനാനിൽ ദൈവജനം എത്തുകയില്ല. അതുകൊണ്ട് യരീഹോ തകർത്തു കൊടുക്കുവാൻ ദൈവം കരമെടുത്തു.

യഹോവയുടെ സൈന്യത്തിന്റെ അധിപതി വാളുയർത്തിപ്പിടിച്ചുകൊണ്ട് മുമ്പേ നടന്നു. അതാരും കാണുന്നില്ല. യോശുവ മാത്രമേ കാണുന്നുള്ളൂ. പെട്ടകം ചുമക്കുന്ന പുരോഹിതൻമാർ പിമ്പേ നടന്നു. അതിന്റെ പിന്നാലെ ജനം നടന്നു. ഏറ്റവും ഒടുവിൽ യോശുവ. യോശുവയുടെ കണ്ണ് യഹോവയുടെ സൈന്യത്തിന്റെ അധിപതിയിലേക്കാണ്.

ഒരു ദിവസം കോട്ടയെ ചുറ്റി നടന്നു. തീർത്തും നിശ്ശബ്ദമായിരുന്നു. രണ്ടാം ദിവസവും അങ്ങനെ തന്നെ. അങ്ങനെ ആറു ദിവസം ചുറ്റി നടന്നു. യരീഹോവിലെ ജനം ദൈവജനത്തെ നോക്കി പരിഹസിച്ചു. ദൈവജനം ഒരക്ഷരം മിണ്ടാതെ, ഒരായുധവും കയ്യിലെടുക്കാതെ, ചുറ്റി നടക്കുകയാണ്. യരീഹോവിലുള്ളവർ മതിലിനു മുകളിൽനിന്ന് നിന്ദിച്ച് ദുഷിച്ചു, കളിയാക്കി.

ഏഴാം ദിവസവും ചുറ്റി നടക്കുകയാണ്. അന്നും കാഴ്ച കണ്ട് യരീഹോ നിവാസികൾ പൊട്ടിച്ചിരിച്ചു. ആറു പ്രാവശ്യം ചുറ്റി. ഏഴാം പ്രാവശ്യം പുരോഹിതൻമാർ കാഹളമൂതി. ജനം ആർപ്പിട്ടു.

എന്തൊരത്ഭുതം! മതിൽ ഇതാ താഴോട്ട്, വീണ്ടും താഴോട്ട്. എല്ലാം നിലംപരിചായി. ദൈവജനം മുന്നോട്ട്.

ഇതുവരെ പരിഹസിച്ചവരോ? പരിഭ്രാന്തരായി തലങ്ങും വിലങ്ങും ഓടുകയാണ്. പട്ടണം മുഴുവൻ ദൈവജനത്തിന്റെ അധീനത്തിലായി.

യോശുവ പറഞ്ഞു :

> "ഈ യരീഹോ പട്ടണത്തെ പണിയുവാൻ തുനിയുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ. അവൻ അതിന്റെ അടിസ്ഥാനമിടുമ്പോൾ അവന്റെ മൂത്ത

> മകൻ നഷ്ടമാകും. അതിന്റെ കതക് തൊടുക്കുമ്പോൾ ഇളയ മകനും നഷ്ടമാകും."
>
> യോശുവ 6 : 26

അത് അപ്രകാരം തന്നെ സംഭവിച്ചു. ബാൽ വിഗ്രഹാരാധിയായ ആഹാബ് രാജാവിന്റെ കാലത്ത് അത് സംഭവിച്ചു :

> "അവന്റെ കാലത്ത് ബേഥേല്യനായ ഹീയേൽ യരീഹോ പണിതു; യഹോവ നൂന്റെ മകനായ യോശുവ മുഖാന്തരം അരുളിച്ചെയ്ത വചനപ്രകാരം അതിന്റെ അടിസ്ഥാനം ഇട്ടപ്പോൾ അവന്ന് അബീറാം എന്ന മൂത്ത മകനും അതിന്റെ പടിവാതിൽ വെച്ചപ്പോൾ ശെഗൂബു എന്ന ഇളയ മകനും നഷ്ടം വന്നു." 1 രാജാക്കൻമാർ 16 : 34

ദൈവകൃപയാൽ ഒരിക്കൽ തകർത്തു കളഞ്ഞ യരീഹോ വീണ്ടും പണിയരുത്. അത് ദോഷമാണ്. അത് ശാപകരമാണ്.

സ്നേഹിതാ, ഒരിക്കൽ നിന്റെ കോപത്തോട് നീ യാത്ര പറഞ്ഞതല്ലേ? ഒരിക്കൽ ചില അരുതാത്ത ബന്ധങ്ങളെ വിട്ടുമാറിയതല്ലേ? ഒരിക്കൽ മദ്യപാനം മുതലായ ചില ദുശ്ശീലങ്ങളെ നീ ഉപേക്ഷിച്ചതല്ലേ? പന്നി കുളിച്ചിട്ട് ചെളിയിലേക്ക് തിരിയുന്നതുപോലെ നീ വീണ്ടും പഴയ പാപത്തിലേക്ക് തിരിഞ്ഞുവോ? നായ് ഛർദ്ദിച്ചിട്ട് തിരിഞ്ഞ് അത് ഭക്ഷിക്കുന്നതുപോലെ ഒരു കാലത്ത് നീ വേണ്ട എന്നു വെച്ച പാപങ്ങളെ വീണ്ടും സ്വീകരിച്ചുവോ? ഇടിച്ചു കളഞ്ഞ മതിലുകളെ പിന്നെയും പണിയുന്നുവോ?

ഗ്രഹിക്കൂ; യരീഹോകോട്ട പിന്നെയും പണിയുന്നവൻ

ശപിക്കപ്പെട്ടവൻ.

ഏഴ്, “മരത്തിൻമേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ട വൻ.” ഗലാത്യർ 3 : 13

ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് വിലയ്ക്കു വാങ്ങുവാൻ ക്രിസ്തു മരത്തിൻമേൽ തൂങ്ങി നമുക്കുവേണ്ടി ശാപമായിത്തീർന്നു.

> “ഒരുത്തൻ മരണയോഗ്യമായ ഒരു പാപം ചെയ്തിട്ട് അവനെ കൊന്ന് ഒരു മരത്തിൽ തൂക്കിയാൽ അവന്റെ ശവം മരത്തിൻമേൽ രാത്രി മുഴുവനും ഇരിക്കരുത്; അന്നു തന്നേ അത് കുഴിച്ചിടേണം. തൂങ്ങിമരിച്ചവൻ ദൈവസന്നിധിയിൽ ശാപ ഗ്രസ്തനാകുന്നു.” ആവർത്തന പു. 21 : 22

മരണയോഗ്യമായ പാപം ചെയ്യുന്നവനാണ് മരത്തിൽ തൂക്കപ്പെടുന്നത്. യേശുക്രിസ്തു മരണയോഗ്യമായ പാപം ചെയ്തവനാണെന്ന് അന്നത്തെ ലോകം വിധിച്ചു. അന്നത്തെ മഹാപുരോഹിതൻമാർ വിധിച്ചു. അന്നത്തെ മതതീക്ഷ്ണതയുള്ള പരീശൻമാർ വിധിച്ചു. അന്നത്തെ വേദശാസ്ത്ര പണ്ഡിതൻമാരായ ശാസ്ത്രിമാർ വിധിച്ചു. അന്നത്തെ പൊതുജനങ്ങൾ വിധിച്ചു.

> “അവൻ മരണയോഗ്യൻ എന്ന് എല്ലാവരും വിധിച്ചു.” മർക്കോസ് 14 : 64

അവൻ എല്ലാവരാലും പരിത്യജിക്കപ്പെട്ടു. സഹതാപം കാണിപ്പാൻ ആരും ഉണ്ടായിരുന്നില്ല. ഒരു കുറേനക്കാരൻ ശീമോൻ മാത്രം. പിന്നെ ഏതാനും സാധുക്കളായ സീയോൻ പുത്രിമാർ. ഒടുവിൽ അനുതപിച്ച കള്ളനും.

അവനോടുള്ള സ്നേഹവും സഹതാപവും ഉറവെടുക്കുന്നത് വാസ്തവത്തിൽ സ്വന്ത പാപത്തെ തിരിച്ചറിഞ്ഞുള്ള അനുതാപത്തിൽനിന്നും പശ്ചാത്താപത്തിൽനിന്നുമാണ്. അവന് ക്രൂശിലെ വേദനയിൽ ആശ്വാസം പകരുന്നത് അനുതപിക്കുന്ന ഘോരപാപിയുടെ പാപബോധവും ഏറ്റുപറച്ചിലുമാണ്.

> "തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുവൻ : നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക എന്ന് പറഞ്ഞ് അവനെ ദുഷിച്ചു. മറ്റവനോ അവനെ ശാസിച്ചു : സമശിക്ഷാവിധിയിൽത്തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നത്; ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല എന്ന് പറഞ്ഞു. പിന്നെ അവൻ : യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളണമേ എന്നു പറഞ്ഞു."
>
> ലൂക്കോസ് 23 : 39 – 43

മാന്യ സ്നേഹിതാ, ക്രിസ്തു നിന്റെ ശാപം മാറ്റാൻ ശാപമേറ്റെടുത്തു എന്ന് നീ വിശ്വസിക്കുന്നുവോ? നിന്റെ ശാപം നീക്കാൻ അവൻ കുരിശിൽ കുറ്റമില്ലാത്ത രക്തം ചിന്തി മരിച്ചു എന്ന് നീ വിശ്വസിക്കുന്നുവോ? യേശുവിന്റെ രക്തം നിന്റെ സകല പാപവും പോക്കി നിന്നെ ശുദ്ധീകരിക്കും എന്ന് നീ വിശ്വസിക്കുന്നുവോ?

മകനേ, പ്രിയ മകളേ, നരകാവകാശിയായ നിന്നെ സ്വർഗ്ഗാവകാശിയാക്കാൻ അവൻ ക്രൂശിൽ നരകവേദന വഹിച്ചു എന്ന് നീ അറിയുന്നുവോ? നിന്റെ ശാപവും പാപവും

മാറ്റാൻ അവൻ അർദ്ധനഗ്നനായി മൂന്നാണികളിൽ തൂങ്ങി, രണ്ടു കള്ളൻമാരുടെ മദ്ധ്യത്തിൽ അവരിലൊരുവനെപ്പോലെ, ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യത്തിൽ, പ്രപഞ്ചത്തിന്റെ മദ്ധ്യത്തിൽ, കാലത്തിന്റെ മദ്ധ്യത്തിൽ, ബി.സി.യ്ക്കും എ. ഡി.യ്ക്കും മദ്ധ്യത്തിൽ, പരിശുദ്ധനായ ദൈവത്തിനും പാപിയായ മനുഷ്യനും മദ്ധ്യത്തിൽ, ശാപഗ്രസ്തനായി കുരിശിലേറി എന്ന് നീ അറിയുന്നുവോ? എങ്കിൽ ഇപ്പോൾ, ഇപ്പോൾത്തന്നേ, ക്രിസ്തുവിനോടു പറയൂ :

"നാഥാ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും."

പ്രാർത്ഥിക്കാം. ജീവനുള്ള ദൈവമേ, സ്വർഗ്ഗീയാലോചനാസഭയിലെ മുദ്രയിട്ട വചനങ്ങൾ തന്നതിനാൽ സ്തോത്രം. അവിടുന്ന് നേരിട്ട് എന്നോട് ഇടപെട്ടതിനാൽ സ്തോത്രം. സകല ശാപവും നീക്കുന്ന അവിടുത്തെ ഏകജാതന്റെ തിരുരക്തത്തിന്റെ ശക്തി അനുഭവമാക്കിയതിനാൽ സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

## ഏഴ്

> "ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതു പോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന്ന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ട് പറയുന്നു."
>
> ഫിലിപ്പിയർ 3 : 18

അപ്പോസ്തലനായ പൗലോസ് കരഞ്ഞുംകൊണ്ട് പറയുകയാണ്. അതിവേദനയോടെയാണ് അപ്പോസ്തലൻ ഇത് പറയുന്നത്. അനേകർ ക്രൂശിന്റെ ശത്രുക്കളായി നടക്കുന്നു എന്നതാണ് അപ്പോസ്തലന് തീവ്രമായ ദു:ഖം ഉളവാക്കുന്നത്.

ഫിലിപ്യസഭ, യൂറോപ്പിലെ ആദ്യത്തെ സഭയാണ്. പൗലോസ് ശ്ലീഹാ യൂറോപ്പിൽ കടന്നുചെന്ന് ആദ്യം തിരുവചനം സംസാരിക്കുന്നത് ഫിലിപ്പിയിലാണ്. അവിടെ അന്ന് വചനം കൈക്കൊണ്ട് ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ച ആദ്യത്തെ വ്യക്തി ലുദിയ ആണ്. ലുദിയ തുയത്തൈര പട്ടണക്കാരത്തിയാണ്. അവൾ തുണിച്ചായം - രക്താംബരം -

ഉണ്ടാക്കി വില്ക്കുന്ന ഒരു കുടിൽ വ്യവസായം കൊണ്ട് ഉപജീവനം നടത്തിയിരുന്നവളാണ്. രക്താംബരം വില്ക്കാനാണ് ഫിലിപ്പിയിലെ ചന്തസ്ഥലത്ത് അവൾ വന്നത്. അവിടെ അപ്പോസ്തലൻ പുഴയോരത്ത് കൂടിയിരുന്ന സ്ത്രീകളോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ലുദിയ വചനം കേട്ടു. പൗലോസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിന് കർത്താവ് അവളുടെ ഹൃദയം തുറന്നു. ലുദിയ യൂറോപ്പിലെ ആദ്യത്തെ ക്രിസ്ത്യാനിയായി.

യൂറോപ്പിലെ ആദ്യത്തെ സഭയായ ഫിലിപ്യസഭയ്ക്ക് അപ്പോസ്തലൻ ലേഖനം എഴുതുന്നത് റോമൻ കാരാഗൃഹത്തിൽ കിടക്കുമ്പോഴാണ്. നീറോ ചക്രവർത്തിയുടെ തടവുപുള്ളിയായി കാരാഗൃഹത്തിൽ കിടക്കുമ്പോൾ അപ്പോസ്തലന് പറയാനുള്ളത് "സന്തോഷിപ്പിൻ" എന്നാണ്. ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യാശയും ക്രിസ്തുവിനോടുള്ള സ്നേഹവും നിറഞ്ഞ് ഉൾതിങ്ങിയ സന്തോഷത്താൽ പൗലോസ് ഫിലിപ്യരെ സന്തോഷിക്കാൻ ആഹ്വാനം ചെയ്യുകയാണ്.

അങ്ങനെ സന്തോഷിപ്പിൻ എന്ന് പറയുമ്പോഴും ഇടയ്ക്ക് അദ്ദേഹം കരയുന്നു. അനേകർ ക്രൂശിന്ന് ശത്രുക്കളായി നടക്കുന്നു എന്ന കാര്യം ഓർക്കുമ്പോഴാണ് അദ്ദേഹം കരയുന്നത്. അനേകർ രക്ഷയുടെ സന്തോഷം അനുഭവിക്കുന്നില്ലല്ലോ എന്നോർത്താണ് കരയുന്നത്. അനേകർ നിത്യനാശത്തിലേക്ക് പോകുന്നല്ലോ എന്നോർത്താണ് കരയുന്നത്. അനേകർ ഈ ലോകത്തുവെച്ചു തന്നെ അനുഭവിക്കാവുന്ന സൗഭാഗ്യം നഷ്ടപ്പെടുത്തുന്നുവല്ലോ എന്നോർത്താണ് കരയുന്നത്.

"ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേ

കർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞുംകൊണ്ട് പറയുന്നു."

ക്രൂശിന്റെ ശത്രു എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്നത് അവർ ദൈവവേലയെ എതിർക്കുന്നവരായിരിക്കും. അവർ ദൈവമക്കളെ ഉപദ്രവിക്കുന്നവരായിരിക്കും എന്നെല്ലാമുള്ള ചിന്തകളാണ്. എന്നാൽ ഇപ്പറഞ്ഞ കാര്യങ്ങളൊന്നുമില്ലെങ്കിൽ പോലും അനേകർ ക്രിസ്തുവിന്റെ ക്രൂശിന്ന് ശത്രുക്കളാണ്.

എങ്ങനെയുള്ളവരാണ് ക്രൂശിന്റെ ശത്രുക്കൾ എന്ന് പൗലോസ് ഇവിടെ സ്പഷ്ടമായി പറയുന്നു :

ഒന്നാമതായി, അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു.

ഫിലിപ്പിയർ 3 : 19

ഭൂമിയിലുള്ള കാര്യങ്ങൾ ചിന്തിക്കുന്നത് പാപമാണോ? പാപമാകണം എന്നില്ല; പാപമാകാം. ഒന്നാം സ്ഥാനം ഭൂമിയിലുള്ള കാര്യങ്ങളുടെ ചിന്തയാണെങ്കിൽ അത് പാപം ആണ്. ഊണരിയും ഉടുതുണിയും നമുക്കാവശ്യമല്ലേ? തീർച്ചയായും അതേ.

> "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്കാവശ്യം എന്ന് അറിയുന്നുവല്ലൊ. മുമ്പെ അവന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും."
>
> മത്തായി 6 : 31 – 33

ഈ ഭൂമിയിലെ നമ്മുടെ ആവശ്യങ്ങൾ മുടങ്ങാൻ ദൈവം ആഗ്രഹിക്കുന്നില്ല. പ്രത്യുത, ഏറ്റവും ഭംഗിയായും ക്ഷേമമായും നാം കഴിയണമെന്നത്രേ നമ്മുടെ സ്വർഗ്ഗീയ പിതാവ്

ആഗ്രഹിക്കുന്നത്.

വെള്ളം നിറഞ്ഞ് ഒഴുകുന്ന ആറ്റിലൂടെ മറുകരയെത്തുവാൻ വള്ളം ആവശ്യമാണ്. വള്ളത്തിന് സഞ്ചരിക്കാൻ വെള്ളം കൂടിയേ കഴിയൂ. എന്നാൽ വള്ളത്തിനുള്ളിൽ വെള്ളം നിറഞ്ഞാലോ? വള്ളം മുങ്ങിപ്പോകും. അക്കരെയെത്തുകയില്ല.

നമുക്കിവിടെ ജീവിക്കാൻ ലോകത്തിലുള്ളത് പലതും ആവശ്യമാണ്. അവയുടെ മീതെ നാം സഞ്ചരിക്കണം. അവ നമ്മുടെ മീതെ കയറി നമ്മെ മുക്കിക്കളയരുത്. അഥവാ, നാം ലോകത്തിന്നടിമയായിപ്പോകരുത്.

നമ്മുടെ ആത്യന്തികലക്ഷ്യം ലോകജീവിതവും ലോകപ്രതാപവും ലോകമാനവും ലോകസുഖങ്ങളുമാകരുത്. അതുകൊണ്ടാണ് തിരുവെഴുത്ത് പറയുന്നത് :

> "ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു. ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു."
>
> യാക്കോബ് 4 : 4

> "ലോകത്തേയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽനിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും

ഇരിക്കുന്നു.” 1 യോഹ. 2 : 15 – 17

ലോകത്തിലെ നമ്മുടെ ഉത്തരവാദിത്തങ്ങളിൽനിന്ന് നാം വിട്ടുനില്ക്കരുത്. അത് പ്രശ്നങ്ങളെയും കടപ്പാടുകളെയും ഒഴിവാക്കുന്ന escapism ആണ്. അതൊരു പാപമാണ്. എന്നാൽ ചുമതലകൾ നമ്മെ ഞെരുക്കുവാനും വിഴുങ്ങുവാനും നാം സമ്മതിക്കരുത് .

സ്വർഗ്ഗരാജ്യത്തെക്കുറിച്ച് കർത്താവ് വിവരിക്കുമ്പോൾ വിതക്കാരന്റെ ഉപമ പറയുന്നുണ്ട്. മുള്ളിന്നിടയിൽ വീണ വിത്തിനെക്കുറിച്ച് പറയുമ്പോൾ നാം ഇങ്ങനെ വായിക്കുന്നു :

> “മുള്ളിന്നിടയിൽ വീണതോ, കേൾക്കുന്നവർ എങ്കിലും പോയി ചിന്തകളാലും ധനത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാത്തവരത്രേ.” ലൂക്കോസ് 8 : 14

> “മുള്ളിന്നിടയിൽ വിതയ്ക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ട് നിഷ്ഫലനായിത്തീരുന്നതാകുന്നു.” മത്തായി 13 : 22

> "The seed among the thorns represents those who listen and believe Godís words but whose faith afterwards is chocked out by worry and riches and the responsibilities and pleasures of life." Luke 8 : 14

“വചനം കേട്ട് ആദ്യം വിശ്വസിക്കുന്നുവെങ്കിലും പിന്നീട് ആകുലങ്ങളും ധനമോഹങ്ങളും ലോകത്തിന്റെ സുഖഭോഗങ്ങളും ഉത്തരവാദിത്തങ്ങളും മൂലം വീർപ്പുമുട്ടി ഞെരുങ്ങിപ്പോകുന്നു.”

ലോകത്തിന്റെ സുഖഭോഗങ്ങളും ധനമോഹവും ചുമതലകളും ദൈവവചനത്തെ ഞെരുക്കുമെന്നാണ് ഈ വേദഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

അപ്പോസ്തലനായ പൗലോസ് പറയുന്നു :

> "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ."
>
> കൊലൊസ്സ്യർ 3 : 1 – 2

നാമിവിടെ അന്യരും പരദേശികളുമാണ്. നമ്മുടെ സ്വന്തദേശം സ്വർഗ്ഗമാണ്. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു. സ്വർഗ്ഗവും നമ്മുടെ അരുമമണവാളനായ ക്രിസ്തുവുമാണ് നമ്മുടെ ഹൃദയത്തിൽ നിറഞ്ഞു നില്ക്കേണ്ടത്.

ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിറഞ്ഞു നിന്നാൽ നമ്മുടെ ഹൃദയത്തിൽ ലോകചിന്തകൾക്ക് വാഴാൻ സാധിക്കുകയില്ല.

നമ്മുടെ കരുണയുള്ള കർത്താവ് പറഞ്ഞില്ലേ?

> "നിങ്ങൾ ലോകക്കാരായിരുന്നു എങ്കിൽ ലോകം തനിക്ക് സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരാകാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്ന് തെരഞ്ഞെടുത്തതു കൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു."
>
> യോഹ. 15 : 19

ഈ ലോകത്തിൽ ജീവിക്കുമ്പോൾ തന്നെ നമ്മുടെ ഹൃദയം

ലോകത്തിൽനിന്ന് വിട്ടകന്നു ജീവിക്കുവാനാണ് കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്.

ക്രൂശിന്റെ ശത്രുക്കൾ എന്ന് അപ്പോസ്തലൻ പറഞ്ഞതു കൊണ്ട് അവരെക്കുറിച്ച് പറയുന്ന ഒന്നാമത്തെ കാര്യം ഭൂമി യിലുള്ളത് ചിന്തിക്കുന്നു എന്നാണ്.

ഭൗതികവാദം അഥവാ materialism എന്നത് ആത്മീയത്തി നെതിരാണ്. ആത്മീയം വാസ്തവത്തിൽ അനുഭവത്തിൽ അധി ഷ്ഠിതമാണ്. അത് മനുഷ്യബുദ്ധിയ്ക്കും യുക്തിചിന്തയ്ക്കും അതീതമാണ്.

ഇന്നത്തെ മനുഷ്യനെ ഗ്രസിക്കുകയും ഹിംസിക്കുകയും ചെയ്യുന്ന ഒരു ഭീകര വിപത്താണ് ഭൗതികവാദം. വസ്തുമ യമായതല്ലാതെ മറ്റൊന്നും സത്യമല്ല; അതെല്ലാം മിഥ്യയാ ണെന്ന് ചിന്തിക്കുന്ന അനേകമാളുകളുണ്ട്. ഭൗതികത്വ ത്തിൽനിന്ന് ഉയർന്ന് ആത്മീയത്വത്തിൽ നമ്മുടെ ഹൃദയം ലയിക്കുവാൻ സാധിച്ചാൽ നാം ആത്മീയരായി.

ലോകത്തിൽ ഒട്ടേറെ ദുരിതങ്ങളും യാതനകളും ക്ലേശ ങ്ങളും പ്രശ്നങ്ങളും ഉണ്ട്. അവ കൊണ്ടുള്ള ആവലാതി കളും ആകുലങ്ങളും കൊണ്ട് നാം ദു:ഖിക്കുകയും കരയു കയും ചെയ്യാറുണ്ട്. ആ ദു:ഖത്തെ ലോകപ്രകാരമുള്ള ദു:ഖമെ ന്നാണ് തിരുവചനം പറയുന്നത്. പൗലോസ് ശ്ലീഹാ കൊരി ന്തിലെ വിശ്വാസികളോട് പറയുന്നു :

> “ഞാൻ ലേഖനത്താൽ നിങ്ങളെ ദു:ഖിപ്പിച്ചു എന്നുവരികിലും ഞാൻ അനുതപിക്കുന്നില്ല; ആ ലേഖനം നിങ്ങളെ കുറയ നേരത്തേയ്ക്കെങ്കിലും ദു:ഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ട് മുമ്പെ അനുതപിച്ചു എങ്കിലും ഇപ്പോൾ ഞാൻ സന്തോ

ഷിക്കുന്നു; നിങ്ങൾ ദു:ഖിച്ചതിനാൽ അല്ല, മാന സാന്തരത്തിനായി ദു:ഖിച്ചതിനാലത്രേ. നിങ്ങൾക്ക് ഞങ്ങളാൽ ഒന്നിലും ചേതം വരാതവണ്ണം ദൈവ ഹിതപ്രകാരമല്ലോ നിങ്ങൾ ദു:ഖിച്ചത്. ദൈവഹി തപ്രകാരമുള്ള ദു:ഖം അനുതാപം വരാത്ത മാന സാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു; ലോക ത്തിന്റെ ദു:ഖമോ മരണത്തെ ഉളവാക്കുന്നു."

2 കൊരിന്ത്യർ 7 : 8 – 10

ലോകത്തിന്റെ ദു:ഖമുണ്ട്, ദൈവഹിതപ്രകാരമുള്ള ദു:ഖമു ണ്ട്. ലോകത്തിന്റെ ദു:ഖം ആത്മീയ മരണം ഉളവാക്കുന്നു. ദൈവഹിതപ്രകാരമുള്ള ദു:ഖമോ മാനസാന്തരത്തെയും തൻമൂലം രക്ഷയെയും ഉളവാക്കുന്നു.

ഈ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നാം നമ്മുടെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുക : അപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും നാം ഈ ഭൂമിയിലു ള്ളത് മാത്രം ചിന്തിക്കുന്നവരായിരുന്നു എന്ന്, ലോകപ്രകാരം ദു:ഖിച്ചവരാണ് എന്ന്, തൻമൂലം നിത്യജീവനിൽനിന്നകന്നവ രായി എന്ന്, നാം ക്രൂശിന്റെ ശത്രുക്കളായി നടന്നവരാണെ ന്ന്.

ഈ സത്യം തിരിച്ചറിഞ്ഞ് നാം ദൈവഹിതപ്രകാരം ദു:ഖിക്കു ന്നവരാകുവാൻ തിരുവെഴുത്ത് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

"അനേകർ ക്രിസ്തുവിന്റെ ക്രൂശിന്ന് ശത്രുക്കളായി നട ക്കുന്നു എന്ന് ഞാനിപ്പോൾ കരഞ്ഞുകൊണ്ട് പറയുന്നു." മാന്യ സ്നേഹിതാ, നിന്റെ ലോകമയത്വം മൂലവും ഭൗതി കത്വം മൂലവും നീ ക്രൂശിന്നു ശത്രുവായി നടന്നു എന്ന് തിരിച്ചറിയുന്നുവോ?

എങ്കിൽ ഈ നിമിഷം മുതൽ ഞാൻ ഉയരത്തിലുള്ളത് ചിന്തിക്കും എന്ന് തീരുമാനിക്കുക. ഈ നിമിഷം മുതൽ ഞാൻ നിത്യജീവന്നു ഒന്നാം സ്ഥാനം നൽകും എന്നു തീരുമാനിക്കുക. ഈ നിമിഷം മുതൽ ഞാൻ എന്റെ പാപത്തെ ഓർത്ത് അനുതപിച്ച് ദു:ഖിക്കുമെന്ന് തീരുമാനിക്കുക. ഈ നിമിഷം മുതൽ ക്രൂശിന്റെ സാക്ഷിയാകും എന്ന് തീരുമാനിക്കുക. ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടവനായി ജീവിക്കും എന്ന് ദൈവത്തോട് ഉടമ്പടി ചെയ്യുക.

നമുക്ക് പ്രാർത്ഥിക്കാം : കർത്താവേ, ലോകത്തിനു മരിച്ചവനായി ജീവിപ്പാൻ തന്ന പ്രബോധനത്തിനായി സ്തോത്രം. ക്രൂശിന്റെ സാക്ഷിയാകാൻ എന്നെ വിളിച്ചതിനായി സ്തോത്രം. ക്രൂശും പേറി ക്രിസ്തുവിന്റെ പിന്നാലെ പോകാൻ ക്ഷണിച്ചതിനായി സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

# എട്ട്

> "ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതു പോലെ, അനേകർ ക്രിസ്തുവിന്റെ ക്രൂശിന്ന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു." ഫിലിപ്യർ 3 : 18 – 19

ക്രൂശിന്റെ ശത്രുക്കളുടെ പ്രത്യേകതകളെന്തെല്ലാം?

ഒന്ന്, അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു.

രണ്ട്, ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു.

ലജ്ജാകരമായത് പാപമാണ്. പാപം ചെയ്യുന്നു എന്നതിൽ ലജ്ജതോന്നാതിരിക്കുന്നു. ഒരു കാലത്ത് പരസ്യമായ പാപങ്ങൾ ചെയ്യുവാൻ മനുഷ്യന് ലജ്ജ തോന്നിയിരുന്നു. ഇന്നോ പാപം ചെയ്യുന്നത് പരിഷ്ക്കാരത്തിന്റെ ഒരു ലക്ഷണമാ

യിട്ടും അഭിമാനമായിട്ടും മനുഷ്യൻ കണക്കാക്കുന്നു.

മദ്യപാനം ലജ്ജാകരമായി കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഒളിച്ചും മറഞ്ഞും മദ്യപിച്ചിരുന്ന ഒരു കാലം. ഇന്ന് മദ്യപാനം ഒരു credit ആയിട്ടും ആധുനിക പരിഷ്കൃത സമൂഹത്തിന്റെ ഒരവിഭാജ്യഘടകമായിട്ടും ആണ് അനേകരും കണക്കാക്കുന്നത്.

കോളേജുകളിലും, ഹൈസ്കൂളുകളിൽപോലും പഠിക്കുന്ന അനേകം യുവാക്കൾ മദ്യപിച്ച് കൂത്താടി, കോമാളിവേഷം ധരിച്ച് നടക്കുന്നതു ഇന്നത്തെ ഫാഷനായി മാറിയിരിക്കുകയാണ്. കഞ്ചാവ്, മയക്കുമരുന്ന് എന്നിവ യുവതലമുറയെ ഗ്രസിച്ചിരിക്കുന്ന ഒരു ഘോര വിപത്താണ്. ഇത് വലിയ അഭിമാനകരമായ നേട്ടമായിട്ടാണ് യുവാക്കൾ കരുതുന്നത്.

ലൈംഗിക അരാജകത്വം ഇന്നത്തെ സമൂഹത്തിന്റെ ഒരു സവിശേഷതയാണ്. ഭാരതം സനാതന മൂല്യങ്ങൾക്ക് വില കല്പിച്ചിരുന്ന സാംസ്ക്കാരിക ഭദ്രതയുള്ള ഒരു നാടായിരുന്നു. ആർഷപാരമ്പര്യം ഭാരതത്തിന്റെ തനതായ സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്നു. ഇന്നാകട്ടെ, കുത്തഴിഞ്ഞ സാൻമാർഗ്ഗിക ജീവിതം, അന്തസ്സാരശൂന്യമായ പെരുമാറ്റങ്ങൾ, സ്ത്രീപീഢനങ്ങൾ മുതലായവ വർദ്ധിച്ചു വരികയാണ്. ലജ്ജയായതിൽ മാനം തോന്നുന്നു എന്ന് തിരുവെഴുത്ത് പറയുന്ന സാംസ്കാരികാധ:പതനം ആധുനിക സമൂഹത്തെ ഗ്രസിച്ചിരിക്കുകയാണ്.

പാശ്ചാത്യ ജീവിതശൈലി ഭാരത സംസ്കാരത്തെ ഒട്ടേറെ സ്വാധീനം ചെയ്തിട്ടുണ്ട്. തൻമൂലം മാതാപിതാക്കളെ ആദരിക്കുക, അനുസരിക്കുക, കീഴ്പെടുക മുതലായ കാര്യങ്ങളിൽ അവഗണിക്കാനാവാത്ത പോരായ്മകൾ ഇന്നത്തെ യുവതലമുറയെ സ്വാധീനിച്ചിട്ടുണ്ട്. ദൈവം ഇല്ല എന്ന് പറയുക,

ദൈവദൂഷണം പറയുക, തിരുവചനത്തെ മാനിക്കാതിരിക്കുക, വചനത്തെ പുച്ഛിക്കുക, എന്തിനെയും ചോദ്യം ചെയ്യുക മുതലായ ദുഷ്പ്രവണതകൾ കോട്ടമല്ല നേട്ടമാണ് എന്ന ധാരണയോടെയാണ് യുവജനങ്ങൾ ജീവിക്കുന്നത്.

ലജ്ജയായതിൽ മാനം തോന്നുന്നു. ഇന്നത്തെ വേഷവിധാനങ്ങൾ തന്നെ ഉദാഹരണം. ശരീരഭാഗങ്ങളെ മറയ്ക്കേണ്ടതിനുപകരം പ്രദർശിപ്പിക്കുന്ന വിധത്തിലുള്ള വസ്ത്രധാരണരീതി ലജ്ജാകരമെന്ന് പലർക്കും തോന്നുന്നില്ല.

മുപ്പത്തിയൊന്ന് വർഷം അദ്ധ്യാപകനായും തുടർന്ന് രണ്ടു വർഷം പ്രിൻസിപ്പലായും കോളേജിൽ ജോലിചെയ്ത എനിക്ക് അനേകായിരം യുവാക്കളുമായി അടുത്തിടപഴകേണ്ടി വന്നിട്ടുണ്ട്. യുവാക്കളിൽ വേലിയേറ്റം കൊണ്ട് അവരെ ഗ്രസിക്കുന്ന അനേകം ദുഷ്പ്രവണതകളെയും അവ ലജ്ജാകരമെന്ന് തിരിച്ചറിയാൻ പറ്റാത്തവിധം സമൂഹത്തിന്റെ മേൽ വന്ന ദുസ്സ്വാധീനത്തെയും ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്.

സ്നേഹിതാ, ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിന്നെത്തന്നെ ഒന്ന് തിരിഞ്ഞു നോക്കുമോ? ലജ്ജയായതിൽ മാനം തോന്നുന്ന എന്തെങ്കിലും നിന്നിൽ ഉണ്ടോ? എങ്കിൽ ഈ നിമിഷം തന്നെ അത് ഉപേക്ഷിക്കൂ. ക്രൂശിന്റെ ശത്രുവായി നടക്കരുതേ. ഇനിയുള്ള ആയുഷ്ക്കാലം ക്രൂശിന്റെ സാക്ഷിയായി ജീവിക്കുക.

മൂന്നാമതായി, ക്രൂശിന്റെ ശത്രുക്കളുടെ പ്രത്യേകത "അവരുടെ ദൈവം വയറ്" എന്നതത്രേ. "ഭക്ഷണമേ ശരണം" എന്ന ചിന്താഗതിയോടെ ജീവിക്കുന്നവരല്ലേ ബഹുഭൂരിപക്ഷം ആളുകളും? 'ഭക്ഷിക്കാൻവേണ്ടി ജീവിക്കുന്നു' എന്ന് പറയത്തക്കവണ്ണം നമ്മുടെ ജീവിതത്തിന്റെ ലാക്ക് ഇന്ന് തെറ്റിക്കിടക്കുകയല്ലേ?

നമ്മുടെ കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തു :

"നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യ പാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ."

ലൂക്കോസ് 21 : 34

ഭക്ഷണം ആവശ്യമാണെങ്കിലും നാം നമ്മുടെ ഭക്ഷണത്തി നടിമയായിപ്പോകരുത്. ഭക്ഷണം നമ്മുടെ ജീവിതത്തിലെ വിഗ്ര ഹമായിപ്പോകരുത്.

പല വീടുകളിലും മക്കളും മാതാപിതാക്കളും ഭാര്യയും ഭർത്താവും തമ്മിലും മറ്റും നീരസവും കലഹവും പിണ ക്കവും ഉണ്ടാകുന്നതിന് കാരണം ഭക്ഷണമാണ്. പലപ്പോഴും ഭക്ഷണമേശ അസ്വസ്ഥതയുടെയും കയ്പിന്റെയും വേദിയാ കാറുണ്ട്.

ക്രീറ്റിലുള്ള ആളുകളുടെ ഭക്ഷണപ്രിയത്തെ സംബന്ധിച്ച് തീത്തോസിനുള്ള ലേഖനത്തിൽ സെ. പോൾ പറയുന്നുണ്ട് :

"ക്രേത്തർ സർവ്വദാ അസത്യവാദികളും ദുഷ്ട ജന്തുക്കളും മടിയൻമാരായ പെരുവയറൻമാരും അത്രേ എന്ന് അവരിൽ ഒരുവൻ, അവരുടെ ഒരു വിദ്വാൻ തന്നേ, പറഞ്ഞിരിക്കുന്നു. ഈ സാക്ഷ്യം നേർ തന്നേ."

തീത്തോസ് 1 : 12

(These men of Crete are all liars; they are like lazy animals; living only to satisfy their stomachs.)

ഏറ്റവും രുചികരമായ ആഹാരം കഴിക്കുന്നതിനുവേണ്ടി മനുഷ്യൻ എത്ര പണമാണ് ചെലവഴിക്കുന്നത്! വിഭവസമൃദ്ധ

മായ മൃഷ്ടാന്ന ഭോജനംകൊണ്ടും സൽക്കാരംകൊണ്ടും സ്വന്തം മഹിമയും സ്ഥാനമാനപ്രൗഢിയും കാണിക്കുവാൻ ബദ്ധപ്പെടുന്ന എത്രയോ ആളുകളുണ്ട്! സദ്യ നടത്തി മുടിഞ്ഞ ആളുകളുണ്ട്. സ്വന്തം പ്രതാപം കാണിക്കാൻ വലിയ സദ്യ കൾ നടത്തി കടഭാരത്തിൽ വീർപ്പുമുട്ടുന്ന ആളുകളുണ്ട്. അവരുടെ ദൈവം വയറ്. ക്രൂശിന്റെ ശത്രുക്കളുടെ പ്രത്യേ കതകൾ :

ഒന്ന് : അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു.

രണ്ട് : ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു.

മൂന്ന് : അവരുടെ ദൈവം വയറ്.

ഈ രീതിയിലുള്ള പ്രത്യേകതകളോടെ ജീവിതത്തിന്റെ ഒരു നല്ല ഭാഗം ക്രൂശിന്ന് ശത്രുവായി ലഭിച്ച ഒരാളാണ് കോലഞ്ചേരി സെ. പീറ്റേഴ്സ് കോളേജിലെ ഓഫീസ് സൂപ്ര ണ്ടായ ശ്രീ. കെ.എ. മത്തായി. ഇന്ന് ക്രൂശിന്റെ സാക്ഷി യായി ഓടി നടന്ന് കർത്താവിന്റെ വേലചെയ്യുന്ന മി. മത്താ യിയുടെ ജീവിതത്തിൽ ക്രിസ്തു വരുത്തിയ രൂപാന്തരത്തെ പ്പറ്റി നമുക്ക് ഒന്ന് ചോദിച്ചറിയാം :

മത്തായിയുടെ പഴയ ജീവിതത്തെ ഒന്ന് വിവരിക്കാമോ?

വളരെ ദരിദ്രമായ ഒരു യാക്കോബായ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. പലപ്പോഴും വീട്ടിൽ പട്ടിണിയായിരുന്നു. ആഹാരത്തിന് കൊതിച്ച ഒരു കാലമായിരുന്നു അത്. ഒട്ടും സമാധാനമില്ലാത്ത ഒരു കുടുംബാന്തരീക്ഷമായിരുന്നു അന്ന ത്തേത്.

അന്ന് പള്ളിയിൽ പോകുകയും സണ്ടേ സ്കൂൾ പഠിക്കു കയും പിന്നീട് സണ്ടേ സ്കൂൾ പഠിപ്പിക്കുകയും ഒക്കെ

ചെയ്തിരുന്നു. പക്ഷേ ഈ ലോകത്തിലെ പണം, ഭക്ഷണം മുതലായ കാര്യങ്ങളെക്കുറിച്ചുള്ള ആവലാതിയും ആകുലവും തന്നെയായിരുന്നു മനസ്സിൽ. ചടങ്ങുപോലെ പ്രാർത്ഥിക്കുകയും പള്ളിയിൽ പോവുകയും ചെയ്തിരുന്നെങ്കിലും യേശു ആരാണെന്നോ ദൈവം മനുഷ്യനിൽ പ്രവർത്തിക്കുന്നതെന്ത് എന്നോ ജീവിതലക്ഷ്യം എന്ത് എന്നോ ചിന്തിക്കാതെ ലോകത്തിനുവേണ്ടി മാത്രം ജീവിച്ചു പോന്നു. നിത്യ ജീവൻ, നിത്യസ്വർഗ്ഗം എന്നൊന്നും ഞാൻ ചിന്തിച്ചിരുന്നില്ല.

പരസ്യമായ മദ്യപാനം, വെറിക്കൂത്ത് മുതലായ വൃത്തിക്കേടുകൾക്ക് ഞാൻ അധികമൊന്നും പോയിട്ടില്ല. എങ്കിലും എന്റെ രഹസ്യ ജീവിതം അശുദ്ധമായിരുന്നു. അഴുക്കായ പല ദുഷ്പരിചയങ്ങളും മ്ലേച്ഛവികാരങ്ങളുംകൊണ്ട് എന്റെ ഹൃദയം വളരെ മലിനമായിരുന്നു. പുറമെ ഞാൻ എല്ലാവരുടെയും മുമ്പിൽ ഒരു മാന്യനും മര്യാദക്കാരനുമായി അറിയപ്പെട്ടിരുന്നു.

പണത്തിനുവേണ്ടിയുള്ള അമിതമായ ആഗ്രഹം, ഭക്ഷണക്കൊതി തുടങ്ങി പാപമെന്ന് പുറമേ പറയാനാവാത്ത അനേകം പാപങ്ങൾക്ക് ഞാനടിമയായിരുന്നു. വീട്, ഭാര്യ, മക്കൾ, പണം, വസ്തുവകകൾ എന്നിങ്ങനെ ഈ ലോകത്തിലെ ജീവിതകാര്യങ്ങൾ മാത്രമായിരുന്നു എന്റെ മനസ്സിൽ. പ്രാർത്ഥിച്ചിരുന്നതുപോലും ഈ കാര്യങ്ങൽക്കുവേണ്ടി മാത്രമായിരുന്നു.

ഈ ജീവിതത്തിൽനിന്ന് ഒരു മാറ്റം ലഭിച്ചതെങ്ങനെയാണ്.?

കോലഞ്ചേരിയിലും പരസരത്തിലും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗങ്ങൾ നടന്നപ്പോൾ ആദ്യ

മാദ്യം ഞനതിൽ സംബന്ധിപ്പാൻ മടിച്ചു നിന്നെങ്കിലും അനേ കരുടെ ജീവിതത്തിൽ മാറ്റം വരുന്നത് കണ്ടപ്പോൾ ഞാനാ യോഗങ്ങളിൽ പോയി വചനം കേട്ടു. ഹൃദയത്തിലെ പാപ ങ്ങൾ വിടണമെന്നും പുറമേ എത്ര മാന്യമായി ജീവിച്ചാലും ഒരു ഫലവുമില്ലെന്നും ദൈവം ഹൃദയത്തെയാണ് നോക്കുന്ന തെന്നും ഞാനവിടെ കേട്ടു. അത് എന്നെ നല്ലതുപോലെ സ്പർശിച്ചു. ഞാനെന്റെ ഹൃദയം കർത്താവിനു കൊടുത്തു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഹൃദയത്തിൽ ആവസിക്കു ന്നതിന്റെ മാധുര്യവും സുഖവും ഞാനനുഭവിച്ചു.

ഇപ്പോഴുള്ള അനുഭവമെന്താണ്?

ഇന്ന് ഞാൻ പൂർണ്ണസന്തുഷ്ടനാണ്. ഇന്ന് എന്റെ വീട്ടിൽ സമാധാനമുണ്ട്. ദാരിദ്ര്യവും ഞെരുക്കവും കർത്താവ് മാറ്റി ത്തന്നു. നിരന്തരം വചനം കേൾക്കുന്നു. ആന്തരിക ശാന്തിയും വിശുദ്ധിയും ദൈവം ദാനമായി നൽകുന്നു. കർത്താവിന്റെ സാക്ഷിയായി നില്ക്കുന്നതിന് ദൈവം മഹാഭാഗ്യം നൽകു ന്നു.

ശ്രീ. മത്തായിയുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ച മഹാത്ഭുതം ഞാൻ നേരിട്ടു കണ്ടതാണ്. കോലഞ്ചേരി കോളേ ജിൽ ഞാൻ പ്രിൻസിപ്പലായിരുന്നപ്പോൾ പ്രിയപ്പെട്ട മത്താ യിയുടെ സത്യസന്ധതയും വിശ്വസ്തതയും കാര്യക്ഷമതയും ഞാൻ എന്നുമെന്നും കണ്ടിട്ടുണ്ട്. ക്രിസ്തു ഒരാളിൽ വസി ച്ചാൽ അവൻ ആത്മീയ രംഗത്തുമാത്രമല്ല, ഭൗതികമായ രംഗങ്ങളിലും മികവേറിയവനാകുമെന്നതിന് പ്രകടമായ ദൃഷ്ടാ ന്തമാണ് ശ്രീ. മത്തായി.

സ്നേഹിതാ, ക്രൂശിന്റെ ശത്രുക്കളായി നടക്കുന്ന ബഹു ഭൂരിപക്ഷത്തിന്റെ നിരയിൽനിന്ന് നീ അതിവേഗം മാറുമോ?

കാരണം അവരുടെ അവസാനം നാശമെന്ന് തിരുവെഴുത്ത് പറയുന്നു.

നാല്, "അവരുടെ അവസാനം നാശം"

അന്തിമഫലം നാശമെന്ന് തിരിച്ചറിയുന്നതാണ് സുബോധം. എന്തെല്ലാം നേടിയാലും നാശമാണ് അന്ത്യമെങ്കിൽ എത്ര ഭയങ്കരം! അതോ ക്രൂശിന്ന് ശത്രുവായി ജീവിച്ച് നാശത്തിലെത്തണമോ, ക്രൂശിന്റെ സാക്ഷിയായി ജീവിച്ച് നിത്യസൗഭാഗ്യത്തിലെത്തണമോ? തീരുമാനിക്കേണ്ടത് ഓരോരുത്തരുമാണ്.

എല്ലാം മാറിമറഞ്ഞുപോകും. എല്ലാം മായയത്രേ. ഇന്ന് കാണുന്നതെല്ലാം നമ്മെ വിട്ടു പോകും. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം!

ക്രൂശിന്റെ സാക്ഷിയാകുക ലോകത്തിൽ നിന്ദയാണ്. ലോകത്തിൽ അപമാനമാണ്. ലോകത്തിൽ ആക്ഷേപമാണ്. പക്ഷേ നിത്യതയിൽ അത് സ്വർഗ്ഗീയ മഹാഭാഗ്യത്തിലെത്തിച്ചേരുന്നതിന് സഹായിക്കും.

മാന്യ സ്നേഹിതാ, നീ ക്രൂശിന്റെ ശത്രുവോ, മിത്രമോ? ക്രൂശിന്റെ ശത്രുവോ, ക്രൂശിന്റെ സാക്ഷിയോ? ഇതുവരെ ക്രൂശിന്റെ ശത്രുവായി ജീവിച്ചുവോ? ഭൂമിയിലുള്ളത് ചിന്തിക്കുന്നു; ലജ്ജയായതിൽ മാനം തോന്നുന്നു. ദൈവം വയറായി ജീവിച്ചു. അന്ത്യം നാശം എന്ന് തിരിച്ചറിഞ്ഞ് ഇപ്പോൾ നീ മനം തിരിയുമോ? ഇന്നു മുതൽ ക്രൂശിൽ നേടിത്തന്ന പാപമോചനവും നിത്യജീവനും അവകാശമാക്കുമോ? ക്രൂശിന്റെ സാക്ഷിയാകുമോ?

എങ്കിൽ നിന്റെ സമീപത്തു നില്ക്കുന്ന ക്രിസ്തുവിന്റെ

ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്റെ ജീവിതം ഭാരമേല്പിക്കുക. ഭാവി ക്രിസ്തുവിനെ ഏല്പിക്കുക. നിനക്കുവേണ്ടി തകർക്കപ്പെട്ട കരങ്ങളത്രേ, ആ കൈകളിൽ നിന്റെ ഭാവി ഭദ്രമായിരിക്കും. ആ കൈകളിൽ നിന്റെ നിത്യത ഭാസുരമായിരിക്കും. ആ കൈകളിൽ നിന്റെ അനന്തര തലമുറ അനുഗ്രഹം പ്രാപിക്കും. പറയൂ : നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക.

നമുക്ക് പ്രാർത്ഥിക്കാം : കരുണയുള്ള നാഥാ, ജീവന്റെ ഉടയവനേ, ഇന്ന് തന്ന ജീവമൊഴികൾക്കായി സ്തോത്രം. ക്രൂശിന്റെ ശത്രുവിനെ ക്രൂശിന്റെ മിത്രമാക്കുന്ന അത്ഭുത സ്നേഹത്തിനായി സ്തോത്രം. അന്ത്യംവരെ ജീവനുള്ള ദൈവത്തിന്റെ സാക്ഷിയായി നില്പാൻ കൃപ തരണമേ.

## ഒൻപത്

"കാണുന്നത് താല്ക്കാലികം, കാണാത്തതോ നിത്യം." 2 കൊരി 4 : 18

ഫ്രാൻസിലെ ചക്രവർത്തി ഒരു വിരുന്നു കഴിച്ചു എന്നൊരു സംഭവം കേട്ടിട്ടുണ്ട്. വിരുന്നിന് സുപ്രസിദ്ധ നിരീശ്വരനും ദാർശനികനുമായ വോൾട്ടയറിനെ ക്ഷണിച്ചിരുന്നു. ദൈവത്തെ നിഷേധിക്കുകയും ദൈവവിശ്വാസത്തെ പരിഹസിക്കുകയും ചെയ്യുന്ന വോൾട്ടയർ പറഞ്ഞു : "എനിക്ക് സ്വർഗ്ഗത്തിൽ ഉള്ള സ്ഥലം ഒരു ഫ്രാങ്കിന് ഞാൻ വില്ക്കാം."

സ്വർഗ്ഗത്തെയും നിത്യതയെയും പുച്ഛിച്ചാണ് വോൾട്ടയർ അത് പറഞ്ഞത്. മനുഷ്യൻ നിത്യസ്വർഗ്ഗത്തിന്റെ അവകാശം പ്രാപിക്കാൻ അവന്റെ ആയുഷ്ക്കാലത്ത് ദൈവപൈതലായി ജീവിക്കണം എന്ന ആത്മീയ കാഴ്ചപ്പാടിനെ ആക്ഷേപസ്വരത്തിൽ വിമർശിക്കുകയായിരുന്നു വോൾട്ടയർ.

വോൾട്ടയർ പറഞ്ഞതു കേട്ടുകൊണ്ട് ഒരു ദൈവഭക്ത

നായ മനുഷ്യൻ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു : "നിങ്ങൾ സ്വർഗ്ഗത്തിലെ സ്ഥലം വില്ക്കുമെന്ന് പറഞ്ഞല്ലൊ. വില്ക്കണമെങ്കിൽ അവകാശിയാണെന്ന് തെളിയിക്കണം. നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ അവകാശിയാണെന്നുള്ളതിന് എന്ത് തെളിവാണുള്ളത്?"

വോൾട്ടയർ ലജ്ജിച്ചുപോയി. ഒന്നും മിണ്ടാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

നിത്യസ്വർഗ്ഗീയാവകാശം ഈ ഭൂമിയിൽവെച്ച് നേടുകയാണ് മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം.

നിത്യതയെന്നൊന്നുണ്ടെന്ന് എങ്ങനെ അറിയാം എന്നാണ് യുക്തി വാദികൾ ചോദിക്കുന്നത്. നേരിട്ട് കണ്ടാൽ വിശ്വാസിക്കാം എന്ന് പറയുന്നവരുണ്ട്.

ഒരു നിരീശ്വരനായ യുവാവ് ദൈവമില്ലെന്ന് തെളിയിക്കാൻ അനേകം കാര്യങ്ങൾ പറഞ്ഞ് തർക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു.

അയാൾ ചോദിച്ചു : "ദൈവം എവിടെ? ദൈവത്തെ എനിക്കൊന്ന് കാണിച്ചു തരൂ."

അവിടെ ഇരുന്നവരിൽ ഒരാൾ അല്പം ശക്തിയോടെ ആ യുവാവിന്റെ പുറത്ത് ഒന്നടിച്ചു. അടികൊണ്ടുള്ള വേദനയേറ്റപ്പോൾ അയാൾ വേദന സഹിക്കാനാകാതെ കരഞ്ഞു.

ഉടനെ ആ യുവാവിനോട് ചോദിച്ചു : "നിങ്ങൾ കരഞ്ഞതെന്തിനാണ്?"

"എനിക്കു വേദനിച്ചതുകൊണ്ട്."

"നിങ്ങളുടെ വേദന ഒന്നു കാണിച്ചു തരൂ. എന്നാൽ

ഞാൻ വിശ്വസിക്കാം, നിങ്ങൾക്ക് വേദനിച്ചു എന്ന്.”

“വേദന കാണിച്ചു തരാൻ സാദ്ധ്യമല്ല; അത് ഒരനുഭവമാണ്.”

“സ്നേഹിതാ, ആത്മീയം ഒരനുഭവമാണ്. ദൈവം ഉണ്ടെന്നുള്ളതിന്റെ തെളിവ് മനുഷ്യന് കിട്ടുന്ന അനുഭവങ്ങളാണ്.”

ദൈവം, നിത്യസ്വർഗ്ഗം, ആത്മീയ സന്തോഷം എന്നിവയെല്ലാം അനുഭവങ്ങളാണ്. ഒരു നിത്യതയുണ്ട്. ഒന്നുകിൽ നിത്യത സ്വർഗ്ഗം. അല്ലെങ്കിൽ നിത്യത നരകം.

സെ. പോൾ പറയുന്നു : “കാണുന്നത് താല്ക്കാലികം; കാണാത്തതോ നിത്യം.” 2 കൊരി. 4 : 18

ഈശാവാസ്യോപനിഷത്തിൽ (1 : 3) പറയുന്നു :

“ശ്രേഷ്ഠമായ മനുഷ്യജന്മം കിട്ടിയിട്ടും ആത്മമോക്ഷത്തിനുവേണ്ടി ശ്രമിക്കാത്ത ജനങ്ങൾ മരണശേഷം അജ്ഞാനമാകുന്ന കൂരിരുട്ടുകൊണ്ട് മൂടപ്പെട്ട അസുരലോകങ്ങളെ പ്രാപിക്കുന്നു.”

“അസുരനാമതേ ലോകം-
അന്ധേനതമസാവൃതം,
താംസ്തേപ്രേത്യാഭിഗച്ഛന്തി-
യേകേചാത്മഹതോജന:”

മാക്സ്മുള്ളർ പറഞ്ഞിട്ടുണ്ട് :

"Even the western interpreters of the Vedas are unanimous in admitting that the Vedic Rishis.....had a firm conviction of after-life."

“വൈദികകാല മഹർഷിമാർക്ക് മരണശേഷമുള്ള നിത്യത

യെക്കുറിച്ച് സുദൃഢമായ ബോദ്ധ്യമുണ്ടായിരുന്നു എന്ന് വേദങ്ങളെ വ്യാഖ്യാനിക്കുന്ന പാശ്ചാത്യപണ്ഡിതൻമാർ പോലും ഏകകണ്ഠമായി അംഗീകരിക്കുന്നുണ്ട്."

നിത്യത എന്നത് ചിന്തകൻമാരെല്ലാം ഒരുപോലെ വിശ്വസിക്കുന്ന ഒരു കാര്യമാണ്. നിത്യതയ്ക്കുവേണ്ടി ഒരുങ്ങാനുള്ള ഏറ്റവും നല്ല അവസരമാണ് ഐഹിക ജീവിതകാലം.

നിത്യമായതെന്തെല്ലാമെന്ന് തിരുവെഴുത്ത് വ്യക്തമായി പറയുന്നുണ്ട്.

ഒന്ന്, നിത്യനായ ദൈവം.

> "പുരാതനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്." ആവർത്തന പു. 33 : 27

> "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന് നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു - ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടുകൂടെയും വസിക്കുന്നു." യെശ. 57 : 15

ദൈവം നിത്യനാണ്. ദൈവം ആദ്യന്തവിഹീനനാണ്. ദൈവം ആദിയില്ലാത്ത ആദിയും അന്തമില്ലാത്ത അന്തവുമാണ്.

ദൈവപുരുഷനായ മോശയുടെ പ്രാർത്ഥനയിൽ നിത്യനായ ദൈവത്തെ സ്തുതിക്കുന്നുണ്ട്.

> "കർത്താവേ, നീ തലമുറ തലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടാ

യതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു." സങ്കീ. 90 : 1 – 2

രണ്ട്, നിത്യജീവൻ.

"ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു." യോഹ. 17 : 3

"ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം - നിത്യജീവൻ തന്നേ." 1 യോഹ. 2 : 25

നിത്യസ്വർഗ്ഗീയ സൗഭാഗ്യമാണ് നിത്യജീവൻ. "ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും അവന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം?" എന്ന് നമ്മുടെ കർത്താവ് പറഞ്ഞപ്പോൾ നിത്യ ജീവൻ പ്രാപിക്കേണ്ടതിന്റെ ഗൗരവവും ആവശ്യകതയുമാണ് സൂചിപ്പിച്ചത്.

നിത്യജീവൻ അർത്ഥമാക്കുന്ന അനേകം പ്രയോഗങ്ങൾ തിരുവചനത്തിലുണ്ട്.

ഒന്ന് : നിത്യരക്ഷ :

"പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു."

എബ്രായർ 5 : 9

രണ്ട് : നിത്യമായ അവകാശം :

"...ആദ്യനിയമത്തിലെ ലംഘനങ്ങളിൽനിന്നുള്ള

വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് നിത്യാവ
കാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭി
ക്കേണ്ടതിന്ന് അവൻ പുതിയ നിയമത്തിന്റെ മദ്ധ്യ
സ്ഥൻ ആകുന്നു.” എബ്രായർ 9 : 15

മൂന്ന് : നിത്യരാജ്യം :

“ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും
ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാ
വുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേ
ക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും.”
2 പത്രോസ് 1 : 11

നിത്യരാജ്യത്തിലെ നിത്യമായ അവകാശമായ നിത്യരക്ഷ അഥവാ നിത്യജീവൻ നാം പ്രാപിപ്പാനാണ് കർത്താവായ യേശുക്രിസ്തു നിത്യസ്വർഗ്ഗം വിട്ട് ഈ ഭൂമിയിലേക്ക് വന്നതും നമ്മുടെ പാപപരിഹാരത്തിനുവേണ്ടി ക്രൂശിൽ മരിച്ചതും.

മൂന്ന്, നിത്യശിക്ഷ.

“പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയു
ന്നവനോ ഒരു നാളും ക്ഷമ കിട്ടാതെ നിത്യശി
ക്ഷയ്ക്ക് യോഗ്യനാകും എന്ന് ഞാൻ സത്യമാ
യിട്ട് നിങ്ങളോട് പറയുന്നു.” മർക്കോസ് 3 : 29

നിത്യരക്ഷ പ്രാപിക്കാനുള്ള രക്ഷാദിവസമാണിന്ന്; സുപ്രസാദകാലമാണിത്. ഈ അനുഗൃഹീത സമയം നാം പ്രയോജനപ്പെടുത്തി നിത്യരക്ഷ പ്രാപിച്ചില്ലെങ്കിൽ നിത്യശിക്ഷയ്ക്ക് നാം അർഹരായിപ്പോകും.

നോഹ പെട്ടകത്തിന്റെ വാതിൽക്കലേക്ക് അനേകരെ ക്ഷണിച്ചു. തുറക്കപ്പെട്ട വാതിലിൽകൂടെ അനേകം ജീവികൾ

അകത്തു കയറി. വരാൻ പോകുന്ന പ്രളയത്തെക്കുറിച്ച് നോഹ ജനത്തിന്ന് മുന്നറിയിപ്പ് കൊടുത്തു. ജനം നോഹ യുടെ വചനം വിശ്വസിച്ചില്ല.

ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാ തവണ്ണം അടയ്ക്കുകയും ചെയ്യുന്ന നിത്യനായ ദൈവത്തിന്റെ കൈ വന്ന് പെട്ടകത്തിന്റെ വാതിൽ അടച്ചു. പിന്നെ ആർക്കും അകത്ത് പ്രവേശിക്കാൻ കഴിഞ്ഞില്ല.

വെള്ളം പൊങ്ങിയപ്പോഴാണ് എല്ലാവരും അമ്പരപ്പിലാ യത്. രക്ഷപ്പെടാൻ ദൈവം കരുതിയ മാർഗ്ഗത്തെ നിരസിച്ചു കളഞ്ഞതോർത്ത് അവർ നിരാശയോടെ നിലവിളിച്ചു. അവ രുടെ വിലാപം ഫലപ്പെട്ടില്ല.

ഇത് നിത്യരക്ഷയുടെ പ്രതീകമാണ്. നിത്യശിക്ഷയ്ക്കുള്ള മറ്റൊരു പദപ്രയോഗമാണ് നിത്യാഗ്നി :

> "സോദോമും ഗോമോരയും ചുറ്റുമുള്ള പട്ടണ ങ്ങളും അവർക്ക് സമമായി ദുർന്നടപ്പ് ആചരിച്ച് അന്യജഡം മോഹിച്ച് നടന്നതിനാൽ നിത്യാഗ്നി യുടെ ശിക്ഷാവിധി സഹിച്ചുകൊണ്ട് ദൃഷ്ടാന്ത മായി കിടക്കുന്നു." യൂദാ : 7

മാന്യ സ്നേഹിതാ, നിത്യാഗ്നിയുടെ ഭയാനകമായ ശിക്ഷ യിൽനിന്ന് നിനക്ക് മോചനം നൽകാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ച് കഠിന ശിക്ഷയേറ്റത്. നിന്റെ ശിക്ഷ ഒഴിവാക്കാൻ ക്രിസ്തു തന്റെ ശരീരത്തിൽ നിനക്കു പകരം ശിക്ഷയേറ്റു.

> "ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല." റോമർ 8 : 1

ക്രിസ്തുവിലായാൽ നിത്യശിക്ഷ ഒഴിവാകും. ഇപ്പോൾ നീ ക്രിസ്തുവിനെ നിന്റെ നാഥനും രക്ഷിതാവുമായി സ്വീകരിക്കുമോ? നിത്യശിക്ഷയുടെ നരകാഗ്നിയിൽനിന്ന് മോചനം പ്രാപിപ്പാൻ ക്രിസ്തുവിന്റെ കുരിശിൻ ചുവട്ടിൽ നീ അഭയം പ്രാപിക്കുമോ?

ഇംഗ്ലണ്ടിലെ രാജാവിന്റെ മുമ്പിൽനിന്ന് തോറ്റോടിയ സ്കോട്ട്ലൻഡ് രാജകുമാരനെക്കുറിച്ച് ഒരു കഥ കേട്ടിട്ടുണ്ട്.

അദ്ദേഹത്തെ പിടികൂടാൻ വേട്ടനായ്ക്കളെ വിട്ടു. പിന്നാലെ പാഞ്ഞു വരുന്ന വേട്ടപ്പട്ടികളെ കണ്ടപ്പോൾ രാജകുമാരൻ നദിയിലെ പെരുവെള്ളത്തിലേക്ക് എടുത്തുചാടി. നീന്തിത്തുടിച്ച് മറുകരയെത്തി ഓടി രക്ഷപ്പെട്ടു.

വെള്ളത്തിന്റെ അടുത്തുവരെ വേട്ടനായ്ക്കൾ മണം പിടിച്ച് എത്തി. വെള്ളത്തിൽ ചാടിയ രാജകുമാരനെ മണം പിടിച്ച് എത്തിപ്പിടിക്കാൻ ആ പട്ടികൾക്ക് സാധിച്ചില്ല. രാജകുമാരൻ വെള്ളത്തിൽ മുങ്ങിയതോടെ മണം പിടിച്ചെത്താൻ പറ്റിയില്ല.

കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ, സ്നേഹിതാ, നീ മുങ്ങിമറയുമെങ്കിൽ ഒരു പൈശാചിക ശക്തിയ്ക്കും നിന്നെ എത്തിപ്പിടിക്കാൻ സാദ്ധ്യമല്ല. നിന്റെ കഴിഞ്ഞകാല ജീവിതത്തിലെ എല്ലാ പാപങ്ങളും ആ തിരുരക്തത്തിൽ മൂടപ്പെട്ടാൽ ഒരു ദുഷ്ടശക്തിയ്ക്കും നിന്റെമേൽ അവകാശം പറയാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് കർത്താവ് അരുളിച്ചെയ്തത് :

> "എന്റെ കൈയിൽനിന്ന് അവയെ പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല."
>
> യോഹ. 10 : 28 - 29

മാന്യ സ്നേഹിതാ, ഇപ്പോൾ തന്നെ നീ ക്രിസ്തുവിന്റെ പാദത്തിൽ നിന്റെ തകർന്ന ജീവിതം സമർപ്പിക്കുമോ? നിന്റെ സകല പാപങ്ങളും തന്റെ പരിശുദ്ധ രക്തത്താൽ കഴുകി നിന്നെ വെടിപ്പാക്കാൻ ക്രിസ്തു ഇതാ നിന്റെ അരികത്തു നില്ക്കുന്നു. നിന്റെ ഹൃദയം തുറന്ന് ക്രിസ്തുവിനോടു നീ പറയൂ :

നാഥാ, ഇന്നുവരെ ഞാൻ നിത്യശിക്ഷയ്ക്ക് യോഗ്യനായി ജീവിച്ചുപോയി. എനിക്ക് നിത്യരക്ഷ തരാൻ നിത്യജീവനായ യേശു ക്രൂശിൽ ജീവൻ അർപ്പിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ എന്നെ തിരുരക്തത്താൽ മുദ്രയിടണമേ. എന്നെ പുതിയ സൃഷ്ടിയാക്കിത്തീർക്കണമേ. ഇന്നു മുതൽ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കുമെന്ന് തിരുമുമ്പാകെ ഞാൻ ഉടമ്പടി ചെയ്യുന്നു. എന്നെ നീ കൈക്കൊള്ളണമേ. അന്ത്യത്തോളം എന്നെ നിലനിറുത്തണമേ.

# പത്ത്

"കാണുന്നത് താല്ക്കാലികം, കാണാത്തതോ നിത്യം." 2 കൊരി. 4 : 18

ഏതാനും കുട്ടികൾ സ്കൂളിൽ പോകുകയായിരുന്നു. ഒരു മനുഷ്യൻ ആ കുട്ടികളോട് ചേർന്നുനടന്നു. അദ്ദേഹം ചോദിച്ചു : "നിങ്ങൾ എവിടെ പോകുന്നു?"

കുട്ടികളിൽ ഒരാൾ പറഞ്ഞു : "ഞങ്ങൾ സ്കൂളിൽ പോകുന്നു."

അദ്ദേഹം ചോദിച്ചു :

ï "നിങ്ങൾ സ്കൂളിൽ പോയിട്ട് എന്തു ചെയ്യുന്നു?"
"ഞങ്ങൾ പഠിക്കുന്നു."

ï "നിങ്ങൾ പഠിച്ചിട്ട് പിന്നെ എന്തു ചെയ്യും?"
"ഞങ്ങൾ ഹൈസ്കൂളിൽ പഠിക്കും."

ï “പിന്നെ എന്തു ചെയ്യും?”
“പിന്നെ കോളേജിൽ ചേർന്ന് പഠിക്കും.”

ï “പഠിത്തമെല്ലാം കഴിഞ്ഞ് പിന്നെ എന്തു ചെയ്യും?”
“പിന്നെ ഒരു നല്ല ജോലി സമ്പാദിക്കും.”

ï “അതിനുശേഷം എന്തു ചെയ്യും?”
“ഒരു നല്ല വീട് വെയ്ക്കും.”

ï “അതിനുശേഷം?”
“ഒരു കല്യാണം കഴിക്കും.”

ï “അതിനുശേഷം?”
“കുടുംബമായി അങ്ങനെ ജീവിക്കും.”

ï “പിന്നെ എന്തു ചെയ്യും?”
“പിന്നെ അങ്ങ് പ്രായമാകും.”

ï “പിന്നെ എന്ത്?”
“പിന്നെ മരിക്കും.”

ï “മരിച്ചതിനുശേഷം എന്ത്?”
“അത്......അത്....പിന്നെ എന്തെന്നറിഞ്ഞുകൂടാ.”

അദ്ദേഹം പറഞ്ഞു-

മക്കളേ, മരണശേഷം ഒരു നിത്യതയുണ്ട്. ആ നിത്യത തീരാത്ത കാലമാണ്. അത് ഒന്നുകിൽ നിത്യസ്വർഗ്ഗസന്തോഷം. അല്ലെങ്കിൽ നിത്യനരകയാതന. എന്റെ നിത്യത ഞാൻ എവിടെയായിരിക്കണമെന്ന് തീരുമാനിക്കുന്നത് ഞാൻ തന്നെയാ

ണ്. തീരുമാനിക്കേണ്ടത് ശരീരത്തിൽ ജീവനുള്ള ഈ ആയു ഷ്ക്കാലത്ത് തന്നെയാണ്. ക്രിസ്തു പറഞ്ഞു :

> "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസി ക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കു വാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."
>
> യോഹ. 3 : 16

അതുകൊണ്ട് മക്കളേ, നിങ്ങൾ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കൂ. നിത്യജീവൻ അവകാശമാ ക്കൂ."

കഴിഞ്ഞ അദ്ധ്യായങ്ങളിൽ നിത്യനായ ദൈവം, നിത്യജീ വൻ, നിത്യനരകം (നിത്യശിക്ഷ) എന്നിവയെക്കുറിച്ച് ചിന്തി ച്ചുവല്ലൊ.

ഒന്ന് : നിത്യനായ ദൈവം
രണ്ട് : നിത്യജീവൻ
മൂന്ന് : നിത്യശിക്ഷ
നാല് : നിത്യന്യായവിധി

> "അതുകൊണ്ട് നിർജ്ജീവ പ്രവൃത്തികളെക്കു റിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാ സം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെ പ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാ വിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവ ചനം വിട്ട് പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമി ക്കുക."
>
> എബ്രായർ 6 : 1 – 2

നിത്യന്യായവിധിയുണ്ട്; നിത്യന്യായാധിപതിയുണ്ട്; നിത്യ

ന്യായാസനമുണ്ട്.

> "ഞാൻ വലിയോരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു..... മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൽ മുമ്പിൽ നില്ക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു, ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്ന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി..... ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."
>
> വെളിപ്പാട് 20 : 11 –15

ഇന്ന് പെട്ടകത്തിന്റെ വാതിൽ തുറന്നിരിക്കുകയാണ്. ഇത് കൃപായുഗമാണ്. പെട്ടകത്തിന്റെ വാതിലടയുന്ന ഒരു സമയം വരും.

ഇന്ന് ക്രിസ്തു കൃപാസനത്തിലിരിക്കുകയാണ്. അനുതപിക്കുന്ന ഏതു പാപിക്കും ഇന്ന് രക്ഷപ്പെടാം. എന്നാൽ ക്രിസ്തു കൃപാസനത്തിൽനിന്ന് മാറി ന്യായാസനത്തിലിരിക്കുന്ന നാളുണ്ട്.

> "യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറകയും ചെയ്യേണ്ടി വരും." ഫിലിപ്പ്യർ 2 : 10 – 11

അഞ്ച്, നിത്യ സുവിശേഷം.

"വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നത് ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ട് അവന്ന് മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്ക്കരിപ്പിൻ എന്ന് അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു." വെളി. 14 : 6 – 7

സുവിശേഷം സദ്വർത്തമാനമാണ്. നിത്യമായ കെടുതി ഒഴിവാക്കിത്തരുന്ന വചനമാണ് സുവിശേഷം. നിലയില്ലാക്കയത്തിൽ വീണുപോയവനെ വലിച്ചെടുക്കുന്ന കരമാണ് സുവിശേഷം. പാപിക്ക് ഒരു രക്ഷകനുണ്ടെന്ന് അനുഭവം നൽകുന്നതാണ് സുവിശേഷം. ഇരുട്ടിൽ തപ്പി നടക്കുന്നവന്ന് വെളിച്ചം നൽകുന്നതാണ് സുവിശേഷം. നൈരാശ്യത്തിൽ തകർന്നുപോയവന് പ്രത്യാശ അരുളുന്നതാണ് സുവിശേഷം. ക്രിസ്തുവാണ് സുവിശേഷം, ക്രിസ്തുവിന്റെ കൃപയുടെ വചനമാണ് സുവിശേഷം, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രകാശനമാണ് സുവിശേഷം.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു :

"എല്ലാറ്റിന്റെയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക; അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലൊ." സഭാപ്രസംഗി 12 : 13 – 14

ദൈവഭയത്തെക്കുറിച്ചുള്ള സദുൽബോധനമാണ് നിത്യസുവിശേഷം. "നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ" എന്ന് നാലാം സങ്കീർത്തനത്തിൽ വായിക്കുന്നത് ദൈവത്തെ ഭയപ്പെട്ട് പാപത്തിൽ നിന്ന് വിട്ടു നില്പിൻ എന്ന ആശയമാണ്. (Stand in awe and sin not. Ps. 4:4.) ദൈവത്തിന് മഹത്വം കൊടുപ്പിൻ, ദൈവത്തെ നമസ്ക്കരിപ്പിൻ, ന്യായവിധിയിൽനിന്ന് ഒഴിവുള്ളവരാകുവിൻ എന്ന് ഉച്ചത്തിൽ പ്രഘോഷിക്കുന്നതാണ് നിത്യസുവിശേഷം.

ആറ്, നിത്യമഹാത്മ്യം.

> "ആരും കടന്നു പോകാതവണ്ണം നീ നിർജ്ജനവും ദ്വേഷവിഷയവും ആയിരുന്നതിന് പകരം ഞാൻ നിന്നെ നിത്യമാഹാത്മ്യവും തലമുറ തലമുറയായുള്ള ആനന്ദവും ആക്കിത്തീർക്കും."
>
> യെശയ്യാ 60 : 15

എന്നെ സ്നേഹിക്കാൻ എനിക്കാരുമില്ല; എന്നെ കരുതാൻ ആരുമില്ല. ഞാൻ ആർക്കും വേണ്ടാത്തതായിപ്പോയല്ലോ എന്നിങ്ങനെ പരിതപിച്ച് നിരാശയിലാണ്ടുപോയ വ്യക്തിക്ക് നിത്യമാഹാത്മ്യം തരാമെന്ന് കർത്താവ് വാഗ്ദാനം ചെയ്യുകയാണ്. തലമുറകൾ, തലമുറകൾ അനുഭവിക്കുന്ന സൗഭാഗ്യവും ആനന്ദവും നൽകും എന്നത്രേ ജീവനുള്ള ദൈവത്തിന്റെ വാഗ്ദത്തം.

> "സാക്ഷ്യം പൊതിഞ്ഞു കെട്ടുക. എന്റെ ശിഷ്യൻമാരുടെ ഇടയിൽ ഉപദേശം മുദ്രയിട്ടു വെയ്ക്കുക."
>
> യെശയ്യാ 8 : 16

ഇതിന്റെ പരിഭാഷ Living Bible - ൽ നാം വായിക്കുമ്പോൾ കുറേക്കൂടി ആശയപുഷ്ടി ബോദ്ധ്യമാകും.

Write down all these things I am going to do, says the Lord, and seal it up for the future. Entrust it to some godly men to pass on down to godly men of future generations."

"ഞാൻ നിവർത്തിക്കാൻ പോകുന്നത് എഴുതി, ഭാവിയ്ക്കു വേണ്ടി മുദ്രയിട്ടു വെയ്ക്കുക എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ഭാവികാല തലമുറയിലെ ദൈവിക മനുഷ്യർക്ക് പകർന്നു കൊടുക്കേണ്ടതിന്ന് ഏതാനും ദൈവീക മനുഷ്യരെ അത് ഭരമേല്പിക്കുക."

നിത്യമാഹാത്മ്യം തലമുറകളിലേക്ക് കൈമാറേണ്ടതാണ്. മനുഷ്യർ വെറുക്കുമ്പോഴും സ്നേഹിക്കുന്ന ഒരു ദൈവമുണ്ട്. മനുഷ്യർ തെറ്റിദ്ധരിക്കുമ്പോഴും ശരിയായി ധരിക്കുന്ന ഒരു ദൈവമുണ്ട്. മനുഷ്യർ ശപിക്കുമ്പോഴും അനുഗ്രഹിക്കുന്ന ഒരു ദൈവമുണ്ട്. മനുഷ്യർ ആഗണ്യമാക്കുമ്പോഴും പരിഗണിക്കുന്ന ഒരു ദൈവമുണ്ട്. മനുഷ്യർ തള്ളിക്കളയുമ്പോഴും കൈക്കൊള്ളുന്ന ഒരു ദൈവമുണ്ട്. ആ ദൈവം തരുന്ന സ്നേഹവും കരുതലുമാണ് നിത്യമാഹാത്മ്യം.

നിത്യമാഹാത്മ്യം തന്നെയാണ് തേജസ്സിന്റെ നിത്യഘനം.

> "നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം. അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു." 2 കൊരി. 4 : 17

"These troubles and sufferings of ours are, after all, quite small and woním last very long. Yet this short time of distress will result in Godís richest blessing upon us for ever and ever." Living Bible.

"ഞങ്ങളുടെ ഈ യാതനകളും കഷ്ടതകളും വളരെ നിസ്സാരമത്രേ. അവ ഏറെക്കാലം നില്ക്കുന്നവയുമല്ല.

എന്നാൽ ദുരിതത്തിന്റെ ഈ അല്പകാലം ദൈവത്തിന്റെ ഏറ്റവും സമൃദ്ധമായ അനുഗ്രഹങ്ങൾ, നിത്യ നിത്യയുഗങ്ങൾ ഞങ്ങളുടെ മേൽ വരുവാൻ മുഖാന്തരമത്രേ.”

കഷ്ടതയുടെ തീച്ചൂളയിൽ കൂടി കടന്നുപോയപ്പോഴും നിത്യതേജസ്സിനെക്കുറിച്ചുള്ള വിശ്വാസവും പ്രത്യാശയും കൈവിടാതെ തളരാതെ നിന്ന ഒരാളാണ് ഫെഡറൽ ബാങ്ക് ഓഫീസർ സ്ഥാനത്തുനിന്ന് വിരമിച്ച് ഇന്ന് സുവിശേഷ വേലയിൽ മുഴുകിയിരിക്കുന്ന എന്റെ പിതൃവ്യപുത്രൻ ശ്രീ. എം.പി. യോഹന്നാൻ. അദ്ദേഹത്തിന്റെ അനുഭവങ്ങൾ നമുക്കിപ്പോൾ കേൾക്കാം :

ചേട്ടന്റെ കഷ്ടതയുടെയും യാതനയുടെയും ചരിത്രം ഒന്നു വിവരിക്കാമോ?

ഞാൻ ആറാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ പഠിത്തം നിറുത്തേണ്ടിവന്ന ഒരാളാണ്. വീട്ടിലെ കൃഷി നടത്താനാളില്ലാത്തതുകൊണ്ട് ഇനി പഠിക്കാൻ പോകണ്ട എന്ന് അപ്പൻ പറഞ്ഞു. ഞാൻ മലയിൽ കന്നുകാലിയെ നോക്കിക്കൊണ്ടിരുന്നപ്പോൾ ഏകനായിരുന്ന് കടുത്ത നിരാശയോടെ കരഞ്ഞിട്ടുണ്ട്. എന്റെ ഭാവി കൂമ്പടഞ്ഞു പോയല്ലോ എന്ന നൈരാശ്യം എന്നെ തളർത്തിയിരുന്നു. എങ്കിലും ഞാൻ പുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്നു.

ഞാൻ പ്രൈവറ്റായി പഠിച്ച് എസ്.എസ്.എൽ.സി. എഴുതാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞപ്പോൾ എന്റെ അപ്പൻ തന്നെ പറഞ്ഞത് “ഉലക്കയ്ക്ക കൂമ്പു വരുമോ” എന്നാണ്. അഹരോന്റെ തളിർത്ത വടിയെപ്പറ്റി വായിച്ചിരുന്നതുകൊണ്ട് ഞാൻ തളർന്നില്ല. ഞാൻ പഠിച്ച്, വളരെ ഉയർന്ന മാർക്കോടുക്കൂടി എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി. തുടർന്ന് ഫെഡറൽ ബാങ്കിൽ ക്ലാർക്കായി എനിക്ക് ജോലി കിട്ടി.

അതിനുശേഷവും പഠനം  തുടർന്നു. പ്രൊമോഷൻ ലഭിച്ചു.

എന്റെ വിവാഹം കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ എന്റെ ഭാര്യ കിണറിൽ വെള്ളം കോരുന്നതിനിടയിൽ ആഴമുള്ള കിണറ്റിൽ വീണു. കിടന്ന കിടപ്പിൽ മാസങ്ങളോളം കിടന്നു. ദു:ഖത്തിന്റെയും ദുരിതത്തിന്റെയും കാലങ്ങളായിരുന്നു അവ. അന്ന് ഞാൻ മാനസാന്തരപ്പെട്ടിരുന്നതുകൊണ്ടാണ് നിരാശ യിലാണ്ട് തകർന്നു പോകാതിരുന്നത്. എന്നും രോഗവും ചികിത്സയുമായി വലയുന്ന എന്റെ ഭാര്യയുടെ യാതനയിൽ ഞാൻ മനസ്സ് മടുക്കാതെ നിന്നത് എന്റെ ഹൃദയത്തിൽ യേശുക്രിസ്തു  ഉണ്ടായിരുന്നതുകൊണ്ടാണ്.

ഈ അടുത്ത  കാലത്തുണ്ടായ വലിയ അത്യാഹിതത്തെ ക്കുറിച്ച് ചേട്ടന്റെ കാഴ്ചപ്പാടെന്താണ്?

എന്റെ നേരെ ഇളയ അനുജൻ മത്തായിയും ഭാര്യയും രണ്ടു മക്കളും വളരെ ആകസ്മികമായി വധിക്കപ്പെട്ട സംഭവം എന്നെ  ഞെട്ടിപ്പിച്ചു. എന്നെ മാത്രമല്ല, ഈ നാട്ടിലെ ഹൃദ യാലുക്കളായ  എല്ലാവരേയും.

ഒരു പ്രഭാതത്തിൽ മത്തായിയും ഭാര്യയും രണ്ടു മക്കളും വീട്ടിൽ മരിച്ചു കിടക്കുന്നു എന്ന വാർത്ത കേട്ട് ഞാൻ അവിടെ പാഞ്ഞെത്തി. ഒരു കുടുംബം മുഴുവൻ തകർന്നു പോയത് എങ്ങനെയെന്ന് ഇന്നും ദുരൂഹമായ വസ്തുത യാണ്. അവരാരും മാനസാന്തരപ്പെട്ടില്ല, ജീവന്റെ വചനം കേൾക്കാൻ പോലും മനസ്സില്ലാത്തവരായിരുന്നു എന്നത് സത്യ മാണ്. എങ്കിലും ഇത്രയും മാരകമായ ഒരത്യാഹിതം സംഭവി ച്ചത് ഇന്നും എന്നെ  ഞടുക്കിക്കൊണ്ടിരിക്കുന്നു.

ഈ യാതനകളിലും കഷ്ടപ്പാടുകളിലും ചേട്ടനെ ധൈര്യ പ്പെടുത്തിയതെന്താണ്?

ഈ ഞൊടിനേരത്തേക്കുള്ള ലഘുകഷ്ടത്തിനൊടുവിൽ തേജസ്സിന്റെ നിത്യഘനം ഉണ്ട് എന്ന പ്രത്യാശയെന്നെ ധൈര്യപ്പെടുത്തി. മത്തായിയും കുടുംബവും ലക്ഷങ്ങൾ സമ്പാദിച്ചു. ഒന്നും അനുഭവിക്കാൻ കഴിഞ്ഞില്ല. എനിക്ക് ഒരിക്കലും ക്ഷയിക്കാത്ത സ്വർഗ്ഗനിക്ഷേപം സൗജന്യമായി ക്രിസ്തുവിന്റെ ക്രൂശിലെ രക്തം നേടിത്തന്നു.

എന്റെ അമ്മ മാനസാന്തരപ്പെട്ടു. നല്ല പ്രത്യാശയോടെ കടന്നു പോയി. എന്റെ ഇളയ അനുജനും കുടുംബവും മാനസാന്തരപ്പെട്ട് ആത്മസമാധാനം അനുഭവിച്ച് ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനോട് ചേർന്നുനില്ക്കുന്നു. എന്റെ മക്കളും ഈ മഹാഭാഗ്യം അനുഭവിക്കുന്നു. കഷ്ടതയുടെ തീച്ചൂളയുടെ നടുവിൽ ഞാൻ ഒരു ഭാഗ്യവാനാണെന്ന് തിരിച്ചറിയുന്നു. നിത്യസ്വർഗ്ഗീയ കനാൻ ആണ് എന്റെ പ്രത്യാശ. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും.

പ്രിയപ്പെട്ട എം.പി. യോഹന്നാൻ ചേട്ടന്റെ ജീവിതത്തിലെ പ്രത്യാശ നമ്മുടെ കൈമുതലാകട്ടെ. നിത്യസ്വർഗ്ഗീയ തീരത്തെക്കുറിച്ചുള്ള പ്രത്യാശ നമ്മെ നയിക്കട്ടെ. ക്രിസ്തുവിന്റെ മുറിവേറ്റ കരങ്ങളിലേക്ക് നമ്മെ ഭരമേല്പിക്കാം. ക്രിസ്തു വാഴുന്ന പുതിയ ജീവിത്തിന് ഈ വാക്കുകളെ വായിക്കുന്ന ഏവർക്കും ഭാഗ്യം ലഭിക്കട്ടെ.

## പതിനൊന്ന്

കാണുന്നത് താല്ക്കാലികം; കാണാത്തതോ നിത്യം. 2 കൊരി. 4 : 18

നിത്യമായ ചിലതെല്ലാം കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചു.

ഒന്ന് : നിത്യനായ ദൈവം.

രണ്ട് : നിത്യജീവൻ, നിത്യരക്ഷ, നിത്യമായ അവകാശം, നിത്യരാജ്യം.

മൂന്ന് : നിത്യശിക്ഷ, നിത്യാഗ്നി.

നാല് : നിത്യന്യായവിധി.

അഞ്ച് : നിത്യസുവിശേഷം.

ആറ് : നിത്യമാഹാത്മ്യം, തേജസ്സിന്റെ നിത്യഘനം.

ഏഴ് : നിത്യനിയമം.

“നിങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്ക് ഒത്ത

വണ്ണം ഓരോ ആട്ടിൻകുട്ടിയെ തെരഞ്ഞെടുത്ത് പെസഹയെ അറുപ്പിൻ. ഈസോപ്പു ചെടിയുടെ ഒരു കെട്ടെടുത്ത് കിണ്ണത്തിലുള്ള രക്തത്തിൽ മുക്കി കിണ്ണത്തിലുള്ള രക്തം കുറുമ്പടിമേലും കട്ടിളക്കാൽ രണ്ടിൻമേലും തേയ്ക്കേണം. പിറ്റെന്നാൾ വെളുക്കുംവരെ നിങ്ങളിൽ ആരും വീട്ടിന്റെ വാതിലിനു പുറത്തിറങ്ങരുത്. യഹോവ മിസ്രയീമ്യരെ ദണ്ഡിപ്പിക്കേണ്ടതിന്ന് കടന്നു വരും. എന്നാൽ കുറുമ്പടിമേലും കട്ടിളക്കാൽ രണ്ടിന്മേലും രക്തം കാണുമ്പോൾ യഹോവ വാതിൽ ഒഴിഞ്ഞു കടന്നു പോകും. നിങ്ങളുടെ വീടുകളിൽ നിങ്ങളെ ദണ്ഡിപ്പിക്കേണ്ടതിന്ന് സംഹാരകൻ വരുവാൻ സമ്മതിക്കുകയില്ല. ഈ കാര്യം നീയും നിന്റെ പുത്രൻമാരും ഒരു നിത്യനിയമമായി ആചരിക്കേണം." പുറപ്പാട് 12 : 21 - 24

"നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്ന് മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്വാൻ തക്കവണ്ണം എല്ലാ നൻമയിലും യഥാസ്ഥാനപ്പെടുത്തി തനിക്ക് പ്രസാദമുള്ളത് യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ. അവന്ന് എന്നേക്കും മഹത്വം. ആമേൻ." എബ്രായർ 13 : 20 - 21

രക്തത്താലുള്ള വീണ്ടെടുപ്പാണ് നിത്യനിയമം. ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം തളിച്ചതിനാലുള്ള വിമോചനമാണ് നിത്യനിയമം. നിത്യശിക്ഷ ഒഴിവാക്കുന്ന തിരുരക്തമാണ് നിത്യനിയമം. പാപിക്ക് രക്ഷയ്ക്കുള്ള സാദ്ധ്യതയാണ്

നിത്യനിയമം. നരകാവകാശിയായ മനുഷ്യനെ സ്വർഗ്ഗാവകാശിയാക്കുന്നതാണ് നിത്യനിയമം. ക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പ് ഏതു മനുഷ്യനും അവകാശമാക്കാമെന്നതാണ് നിത്യനിയമം.

വളരെ ക്രൂരവും രക്തരൂക്ഷിതവുമായ ഒരു യുദ്ധം നടക്കുകയായിരുന്നു. സൈന്യത്തിന്റെ കമാൻഡർ ശപഥം ചെയ്തു. ആ പട്ടണത്തിലെ മുഴുവൻ ജനങ്ങളെയും കൊന്നൊടുക്കുമെന്ന്. രക്തദാഹം പൂണ്ട പടയാളികൾ ആ ശപഥം നിറവേറ്റാൻ നിയോഗിക്കപ്പെട്ടു.

ഒരു കൂട്ടം പടയാളികൾ ഒരു വീട്ടിൽ കടന്നു. അവിടെയുണ്ടായിരുന്ന എല്ലാവരെയും കൊന്നു. ആ വീട്ടിനുള്ളിൽ ആകെ ചോര തളം കെട്ടി. ആ രക്തത്തിൽ ഒരു വസ്ത്രം മുക്കി വാതിലിൽ പതിച്ചു. വാതിലിലാകെ ചോര പതിഞ്ഞു. അകത്തുള്ളവരെ കൊന്നിട്ടിരിക്കുന്നു എന്നതിന്റെ തെളിവായിട്ടാണ് അവർ അപ്രകാരം ചെയ്തത്. പിന്നാലെ വരുന്ന പടയാളികൾ ആ വീട്ടിൽ കടക്കേണ്ട ആവശ്യമില്ല എന്നതിന്റെ തെളിവായിരുന്നു അത്.

ഒരു അഭയാർത്ഥിയായ യുവാവ് ഈ കാഴ്ച കണ്ടു. അവൻ പട്ടണത്തിന്റെ മദ്ധ്യത്തിലുള്ള ഒരു വലിയ വീട്ടിലേക്ക് കുതിച്ചു പാഞ്ഞു. അവന്റെ കുറെ സ്നേഹിതൻമാർ ആ വീട്ടിലുണ്ടായിരുന്നു. അവൻ കണ്ട കാഴ്ച അവരോട് പറഞ്ഞു.

പെട്ടെന്ന് അവർക്കൊരു ബുദ്ധി തോന്നി. പിന്നിലെ തൊഴുത്തിൽ ഒരു ആടുണ്ടായിരുന്നു. അതിനെ ഉടനെ വെട്ടി. അതിന്റെ ചോര കൊണ്ടുവന്ന് വാതിലിലെല്ലായിടത്തും തേച്ചു. അവർ വാതിലടച്ച് വീട്ടിനുള്ളിലിരുന്നു.

അപ്പോഴിതാ, ഒരു പറ്റം പടയാളികൾ അവിടെ പാഞ്ഞെത്തി. രക്തം പുരട്ടിയ വാതിൽ കണ്ടപ്പോൾ അതിനകത്തുള്ളവരെല്ലാം വധിക്കപ്പെട്ടു എന്ന ധാരണയാൽ അവർ അകത്തു കടക്കാതെ അടുത്ത വീട്ടിലേക്ക് പാഞ്ഞു. അങ്ങനെ അകത്തുള്ളവരെല്ലാം രക്ഷപ്പെട്ടു.

ഈ സംഭവം ഒരു വലിയ സത്യം നമ്മെ അറിയിക്കുന്നില്ലേ? ഊനമില്ലാത്ത കുഞ്ഞാട് ക്രിസ്തുവിന്റെ പ്രതീകമാണ്. കുഞ്ഞാടിന്റെ രക്തം വാതിൽപ്പടിമേലും കുറുമ്പടിമേലും തളിച്ചിട്ടുള്ള ഭവനങ്ങളെ സംഹാരദൂതൻ ഒഴിഞ്ഞു പോകും.

സന്ധ്യയ്ക്ക് ഊനമില്ലാത്ത കുഞ്ഞാടിനെ കൊന്ന ഭവനങ്ങളിൽ കുഞ്ഞാടിന്റെ കരച്ചിലുയർന്നു. സന്ധ്യയ്ക്ക് കുഞ്ഞാടിന്റെ കരച്ചിലുയർന്ന ഭവനങ്ങളിൽ അർദ്ധരാത്രിയിൽ കടിഞ്ഞൂൽ സംഹാരത്തിന്റെ പ്രലാപമുയർന്നില്ല. രക്തം തളിക്കാത്ത വാതിലുകൾക്കുള്ളിൽ സംഹാരദൂതൻ കടന്ന് മഹാസംഹാരം നടത്തി. കടിഞ്ഞൂലുകൾ കൊല്ലപ്പെട്ടു.

സ്നേഹിതാ, രണ്ടായിരം വർഷം മുമ്പ്, ഊനമില്ലാത്ത കുഞ്ഞാടായ ക്രിസ്തു ക്രൂശിൽ രക്തം ചിന്തി എന്ന് നീ വിശ്വസിക്കുന്നുവോ? ദുഷ്ടനായ പൈശാചികന്റെ ഭീകരസംഹാരമേല്ക്കാതിരിക്കാൻ ആ തിരുരക്തത്തെ നീ വിശ്വസിച്ച്, ആ കുറ്റമറ്റ രക്തത്തിന്റെ മുദ്ര നീ ഏറ്റുവോ?

ഇക്കഴിഞ്ഞ അനേകം നൂറ്റാണ്ടുകളിൽ എത്രയെത്ര ആളുകൾ യേശു ക്രിസ്തുവിന്റെ ക്രൂശിലെ പരമബലിയിൽ വിശ്വസിച്ച്, ക്രിസ്തുവിനെ സ്വന്തകർത്താവും രക്ഷിതാവുമായി സ്വീകരിച്ച്, മഹാഭാഗ്യം അനുഭവിച്ചു! നരകത്തിന്റെ ഘോര സ്വാധീനത്തിൽനിന്ന് വിമോചനം പ്രാപിച്ച് നിത്യരക്ഷയുടെ സൗഭാഗ്യം കൈമുതലാക്കി!

സ്നേഹിതാ, പ്രിയ സഹോദരീ, നീ ഈ രക്ഷ അനുഭവിച്ചുവോ? ഈ രക്തത്തിന്റെ മുദ്രയും ശക്തിയും നീ അനുഭവിച്ചുവോ? തിരുരക്തത്തിന്റെ പരമശക്തിയാൽ പാപമോചനം നീ അനുഭവിച്ചുവോ? തിരുരക്തത്തിന്റെ ശക്തിയിലുള്ള വിശ്വാസത്താൽ ജയജീവിതം നീ അനുഭവിക്കുന്നുവോ? തിരുരക്തത്തിന്റെ അത്ഭുതശക്തിയാൽ ജീവിതവിശുദ്ധി നീ കൈമുതലാക്കിയോ? തിരുരക്തത്തിന്റെ അഭൗമശക്തിയാൽ പൈശാചികബാധയിൽനിന്ന് നീ മോചനം പ്രാപിച്ചുവോ?

ഏറെക്കാലം സാത്താന്യബാധയിൽ സുബോധം നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന ഒരാളാണ് പിറവത്തിനടുത്ത് ഏഴയ്ക്കരനാട് അമ്പാട്ട്കുന്നത്ത് ഫിലിപ്പ് സാറ്. സാത്താന്യബാധമൂലം സ്ഥിരബുദ്ധി നഷ്ടപ്പെട്ട് വലഞ്ഞിരുന്ന ഫിലിപ്പ് സാറിന് ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ജീവദായകമായ ശക്തിയാൽ സുബോധം തിരിച്ചു കിട്ടിയതിനെക്കുറിച്ച് ഫിലിപ്പ് സാറിന്റെ നാവിൽനിന്ന് നമുക്കിപ്പോൾ കേൾക്കാം :

ഫിലിപ്പ് സാറിന് സുബോധം നഷ്ടപ്പെട്ട് കാലത്തെക്കുറിച്ച് ഇന്നെന്തെല്ലാം ഓർമ്മയുണ്ട്?

ഞാനൊരു പുരാതന യാക്കോബായ കുടുംബത്തിലാണ് ജനിച്ച് വളർന്നത്. വളരെ അടുക്കും ചിട്ടയും ആയുള്ള ജീവിതമായിരുന്നു എന്റേത്. വീട്ടിൽ രണ്ടു നേരവും നമസ്ക്കാരവും പ്രാർത്ഥനയും എല്ലാ ഞായറാഴ്ചയും പള്ളിയാരാധനയും ഒക്കെയായി നല്ല ചിട്ടപ്പെട്ട ജീവിതം.

പക്ഷേ എന്റെ കുടുംബത്തിൽ പലർക്കും മാനസികരോഗമുണ്ടായിരുന്നു. എന്റെ അപ്പന്റെ രണ്ട് സഹോദരിമാർ കുറെക്കാലം മനോരോഗത്തിന് ചികിത്സയിലായിരുന്നു. എന്റെ അമ്മയുടെ അനുജത്തിയ്ക്ക് മനോരോഗമുണ്ടായിരുന്നു.

ഇപ്പോൾതന്നേ എന്റെ കുടുംബങ്ങളിൽ ചിലർക്ക് ഈ രോഗം ഉണ്ട്. എനിക്ക് മാനസികാസ്വാസ്ഥ്യം തുടങ്ങിയത് ഞാൻ ടി.ടി.സി.യ്ക്ക് പഠിച്ചുകൊണ്ടിരുന്നപ്പോഴാണ്. അതിനു പല ചികിത്സകളും ചെയ്തു നോക്കി. തൽക്കാലം രോഗം മാറിയെങ്കിലും അതിന്റെ മാനസികാസ്വാസ്ഥ്യങ്ങളും വിഷാദഭാവവും എന്നെ ബാധിച്ചിരുന്നു. സ്കൂളിൽ ജോലിക്ക് പോകുമ്പോൾ ഈ അസുഖം മൂലം എനിക്ക് പ്രകടമായ പ്രയാസം ഉണ്ടായില്ലെങ്കിലും വളരെ അഴുക്കുള്ള ചിന്തകളും മോഹങ്ങളും ദിവാസ്വപ്നങ്ങളും എന്നെ ഏറെ അലട്ടിയിരുന്നു.

ഈ രോഗം മാറിയതെങ്ങനെയാണ് ഒന്ന് വിവരിച്ച് കേൾപ്പിക്കാമോ?

ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗത്തിന് ഞാൻ മുടങ്ങാതെ വന്നു തുടങ്ങിയത് എന്റെ ജീവിതത്തിന്റെ ഒരു വഴിത്തിരിവായി. ഈ യോഗത്തിലെ പ്രാർത്ഥനയും വചനശുശ്രൂഷയും എന്നെ വളരെയേറെ അനുഗ്രഹിച്ചു.

എന്റെ ജീവിതത്തിലെ രഹസ്യപാപങ്ങളെല്ലാം ഒന്നു തുറന്നു ഏറ്റു പറയാൻ എനിക്കൊരു ഭാഗ്യം ലഭിച്ചു. എന്റെ കുടുംബത്തിൽ തലമുറകളായുള്ള ശാപം മൂലം അടിയ്ക്കടി രോഗവും മരണവും ആപത്തും വാണിരുന്നു എന്ന് എനിക്ക് മനസ്സിലായി. എല്ലാ പാപവും ശാപവും മാറ്റാൻ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്തിന് കഴിയും എന്ന് കേട്ടതോടെ ഞാനതിൽ പൂർണ്ണമായി വിശ്വസിച്ചു. തിരുരക്തം പുരട്ടിയ വാതിലുകൾക്കുള്ളിൽ സംഹാരദൂതൻ കടക്കുകയില്ല എന്നു കേട്ടപ്പോൾ എനിക്ക് വലിയ പ്രത്യാശയുണ്ടായി. എന്റെ ഹൃദയത്തിൽ കർത്താവായ യേശുക്രിസ്തു

വിന്റെ തിരുരക്തം പുരട്ടണമേ എന്ന് ഞാൻ ഉള്ളഴിഞ്ഞ് പ്രാർത്ഥിച്ചു. അതോടെ ഒരത്ഭുതശക്തി എന്റെ ഉള്ളിലേക്ക് കടന്നുവന്നു. അതിനാൽ എന്റെ മനോരോഗം മാറി. അതിനു ശേഷം പൂർണ്ണാരോഗ്യത്തോടെ എത്രയോ വർഷം സ്കൂളിൽ കുട്ടികളെ പഠിപ്പിച്ചു. നല്ല സമാധാനത്തോടെ ഇപ്പോൾ ഞാൻ ജോലിയിൽനിന്ന് വിരമിച്ച് കർത്താവിന്റെ വേലയിൽ പങ്കാളിയായി കഴിയുന്നു.

കൂടാതെ ഞങ്ങളോടൊപ്പം താമസിക്കുന്ന എന്റെ പിതൃസഹോദരിയും Manic depressure psychosis എന്നറിയപ്പെടുന്ന മനോരോഗം മൂലം വലഞ്ഞിരുന്നു. പ്രായാധിക്യമുള്ള ഈ അമ്മായിയുടെ രോഗം ചികിത്സകൊണ്ടൊന്നും മാറുകയില്ലെന്നാണ് ഡോക്ടർ പറഞ്ഞിരുന്നത്. അത്ഭുതമെന്ന് പറയട്ടെ, ക്രിസ്തുവിൻ രക്തത്തിൽ ആശ്രയിച്ച് പ്രാർത്ഥിച്ചപ്പോൾ ചികിത്സ കൂടാതെ തന്നെ പൂർണ്ണ സൗഖ്യം ലഭിച്ചു. ഇപ്പോൾ വർഷങ്ങളായി ശാന്തമായ ജീവിതം നയിക്കുന്നു.

ഈ തിരുരക്തത്തിന്റെ ശക്തിമൂലം ലഭിച്ച അനുഗ്രഹങ്ങൾ എന്തെല്ലാമാണ്?

നിരവധിയാണ്. എനിക്ക് എന്നെത്തന്നെ കാണാനും എന്റെ പാപങ്ങളെ തിരിച്ചറിയാനും പാപങ്ങളെ ഓർത്ത് അനുതപിക്കാനും എന്നും സാധിക്കുന്നു. രഹസ്യത്തിലുള്ള ഹൃദയപാപങ്ങൾ മാറുന്നത് ഒരത്ഭുതാനുഭവമാണ്. ക്രിസ്തു ഒരു യാഥാർത്ഥ്യമായി ഞാൻ അനുഭവിക്കുന്നു. എന്റെ ഭാര്യയും കുഞ്ഞുങ്ങളും വളരെ സന്തോഷമായി കഴിയുന്നു. എന്റെ മനശ്ചാഞ്ചല്ല്യവും ഭീരുത്വവും ഭയവും എല്ലാം നിശ്ശേഷം മാറി. അത് ക്രിസ്തുവിന്റെ രക്തത്തിന്റെ അത്ഭുതശക്തികൊണ്ടാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഈ തിരുരക്തത്തെ എനിക്ക് കാണിച്ചു തന്ന ഈ കൂട്ടായ്മയോടും

എനിക്ക് നന്ദിയുണ്ട്.

ഫിലിപ്പ് സാറിന് സമാധാനം നൽകിയ ക്രിസ്തു. മാന്യ സഹോദരാ, നിനക്കും സമാധാനം തരും. നിന്റെ കുടുംബ ത്തിന്റെ ശാപദോഷങ്ങൾ മാറ്റും. മന്ത്രവാദം മൂലമോ, കൂടോത്രം മൂലമോ, ക്ഷുദ്രപ്രയോഗങ്ങൾ മൂലമോ നിന്റെ മേൽ വന്ന സകല ശാപവും ഈ തിരുരക്തം മാറ്റും.

അപ്പോൾ നീ പാടും :

“എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി,
സംഹാരദൂതനെന്നെ കടന്നു പോയി,
കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ-
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടൊരക്ഷണത്തിൽ.’

നിത്യസീയോൻ പുരിയിലേക്കുള്ള യാത്രക്കാരാണ് നാം. നമ്മുടെ ജീവിതയാത്രയിൽ തകർന്നും തളർന്നും പോകാതെ യാത്ര പൂർത്തീകരിപ്പാൻ നമുക്ക് ബലം തരുന്ന ക്രിസ്തു വിന്റെ രക്തത്തെ നമുക്ക് വിശ്വസിക്കാം.

യോഹന്നാൻ സ്നാപകൻ ചൂണ്ടികാണിച്ചു :

“ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നൊഴി ക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.” യോഹ. 1 : 29

നൂറ്റാണ്ടുകൾക്കു മുമ്പ് മോറിയാദേശത്ത് കാൽവറിക്കുന്നി ലേക്ക് യാഗത്തിനുള്ള വിറകുകെട്ടും ചുമന്നുകൊണ്ട് അബ്രാഹാം പിതാവിന്റെ ഏകജാതനായ യിസ്ഹാക്ക് നടന്നു കയറുകയായിരുന്നു.

“അപ്പാ, വിറകുണ്ട്, കത്തിയുണ്ട്. യാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?”

യിസാഹാക്കിന്റെ ഈ ചോദ്യത്തിനുള്ള മറുപടി യോർദ്ദാൻ ആറ്റിന്റെ തീരത്ത് നൂറ്റാണ്ടുകൾക്കുശേഷം യോഹന്നാൻ സ്നാപകന്റെ നാവിലൂടെ മുഴങ്ങി.

"ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്." യോഹ. 1 : 29 - 36

തന്റെ യാഗത്തിനുള്ള വിറകും ചുമന്നുകൊണ്ട് യിസ്ഹാക്ക് നടന്നു കയറിയ അതേ വഴിയിലൂടെ കാൽവറിക്കുന്നു കയറി നമ്മുടെ കർത്താവായ യേശുക്രിസ്തു. കുരിശുംപേറി യേശു വേച്ചും വീണും എഴുന്നേറ്റും തളർന്നും കിതച്ചും ആ കുന്നു കയറി. അവന്റെ കൈകളും കാലുകളും തുളയ്ക്കപ്പെട്ടു. അവന്റെ ചങ്കിൽ കുന്തംകൊണ്ട് കുത്തേറ്റു. അവന്റെ മുഖത്ത് അവർ തുപ്പി അവന്റെ കവിളത്ത് അവർ അടിച്ചു. അവന്റെ കവിളിൽനിന്ന് രോമങ്ങൾ പിഴുതെടുത്തു. അവന്റെ മുഖം വീർത്തുവീങ്ങി അവന്റെ ശിരസ്സിൽ മുൾമുടി വെച്ചു. കോലു കൊണ്ട് അടിച്ചുചേർത്തു. മുള്ളുകൾ തലയിൽ തറഞ്ഞു കയറി. അവന്റെ പുറം ഉഴവുചാലുപോലെ കീറി. ചോര ചീറിത്തെറിച്ചു.

ആ കുറ്റമില്ലാത്ത രക്തം, മകനേ, പ്രിയമകളേ, നിന്റെ ചങ്കിൽ പുരട്ടുവാനാണ് അവൻ ചിന്തിയത്. നിന്നെ പൈശാചിക വഞ്ചനയിൽനിന്ന് വിടുവിക്കാനാണ് ആ കുറ്റമറ്റ രക്തം ചിന്തിയത്. നിന്നെ സാത്താന്യസംഹാരത്തിൽനിന്ന് രക്ഷിക്കാനാണ് ആ ഊനമില്ലാത്ത കുഞ്ഞാടിന്റെ നിർദ്ദോഷരക്തം ചിന്തിയത്.

ഇത് നീ വിശ്വസിക്കുന്നുവെങ്കിൽ, ഇപ്പോൾത്തന്നേ ആ തിരുരക്തത്തിന്റെ അടയാളം പ്രാപിക്കാം. നീ നിന്റെ അരികത്ത് നില്ക്കുന്ന ക്രിസ്തുവിൻ കരത്തിലേക്ക് നിന്നെ

ഏല്പിച്ചു കൊടുക്കൂ : നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. നിന്റെ തിരുരക്തത്തിന്റെ അടയാളം മാഞ്ഞുപോകാതെ സൂക്ഷ്മതയോടെ ഞാനിന്നു മുതൽ ജീവിക്കും. പ്രാർത്ഥിക്കൂ, ജീവിതം ക്രിസ്തുവിന് കൈമാറൂ. ഭാഗ്യശാലിയാകൂ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| **വെള്ളി** | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| **ശനി** | സൂര്യ ടിവി | : 6.30 AM |
| **ഞായർ** | ജീവൻ ടിവി | : 7.30 AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| **ചൊവ്വ**<br>**ശനി** | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | (same) |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | (same) |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | (same) |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |

Contd...

| | | | |
|---|---|---|---|
| | ● | 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയക്കോട്** |
| | ● | 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● | 6.00PM – 8.30PM | എസ്.സി.എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● | 6.30PM – 8.300PM | കെ.എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| മൂന്നാം ഞായറാഴ്ച | | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● | 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | ● | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **പെരുമ്പാവൂർ** |
| രണ്ടാം ഞായറാഴ്ച | | 6.00 PM – 8.0 PM | വൈ. എം. സി. എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| എല്ലാ ബുധനാഴ്ചയും | | 7.30PM – 8.30PM | ശ്രീ. എൻ.പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ.വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |